# കരയോഗ സൗഹൃദം


സത്യം പരം ധീമഹി — Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം — Pages - 52

വാല്യം - 17 | ലക്കം - 05 | മേടം - 1200 | മെയ് - 2025


100 ERNAKULAM KARAYOGAM CENTENARY 1925-2025



എറണാകുളം കരയോഗത്തിന്റെ ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട്
ടി.ഡി.എം ഹാളിൽ നടന്ന വിവിധ പരിപാടികളിൽ നിന്ന്....





## എഡിറ്റോറിയൽ...

# ഭാരത് മാതാ കീ ജയ്

**ക**ഴിഞ്ഞ ഒരു ദശാബ്ദകാലമായി, അതിന് മുമ്പ് നടന്നിരുന്നതുപോലെ, ഇടയ്ക്കിടെയുള്ള തീവ്രവാദി ആക്രമണങ്ങളിൽ നിന്ന് മുക്തമായി, ശാന്തിയുടെയും സമാധാനത്തിന്റെയും പാതയിലൂടെ സഞ്ചരിച്ച്, സമസ്ത മേഖലകളിലും പുരോഗതി കൈവരിച്ച്, ലോകരാജ്യങ്ങളുടെ മുൻനിരയിലേയ്ക്ക് നാം കുതിച്ചുകൊണ്ടിരുന്ന ഈ വേളയിൽ, മത തീവ്രവാദത്തിന്റെ ഈറ്റില്ലവും പരിപോഷകരും കയറ്റുമതിക്കാരുമായ നമ്മുടെ അയൽരാജ്യമായ പാകിസ്ഥാനിൽ നിന്നുമുള്ള തീവ്രവാദികൾ, ഇക്കഴിഞ്ഞ 22-ാം തീയതി കാശ്മീരിലെ പഹൽഗാമിൽ നിരപരാധികളായ വിനോദസഞ്ചാരികൾക്ക് നേരെ വെടിയതിർത്തു. 26 പേർ മരണമടഞ്ഞു. ഒട്ടേറെ ആളുകൾ ചികിത്സയിലുമാണ്. ലഷ്കറെ തോയ്ബ എന്ന പാക്ഭീകരസംഘടനയിലെ ആറ് ഇസ്ലാമിക തീവ്രവാദികളാണ്, അമേരിക്കൻ നിർമ്മിത തോക്കുകളുമായി, നിരപരാധികളായ നിരായുധരായ സാധാരണ ജനങ്ങൾക്കു നേരെ മനുഷ്യത്വരഹിതമായ, പൈശാചികമായ ആക്രമണം നടത്തിയത്. ഈ ആക്രമണത്തിലെ ഒരു പ്രത്യേകത മതമേതെന്ന് തിരിച്ചറിഞ്ഞ് ഇസ്ലാം മതത്തിൽ പെടാത്തവരെ ക്രൂരമായി കൊല ചെയ്യുകയാണുണ്ടായത്. അതിനുപയോഗിച്ച വഴി അവിടെ ഉണ്ടായിരുന്ന വിനോദസഞ്ചാരികളോട് കലിമ ചൊല്ലാൻ പറയും. അത് മുസ്ളീങ്ങൾക്ക് മാത്രം അറിവുള്ളതാണല്ലോ. അത് ചൊല്ലാത്തവർ അമുസ്ളീങ്ങൾ ആണല്ലോ. അങ്ങനെ അമുസ്ളീങ്ങളെ തിരിച്ചറിഞ്ഞ് നരനായാട്ട് നടത്തുകയായിരുന്ന ഈ ക്രൂരർ. മരിച്ചവരിൽ ഇടപ്പള്ളി സ്വദേശിയായ രാമചന്ദ്രനുമുണ്ടായിരുന്നു. രാമചന്ദ്രന്റെ ഡ്രൈവർ

വാല്യം 17 ✤ ലക്കം - 5 ✤ മെയ് - 2025

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 8 |
| വാസ്തു ശാസ്ത്രം | 9 |
| ക്ഷേത്രങ്ങളിലൂടെ | 11 |
| സുഭാഷിതം | 14 |
| മദ്യവും മയക്കുമരുന്നും | 15 |
| നമഃശിവായ | 19 |
| ഞാൻ കണ്ട സ്വപ്നം | 22 |
| മദ്യത്തിൽ മുങ്ങുന്ന മലയാളി | 23 |
| ഒരു മൂക്കുത്തിയും കുറെ പുരുഷൻമാരും | 25 |
| കേരളത്തിന്റെ ശാക്തേയ പാരമ്പര്യം-13 | 28 |
| കാഴ്ചപ്പാടുകൾ മാറുമ്പോൾ | 33 |
| ജീവിതാനുഭവങ്ങൾ | 35 |
| കൗമാര ചിന്തനം | 39 |
| പശ്ചിഘട്ട മലനിരകളും വയനാട് ദുരന്തവും | 40 |
| ദൃഗ് ദൃശ്യ വിവേകം | 44 |
| അക്ഷരകുലപതിക്ക് പ്രണാമം | 48 |
| മാസഫലം | 49 |
| മാട്രിമോണിയൽ. | 50 |



## പത്രാധിപസമിതി

ആലപ്പാട്ട് മുരളീധരൻ
(മാനേജിംഗ് എഡിറ്റർ)

എം. ശ്രീവല്ലഭൻ നായർ
(എഡിറ്റർ)

പി. രാമചന്ദ്രൻ (വേണു)

കെ.ടി. മോഹനൻ

മുസ്ലീമായതുകൊണ്ട് അദ്ദേഹത്തെ അവർ ഒഴിവാക്കിയെന്നാണ് വാർത്ത.

ഭീകരവാദം ഭീരത്വമാണ്. ആശയപരമായോ, ആയുധത്താലോ നേരിട്ട് ഏറ്റുമുട്ടാൻ കഴിയാത്തവർ, പിറവിയെടുത്ത നാൾ മുതൽ ഇന്ന് വരെയും ഭാരതത്തെ തകർക്കാൻ ഭീകരവാദികൾക്ക് പരിശീലനം നല്കി നമ്മുടെ രാജ്യത്തിലേയ്ക്ക് അവരെ കടത്തിവിട്ട് ഇവിടുത്തെ സമാധാനാന്തരീക്ഷം തകർത്തുകൊണ്ടിരിക്കുന്ന പാകിസ്ഥാൻ എന്ന മതഭീകരരാജ്യത്തെ നിലയ്ക്കു നിർത്തേണ്ടത് നമുക്കിന്നൊരാവശ്യമായി വന്നിരിക്കുന്നു. അല്ല അടിയന്തിരാവശ്യമായിക്കഴിഞ്ഞിരിക്കുന്നു. അറിയാതെ ചെയ്യുന്ന തെറ്റുകൾക്ക് മാപ്പു നല്കാം. എന്നാൽ അറിഞ്ഞുകൊണ്ടുള്ള കുറ്റങ്ങൾക്ക് മാപ്പർഹിക്കുന്നില്ല. പക്ഷെ മതാന്ധതയുടെ തീഷ്ണതയിൽ നിന്ന് രൂപം കൊണ്ട്, മറ്റുള്ള എല്ലാ മതവിഭാഗങ്ങളോടും പ്രത്യേകിച്ച് സനാതനധർമ്മികളോട് വിദ്വേഷം വെച്ചു പുലർത്തുന്ന പാകിസ്ഥാനെ പോലെയല്ലല്ലോ ഭാരതം. ലോകരാജ്യങ്ങൾക്കിടയിൽ അഭിമാനമുള്ള ഉത്തരവാദിത്വമുള്ള ഒരു ജനാധിപത്യരാജ്യമാണല്ലോ നമ്മുടേത്. ഉത്തരവാദിത്വബോധം നിലനിർത്തിക്കൊണ്ട്, നമ്മുടെ ജനങ്ങളുടെ ജീവനും സ്വത്തിനും പൂർണ്ണസംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുമുള്ള നയപരിപാടികളാണ് നമ്മുടെ രാജ്യം ആവിഷ്ക്കരിക്കുന്നതെന്ന് കരുതാം. തീവ്രവാദികളെ ഒന്നൊന്നായി വകവരുത്തുകയോ, ജീവനോടെ പിടികൂടുകയോ ഒക്കെ ചെയ്തുകൊണ്ടിരിക്കുകയാണിപ്പോൾ. തീവ്രവാദികളുടെ ഓരോ ഒളിത്താവളങ്ങളും സങ്കേതങ്ങളും തകർത്ത് ഉന്മൂലനം ചെയ്യുന്നതിൽ ഗണ്യമായ നേട്ടം കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ 22ന് പഹൽഗാമയിലുണ്ടായ ഭീകരവാദികളുടെ അക്രമിത്തിനെതിരെ ലോകമനസ്സാക്ഷി ഉണർന്നിട്ടുണ്ടെന്നുള്ളതും, ലോകരാജ്യങ്ങളിൽ സമാധാനകാംക്ഷികളായ എല്ലാവരും ഭാരത്തോടൊപ്പം നിലയുറപ്പിച്ചിട്ടുണ്ടെന്നുള്ളതും നമുക്ക് ആശ്വാസം പകരുന്ന വസ്തുതയാണ്. ഒപ്പം നമ്മുടെ നയങ്ങൾക്കുള്ള അംഗീകാരം കൂടിയാണതെന്നുള്ളതിൽ അഭിമാനിക്കുകയും ചെയ്യാം. പുറത്തുനിന്നുള്ള ഏതു വിധ അക്രമത്തേയും നേരിടാൻ കരുത്തുള്ള, ശക്തിയുള്ള ഭരണസംവിധാനമാണ് നമുക്കിന്നുള്ളത്. പ്രതിരോധമേഖലയിലും നയതന്ത്രതലത്തിലും നാം കൈക്കൊണ്ടിട്ടുള്ള നടപടികൾ അങ്ങേ അറ്റം ശ്ലാഘനീയമാണ്. നമ്മുടെ അഭിമാനത്തിനു നേരെ വിരൽ ചൂണ്ടിയവർക്കെതിരെ ഇതുവരെ എടുത്ത നടപടികൾകൊണ്ടു തന്നെ അപ്പുറത്ത് കരച്ചിലാണ്, നെട്ടോട്ടമാണ് ഇപ്പോൾ.

എങ്ങനെയെങ്കിലും രക്ഷിക്കണേയെന്ന് വിലപിച്ചുകൊണ്ട് അന്യരാജ്യങ്ങളുടെ കാല് പിടിക്കലാണിപ്പോൾ. യു.എന്നിലാണെങ്കിൽ നമ്മുടെ പ്രതിനിധി പാകിസ്ഥാനെ 'തെമ്മാടി രാജ്യ'മെന്നാണ് അഭിസംബോധനചെയ്തത്. നാം നടപടികൾ തുടങ്ങി കഴിഞ്ഞു ഇനിയാണ് അവരുടെ ചെയ്തികളുടെ ഫലം അവർ അനുഭവിക്കാൻ പോകുന്നത്.

ഇത്തരുണത്തിൽ നമുക്ക് ചില കടമകളുണ്ട്. പുറമേ നിന്നുള്ള ശത്രുവിനെ നേരിടുകയാണ് നാം. മുഴുവൻ ജനങ്ങളും ഒറ്റക്കെട്ടായി നിന്നുകൊണ്ട് നമ്മുടെ ഭരണകർത്താക്കൾക്ക് പരിപൂർണ്ണ പിന്തുണ നല്കണം. രാജ്യത്തിനു നേരേ ഉയർന്ന ഈ വെല്ലുവിളിയെ നാം ഒറ്റക്കെട്ടായി നേരിടണം. നമ്മുടെയിടയിൽ രാഷ്ട്രീയമോ സാമൂഹ്യമോ, മറ്റെന്തങ്കിലും തരത്തിലൊ ഉള്ള അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ അവയെല്ലാം മാറ്റിവെച്ചുകൊണ്ട് നമ്മുടെ രാഷ്ട്രം; അതാണ് വലുത്, അതിനുമീതേ മറ്റൊന്നില്ല. അതിനെ ശക്തിപ്പെടുത്തുന്നതിന്, അതിന്റെ ശ്രേയസ്സ് ഉറപ്പ് വരുത്തുന്നതിന് എല്ലാം മറന്ന് ഒന്നിക്കാം ഒരു മനസ്സും ഒരു ശരീരവും പോലെ. എല്ലാവർക്കും ഒന്നിച്ച് പരമപവിത്രയായ ഭാരതാംബയുടെ രക്ഷയ്ക്കായി ആ പാദാരവിന്ദങ്ങളിൽ സ്വയം സമർപ്പിക്കപ്പെടാം. അതാണ് ഇന്നിന്റെ ആവശ്യം.

**വന്ദേമാതരം**

**ഭാരത് മാതാ കീ ജയ്**



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

പ്രിയ കരയോഗാംഗങ്ങളെ,

## കരയോഗം വാർഷിക പൊതുയോഗം

**എ**റണാകുളം കരയോഗത്തിന്റെ പ്രവർത്തനങ്ങൾ എല്ലാം സുഗമമായി മുന്നോട്ട് പോകുകയാണ്. കരയോഗത്തിൽ നടക്കുന്ന വിവിധ പദ്ധതികളുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് 2025 ജൂൺ അവസാനത്തെ ഞായറാഴ്ചയായ 29–ാം തീയതി ടിഡിഎം. ഹാളിൽ നടക്കുന്ന പൊതുയോഗത്തിൽ വെച്ച് അംഗങ്ങളുടെ നിർദ്ദേശങ്ങൾക്കും അഭിപ്രായങ്ങൾക്കും തീരുമാനങ്ങൾക്കും വേണ്ടി അവതരിപ്പിക്കുന്നതാണ്. കഴിഞ്ഞ ലക്കങ്ങളിൽ സൂചിപ്പിച്ചിരുന്നതു പോലെ 100–ാം വർഷത്തിന്റെ ആഘോഷ പരിപാടികളുമായി നാം മുന്നോട്ട് പോകുകയാണ്. കരയോഗാംഗങ്ങളെ, നിങ്ങളുടെ വിലയേറിയ സഹായ സഹകരണങ്ങൾ ഈ പരിപാടികളുടെ വിജയത്തിന് അത്യന്താപേക്ഷിതമാണ്. കഴിഞ്ഞ വർഷത്തെ പൊതുയോഗതീരുമാനത്തിനനുസരിച്ച്, അംഗങ്ങളായ വ്യക്തികളും കുടുംബങ്ങളും ശതാബ്ദി നടത്തിപ്പിനായുള്ള സംഭാവനകൾ എത്രയും വേഗം അടയ്ക്കണമെന്ന് ഒരിക്കൽകൂടി ഇവിടെ ഓർമ്മപ്പെടുത്തുകയാണ്.

നമ്മുടെ വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കഴിഞ്ഞ ലക്കത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതാണല്ലോ പദ്ധതികളെല്ലാം ദ്രുതഗതിയിൽ മുന്നോട്ട് പോകുന്നു. ചെറായിയിലെ പെൺകുട്ടികളുടെ ഭവനത്തിന്റെ രണ്ടാംനിലയുടെ വാർക്കലും ഇലക്ട്രിക് വർക്കും തേപ്പും ആരംഭിച്ചിട്ടുണ്ട്. അകുന്നതും 2025–ൽ, ഈ ശതാബ്ദി വർഷം തന്നെ അത് ഉദ്ഘാടനം ചെയ്യണമെന്നാണ് ഭരണസമിതി ആഗ്രഹിക്കുന്നത്.

എല്ലാ മാസവുമുള്ള ശതാബ്ദി ആഘോഷ പരിപാടികളെ സംബന്ധിച്ചുള്ള വിവരങ്ങൾ കരയോഗസൗഹൃദത്തിലൂടേയും മറ്റും അംഗങ്ങളെ അറിയിക്കുന്നതാണ്. 2025 മെയ് മാസത്തെ പരിപാടി നാടകോത്സവമാണ് എന്നുകൂടി ഓർമ്മപ്പെടുത്തുന്നു.

രാജ്യം നേരിടുന്ന വലിയോരു ഭീഷണിയായ ഭീകരവാദം വീണ്ടും തലപൊക്കിയിരിക്കുന്നു. ജാതിയുടേയും മതത്തിന്റെയും പേരിൽ, മതം ചോദിച്ചും ജാതിചോദിച്ചും മനുഷ്യനെ വേർതിരിച്ച് തന്റെ മതമല്ലാത്തവരെ കൊന്ന് തള്ളുന്ന ഈ പ്രവർത്തി, ഇത് നീചമായ വർഗ്ഗീയ വംശഹത്യ തന്നെയാണ്. ഈ രീതി ഒരിക്കലും അംഗീകരിക്കാനാവില്ല. ഏതു പ്രതിസന്ധിയിലും ഭാരതത്തിൽ ജനിച്ച ഒരു വ്യക്തിയെന്ന നിലയിൽ, ഭാരതത്തിന്റെ പുത്രനായി നിന്നുകൊണ്ട് രാജ്യത്തിനൊപ്പം നിൽക്കുകയെന്നതാണ് നമ്മുടെ ഓരോരുത്തരുടേയും കടമ. കഴിഞ്ഞ ദിവസം ഉണ്ടായ ഈ കൊലപാതകപരമ്പര എന്തിനുവേണ്ടിയായിരുന്നു എന്നു പറഞ്ഞുതരാൻ ആർക്കും കഴിയില്ല. വളരെ സമാധാനത്തോടെ, സന്തോഷത്തോടെ കുടുംബത്തോടൊപ്പം അവധിക്കാലം ആഘോഷിക്കുവാൻ, ഭാരതത്തിലെ അതിമനോഹരവും പ്രകൃതിസൗന്ദര്യത്താൽ അനുഗ്രഹീതവുമായ, സ്വിസർലൻഡിനെ പോലും കടത്തിവെട്ടുന്ന മനോഹാരിത നിറഞ്ഞ കാശ്മീരിൽ, രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരും വിദേശികളും സന്ദർശനം നടത്തിക്കൊണ്ടിരുന്ന സമയത്താണ് ദുഷ്ടന്മാരായ ചെകുത്താന്മാർ നിറതോക്കുകളുമായി അവരുടെ മുമ്പിലേയ്ക്ക് ചാടി വീണത് ; മതം ചോദിച്ചുകൊണ്ട് അമുസ്ലീങ്ങളായ പുരുഷന്മാരുടെ നേർക്ക് നിറയൊഴിച്ചത്. മരണമടഞ്ഞ

26 പേരിൽ നമ്മുടെ ഇടപ്പള്ളിയിൽ നിന്നുമുള്ള ശ്രീ. എൻ. രാമചന്ദ്രനുമുണ്ടായിരുന്നു. കുടുംബ ത്തോടൊപ്പം കാശ്മീർ സന്ദർശനത്തിനുപോയ അദ്ദേഹം തന്റെ പ്രിയപ്പെട്ടവരുടെ മുമ്പിൽ വെച്ച് ദാരുണമായി കൊലചെയ്യപ്പെടുകയാണുണ്ടായത്. താൻ അഭിമാനമുള്ള ഒരു ഭാരതീയനാണെന്നും ഒരു ഹിന്ദുവാണെന്നും തികഞ്ഞ ഗർവ്വോടെ, ഭീകരവാദികളുടെ മുഖത്തു നോക്കി ഉറക്കെ വിളിച്ചു പറഞ്ഞ ആ ധീരരാജ്യസ്നേഹിയുടെ നെറ്റിയിൽ പോയൻെറ ബ്ലാങ്കിൽ നെറ്റിയിൽ വെടിവെയ്ക്കുകയായിരുന്നു ആ മതഭ്രാന്ത ന്മാർ. ആ ധീര ദേശാഭിമാനിക്ക് എറണാകു ളം കരയോഗത്തിന്റെ ആദരാഞ്ജലി. ഇവിടെ നാം ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഏതു ഘട്ടത്തിലായാലും നമ്മുടേത് ഏത് രാ ഷ്ട്രീയമായാലും നാം ഏത് ജാതിമതവിഭാഗ ത്തിൽ പെട്ട ആളാണെങ്കിലും ഭാരതീയരെന്ന നിലയിൽ നാം കാത്തു സൂക്ഷിച്ച് പോന്നിട്ടുള്ള സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ഒത്തുപിടിക്കലിന്റേതുമായ ഒരു ചരിത്രമുണ്ട്. അത് എന്നെന്നും തുടരുവാനുള്ള നമ്മുടെ ശ്രമങ്ങളെ പരാജയപ്പെടുത്തുവാനുള്ള രാജ്യ ദ്രോഹികളുടെ ശ്രമങ്ങളെ ചെറുത്തുതോല് പിക്കേണ്ടതുണ്ട്. എന്ന് മാത്രമല്ല, വംശവെറി യന്മാരുടെ ഈ മതഭീകരവാദത്തിനെതിരെ ജാഗ്രത പുലർത്തുവാനും അധികാരത്തിനും രാഷ്ട്രീയ ലാഭത്തിനും വേണ്ടി അവർക്കൊപ്പം നില്ക്കുന്നവരെ ഒറ്റപ്പെടുത്തുവാനുമുള്ള നമ്മു ടെ ശ്രമങ്ങൾ തുടരേണ്ടതുണ്ട്. അത് നമ്മുടെ കടമയാണ്, കർത്തവ്യമാണ്. രാജ്യത്തിന് ഒരു ആപത്ത് വരുമ്പോൾ ഏതെങ്കിലും കാര്യത്തിൽ രാജ്യത്തിനുള്ളിൽ നമ്മൾ തമ്മിൽ എന്തെ ങ്കിലും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ, അതെല്ലാം മാറ്റിവെച്ചുകൊണ്ട് രാജ്യത്തിനൊപ്പം നില്ക്കുക. കാശ്മീർ സംസ്ഥാനസർക്കാരും കേന്ദ്രസർക്കാരും ഒന്നിച്ചു നിന്നുകൊണ്ട് ഭീക രവാദികൾക്കെതിരേയും ഭീകരവാദത്തിനെതി രേയും നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും സർവ്വ പിന്തുണയും നല്കാം പഹൽഗാമിൽ പൊലിഞ്ഞ 26 സഹോദരങ്ങളുടെ ആത്മാക്കളു ടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കാം. അവരു ടെ കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്കുചേ രാം. അതിദാരുണമായ ഈ സംഭവത്തിലുള്ള എറണാകുളം കരയോഗത്തിന്റെ വേദനയും ദു:ഖവും ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

2025 ഏപ്രിൽ 22 ഭൗമദിനത്തിൽ എറണാ കുളം കരയോഗം പി.എസ്. ഗോപിനാഥൻ നായർ 17-ാമത് പരിസ്ഥിതി അവാർഡ് ശ്രീ മു രുകേശൻ ടി.പി.യ്ക്ക് വൈപ്പിൻ എം. എൽ.എ. ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ സമ്മാനിച്ചു.

എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ കൊച്ചി ഹെറിറ്റേജിന്റെ ഭാഗ മായി ഈ മാസത്തെ വിഷയം 'എറണാകുള ത്തപ്പന്റെ കഥ ചുരുളഴിയുന്നു' അവതരണം – അനുരാധ ഹാരിഷ് – എറണാകുളത്തപ്പന്റെ ഭക്ത 2025 മെയ് 17 ശനിയാഴ്ച വൈകുന്നേരം 5.00 മണി മുതൽ 6.00 മണി വരെ. ടി.ഡി.എം. ഹാ ളിൽ. ഏവർക്കും സ്വാഗതം

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ അകായിലെ സംഗീതം 2025 മെയ് 18 വൈകിട്ട് 4 മണിക്ക് ടി. ഡി. എം. ഹാളിൽ യുഗ്മഗാനങ്ങൾ. ഏവർക്കും സ്വാഗതം.

എറണാകുളം കരയോഗം സാഹിതിയോഗം പരിപാടി, –2025 മെയ് 25 ഞായറാഴ്ച രാവിലെ 10.30ന് .ടി. ഡി. എം. ഹാളിൽ. വിഷയം: രാജലക്ഷ്മി – സ്ത്രീമനസ്സിന്റെ കഥാകാരി. അവതരണം – ശ്രീ. ഹരിഹര നന്ദനൻ. ഏവർക്കും സ്വാഗതം.

എറണാകുളം കരയോഗവും ബീമും സംയു ക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരി പാടിയിൽ നാടകോത്സവം 2025 മെയ് 30, 31, ജൂൺ 01 എന്നീ തീയതികളിൽ വൈകിട്ട് 6.30 ന് ടി. ഡി. എം. ഹാളിൽ. ഏവർക്കും സ്വാഗതം.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപ ദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*****

# അറിയിപ്പ്

## ശതാബ്ദി ആനുകൂല്യ ആജീവനാന്ത അംഗത്വം

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

### അംഗത്വത്തിനുള്ള അപേക്ഷാഫാറം കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്

23-6-2024 ൽ കൂടിയ എറണാകുളം കരയോഗം പൊതുയോഗം എറണാകുളം കരയോഗം നിയമാവലി 5, 7(i) (ii), 8,9,10,11,13,14 എന്നീ വകുപ്പുകളും അതിന്റെ ഉപവകുപ്പുകളും നില നിർത്തിക്കൊണ്ട് കരയോഗത്തിലെ ഓരോ അംഗങ്ങൾക്കും അവരവരുടെ കുടുംബാംഗങ്ങൾക്ക് (അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ) 2025 ഡിസംബർ 31 വരെ അംഗത്വഫീസിൽ ഇളവു നല്കി അംഗത്വം നല്കുവാൻ തീരുമാനം എടുത്തിട്ടുള്ള വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

എല്ലാ അംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

* * *

### എറണാകുളം കരയോഗം ശതാബ്ദിയാഘോഷഫണ്ട് സമാഹരണം

2025 ൽ എറണാകുളം കരയോഗം ശതാബ്ദിയാഘോഷം സമുചിതമായി ആഘോഷിക്കുന്നതിലേയ്ക്കുള്ള പദ്ധതികളും പരിപാടികളും നടത്തുന്നതിന് ധനസമാഹരണം ഒരു പ്രധാന ഘടകമാണ്. ആയതിലേയ്ക്ക് ഓരോ കരയോഗാംഗവും 2000 രൂപ വീതവും ഒരേ വീട്ടിൽ മൂന്നോ അതിൽ കൂടുതലോ കരയോഗാംഗങ്ങളുള്ളവർ 5000 രൂപയും ശതാബ്ദി ഫണ്ടിലേയ്ക്ക് നൽകണമെന്ന് 23-6-2024 ൽ കൂടിയ 99-ാം വാർഷികപൊതുയോഗം തീരുമാനമെടുത്തിട്ടുള്ള വിവരം കരയോഗാംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

✦ ✦ ✦

**കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ അറിയുന്നതിനായി അംഗങ്ങൾ മാത്രം താഴെ കാണുന്ന WhatsApp നമ്പറിൽ ബന്ധപ്പെടുകയോ link ലൂടെ ജോയിൻ ചെയ്യുകയോ ചെയ്യാവുന്നതുമാണ്.**

☞ **8281588833**

OPEN THIS LINK TO JOIN MY WHATSAPP GROUP:
https://chat.whatsapp.com/JvuXAILW6Tg8UD6J29v1Vy

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം



# ബാലലോകം



പറവൂർ രാജഗോപാൽ – 9847291483

## ഭക്തിക്കു തക്കത്

പ്രിയപ്പെട്ട കൂട്ടുകാരേ,

**വേ**നലവധിക്കാലമായല്ലോ കൂട്ടുകാരൊക്കെ കൂട്ടരൊത്ത് കളിച്ചും രസിച്ചും കഴിയുകയാവും. ജീവിതത്തിലെ സുവർണ്ണകാലമാണിത്. സന്തോഷിച്ച് ആഹ്ലാദിച്ചുകൊള്ളൂ. ഇടയ്ക്ക് അല്പം വായനയും എഴുത്തുമൊക്കെയാവാം. ചിത്രം വരയ്ക്കാനും ചായം കൊടുക്കാനും അറിയുന്ന കൂട്ടുകാർ അതുമൊക്കെ കളിയുടെ ഇടവേളകളിൽ ശ്രദ്ധയോടെ ചെയ്യണം. കഥ വായിക്കാം. ആട്ടവും പാട്ടും കൂത്തും ഒക്കെയായുള്ള ഒരവധിക്കാലം ആശംസിക്കട്ടെ.

ഈയൊരു കഥ എന്താണ് പറഞ്ഞു വെക്കുന്നത് എന്നു നോക്കൂ.

രാജാമണി വലിയ ഭക്തനെന്ന് പ്രസിദ്ധനായ ഒരാളായിരുന്നു. പ്രസിദ്ധിക്ക് ഇന്നതേ കാരണമെന്നില്ലല്ലോ.

ഭക്തനൊക്കെ ആയിരുന്നെങ്കിലും അയാളുടെ മുഖത്ത് എപ്പോഴും സങ്കടഭാവമായിരുന്നു. വലിയ ഭക്തനായിരുന്നിട്ടും തന്റെ കുടുംബത്തിന്റെ പാരവശ്യങ്ങൾ തീരുന്നില്ലല്ലോയെന്നൊരു വ്യസനം അയാൾക്ക് ഉണ്ടായിരുന്നു.

ഒരിക്കൽ ഒരിടം വരെ പോയി രാജാമണി വീട്ടിലേക്ക് മടങ്ങുകയായിരുന്നു. വെയിൽ തിളക്കുന്ന നട്ടുച്ചനേരം. നല്ല വെയിലത്തു നിന്ന് അപ്പോൾ അയാളുടെ സുഹൃത്തായ ബാലുറാം പറമ്പ് കിളക്കുന്നു.

രാജാമണി വിളിച്ചു ചോദിച്ചു. 'ഹേയ് ബാലുറാം. എന്തൊരു ചൂടാണ് സുഹൃത്തേ ഇത്. ഈ പൊരിവെയിലത്തുനിന്ന് എങ്ങനെ നിങ്ങൾക്കു പണി ചെയ്യാൻ കഴിയുന്നു'.

ബാലുറാം പണി നിർത്തി തിരിഞ്ഞു നോക്കി.

'ഹാ ഹാ ഇവിടെ നല്ല വെയിലുണ്ട്. ശരിയാ '

രാജാമണി വീണ്ടും ചോദിച്ചു.

'എന്തു ചെയ്യുകയാണ് നിങ്ങളവിടെ'

'മുറ്റത്തു നിൽക്കുന്ന നീലം മാവിന്റെ ചുവട്ടിൽ ഈ വെയിൽ കിളച്ചുകൊണ്ടുചെന്ന് ഇടുകയാണ്. മാവ്, നല്ലവെയിലും മഴയുമുള്ളിടത്ത് നടണമെന്ന് ഇന്നലെ നമ്മുടെ തടിക്കലെ ഉണ്ണിയാശാൻ എന്നോടു പറഞ്ഞു. എന്റെ മാവിൻ ചുവട്ടിലാണെങ്കിലോ എപ്പോഴും തണലാ.'

ഉണ്ണിയാശാൻ ഇങ്ങനെ ചില കിറുക്കുകൾ പറഞ്ഞു നടക്കുന്ന ഒരാളാണെന്നറിയാം. എന്നാലും ബാലുറാമിനിതെന്തുപറ്റി.....

രാജാമണിക്കു അത്ഭുതമായി– ഇയാൾക്കെന്തൊരുച്ചകിറുക്കാണ്. മഹാമണ്ടത്തരമല്ലേ ഇയാൾ വിളിച്ചു പറയുന്നത്.

രാജാമണി ചോദിച്ചു 'എന്തൊരു കഥയില്ലായ്മയാണ് ബാലുറാം നിങ്ങൾ കാട്ടുന്നത്. വെയിൽ കിളച്ചെടുക്കാനാവുമോ'?

'ഞാനൊന്നു നോക്കട്ടെ. പറ്റുമോന്ന്' പണിക്കിടെ ബാലുറാം പറഞ്ഞു.

'ഇനിയിപ്പോൾ വെയിൽ കിളച്ചെടുത്താൽത്തന്നെ അത് തണലത്തു കൊണ്ടിട്ടാൻ അവിടെ വെയിലാകുമോ അസ്സൽ വിഢ്ഢി തന്നെ താൻ.'

അതുകേട്ട് ബാലുറാം ചിരിച്ചുകൊണ്ട് പറഞ്ഞു.

ഞാനൊരു തമാശ പറഞ്ഞതാണെന്റെ ഇഷ്ടാ. കുറച്ച് കൂർക്ക കിട്ടിയിട്ടുണ്ട്. അതൊന്ന് നടാമെന്ന് കരുതി തടമെടുക്കുകയായിരുന്നു.

'അതുശരി അപ്പൊ അങ്ങനെയാ' ബാലുറാം പറഞ്ഞതുകേട്ട് രാജാമണി യാത്രപറഞ്ഞു നടന്നു.


കർഷകനായ സുഹൃത്ത് ഭക്തനായ സുഹൃത്തിന് തമാശ രൂപേണ ഒരു സത്യം ബോധിപ്പിച്ചതാണ്. മാവ് വെയിലത്തു തന്നെയാണ് നിൽക്കുന്നത്. അതുകൊണ്ടാണല്ലോ അതിനു കീഴെ വെയിലുള്ളത്.

ദൈവകൃപയാകുന്ന വെയിലിനെ നമ്മുടെ ഇച്ഛയുടെ മാവിൻചുവട്ടിലേക്ക് കൊണ്ടുപോകാൻ ആർക്കുമാവില്ല. ഭക്തൻ ചെയ്യാൻ ശ്രമിക്കുന്നത് പലപ്പോഴും അതാണ്.

ഓരോരുത്തർക്കും ഓരോ പാടമുണ്ട്. ആ പാടത്തിൽ അനുഭവങ്ങളുടെ വിത്തുകൾ നാം മുന്നേപാകിയതുമാണ്. നമ്മുടെ അജ്ഞാനത്തിന്റെ ബീജങ്ങൾ. അജ്ഞാനമെന്നാൽ കർതൃത്വബോധം. അവിടേക്ക് ജ്ഞാനത്തിന്റെ വെയിൽ കടത്താനുള്ള ശ്രമമാണെങ്ങും എപ്പോഴും നടക്കുന്നത്.

എന്തു തന്നെ സംഭവിച്ചാലും അനുഭവങ്ങളുടെ സാകല്യമായ നിഴലിനു മുകളിൽ കൃപയുടെ വെയിലുണ്ടെന്ന ഉൾക്കാഴ്ചയാണ് ഭക്തി.

*****



# വാസ്തു ശാസ്ത്രം



ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ - 9447032434

ഇന്നലെ പോയ ഒരു ഫ്ളാറ്റിലെ പ്രധാന പ്രശ്നം ഗൃഹനാഥന് ഉറക്കം ശരിയാവുന്നില്ല. വാസ്തു നോക്കുന്ന ഒരാളെ വിളിച്ചു പരിശോധിച്ചപ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അടുക്കളയുടെ കണക്ക് ശരിയല്ല. കൂടാതെ വടക്ക് കിഴക്കെ മൂലയിൽ ടോയ്ലെറ്റ് ഉണ്ട്. ആ വാസ്തു നോക്കുന്ന ആളെ വീണ്ടും വിളിച്ച് ഞാൻ ഉള്ള സമയത്ത് വീണ്ടും പരിശോധിച്ചു. അദ്ദേഹത്തിന്റെ കൈയ്യിൽ മനുഷ്യാലയചന്ദ്രിക, ശില്പരത്നം എന്നീ രണ്ടുപുസ്തകങ്ങൾ ഉണ്ടായിരുന്നു. അതിൽ അടുക്കളകിടപ്പുമുറിയെക്കാൾ വലുതാവരുത് എന്നൊരു ചെറിയ കോളമുണ്ട്. ഒരു സ്ഥലത്തും ടോയ്ലെറ്റിന്റെ സ്ഥാനം പറഞ്ഞിട്ടില്ല. കൂടാതെ കൈക്കണക്ക് എന്നൊരു പുസ്തകം എനിക്ക് കാണിച്ചുതന്നു. അതിലെല്ലാംതന്നെ മരത്തിന്റെ കണക്കും, മുറിയുടെ അളവുകളും മാത്രമാണ്.മരവും, ഓടും ഉപയോഗിച്ച് പണിയുന്ന വീടുകൾക്ക് അത് വളരെ സഹായകരമാണ് പണ്ടത്തെ തച്ചുശാസ്ത്ര ഗ്രന്ഥങ്ങൾ അനുസരിച്ചാണ് ആശാരിമാർ ഉത്തരം, കഴിക്കോൽ വാതിലുകൾ എന്നിവയുടെ മരത്തിന്റെ കണക്ക് പെട്ടെന്ന് കണക്കു കൂട്ടിയിരുന്നു. അതിനുള്ളൊരു പട്ടിക മാത്രമാണിതെല്ലാം. ഇതെല്ലാം തച്ചന്റെ ശാസ്ത്രം അഥവാ തച്ചുശാസ്ത്രമാണ്. വാസ്തുശാസ്ത്രം ഓരോ സ്ഥലത്തും അവിടത്തെ ഭൂമിയും, കാലാവസ്ഥയുമനുസരിച്ച് ഉള്ള ഒരു നിർമ്മിതി ആണ്. മനുഷ്യാലയചന്ദ്രികയിൽ എഴുതിവച്ചിരിക്കുന്നതിൽ പലതും ഇന്ന് പുറത്തുപറയാൻ പറ്റാത്ത കാര്യങ്ങളാണ്.കാലത്തിനനുസരിച്ച് മാറ്റങ്ങൾ വളരെ അത്യാവശ്യമാണ്. അളവുകൾ തന്നെ പണ്ട് ചാൺ ആയിരുന്നു. ചാൺ മാറി മുഴം ആയി, മുഴം മാറി അടിയും, ഇഞ്ചും, കോലും, വിരലും ആയി. ഇപ്പോഴെല്ലാം മീറ്ററും, സെ.മീറ്ററുമായി. 100 സെമീ. ആണ് 1 മീറ്റർ. ചിലർ വാസ്തു നോക്കാൻ വന്നാൽ മീറ്റർ, സെ.മീറ്റർ അളന്ന ശേഷം 3 സെമീ ഒരു വിരലും, 24 വിരൽ ഒരു കോലുമായി കണക്കുകൂട്ടി മുറിയുടെ കണക്ക് തെറ്റാണെന്നു പറയുന്നു. ഒരു വിരൽ 3 സെമീ കണക്കുകൂട്ടുന്നത് തന്നെ വലിയ കഷ്ടമാണ്. ഉടമസ്ഥന്റെ പെരുവിരൽ മടക്കി അളവെടുക്കുന്നത് മുൻപ് പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. ഫ്ളാറ്റുകളുടെ വാസ്തു നോക്കുമ്പോൾ മുഴുവൻ ഒരു കെട്ടിടമായി കണ്ട് ഗേറ്റിൻെറ സ്ഥാനം, സെക്യൂരിറ്റിഷെഡിന്റെ സ്ഥാനം, ഓരോ ഭാഗത്തുമുള്ള vacant space, വടക്കുപടിഞ്ഞാറും, തെക്ക്പടിഞ്ഞാറെമൂലയും പ്രത്യേകം നോക്കണം. പിന്നെ ഓരോ Unitന്റെയും MainDoor south west മൂലയിൽ വരരുത്. ഏതെങ്കിലും ഒരു Bed Room ലേക്ക് SouthWest wind ഉം Evening Sun ഉം വരണം. Kitchen അല്ലെങ്കിൽ Workarea ലേക്ക് വടക്ക് നിന്നോ, കിഴക്കു നിന്നോ ജന്നൽ ഉണ്ടെങ്കിൽ നല്ലതാണ്. Main gate southwest മൂലയിൽ വരരുത്. ഭൂമി കിഴക്കോട്ട് ചരിവും, കിഴക്കൊ, വടക്കൊ ജലാശയങ്ങളുണ്ടെങ്കിൽ തെക്കു പടിഞ്ഞാറെ ഗേറ്റ് കുഴപ്പമില്ല. തച്ചുശാസ്ത്രത്തിൽ വാസ്തുപുരുഷനും, ഓരോ മുറിക്കും കൂടാതെ ആകെ ചുറ്റും അളവുകളുണ്ട്. വാസ്തു ശാസ്ത്രത്തിൽ സൂര്യൻ, ഭൂമി, വായു, ജലം, വെള്ളം, ആകാശം എന്നിവ മനുഷ്യശരീരത്തിന്റെ ആരോഗ്യത്തിന് എങ്ങനെ ഉപയോഗിക്കാം എന്നുള്ള ഒരു ശാസ്ത്രമാണ്.

ഞാൻ പോയി കണ്ട ഫ്ളാറ്റിലെ ഗൃഹനാഥൻ വടക്കോട്ട് തലവച്ചാണ് കിടന്നിരുന്നത്. തെക്കോട്ട് തലവച്ച് കിടക്കാൻ പറയുകയും, അങ്ങനെ ചെയ്തപ്പോൾ അവിടുത്തെഎല്ലാ പ്രശ്നങ്ങളും തീർന്നു. പലസ്ഥലത്തും വാസ്തു നോക്കാൻ വരുന്നവർ septic tank, toilet എന്നിവയുടെ സ്ഥാനം നോക്കുന്നതാണ് വാസ്തു എന്ന് ധരിച്ചുവച്ചിരിക്കുന്നു. ഇതിനൊന്നും വലിയപ്രധാന്യവുമില്ല. ഇതെല്ലാം ഉണ്ടായിട്ട് 100 കൊല്ലം മാത്രമെ ആയിട്ടുള്ളൂ. വാസ്തു ശാസ്ത്രത്തിന് 3-ാം നൂറ്റാണ്ടു മുതൽ പഴക്കമുണ്ട്.

** * **

ക്ഷേത്രങ്ങളിലൂടെ

# തളിപ്പറമ്പ് ശ്രീ രാജരാജേശ്വര ക്ഷേത്രം

ഇന്ദിരാഭായി – 8078552892

ഭാരതീയ സംസ്ക്കാരത്തിന്റെയും പൈതൃകങ്ങളുടെയും അക്ഷയഖനികളാണ് നമ്മുടെ ക്ഷേത്രങ്ങൾ. ഒരു ജനതയുടെ ജീവിതവും സംസ്ക്കാരവും പാരമ്പര്യവും ഇഴചേർന്നിരിക്കുന്നതും തലമുറകൾക്ക് ഭാരതീയസംസ്ക്കാരത്തെ പകർന്നു നൽകുന്നതുമായ ചൈതന്യകേന്ദ്രങ്ങളായാണ് ക്ഷേത്രങ്ങളെ കണക്കാക്കുന്നത്. ആന മുതൽ ഉറുമ്പു വരെയും തുളസിച്ചെടി മുതൽ ആൽമരം വരെയും ഉള്ള സകലതിനേയും ഒരേ മനോഭാവത്തോടെ പൂജിക്കുന്ന സംസ്ക്കാരമാണ് ഭാരതീയസംസ്ക്കാരം. പ്രപഞ്ച സ്പന്ദനങ്ങളെ നിയന്ത്രിക്കുന്നത് മനുഷ്യമനസ്സിനെ ഭയഭീതി ഗ്രസിക്കുമ്പോൾ വ്യാകുലതകളിൽ നിന്നു മോചനം നേടുവാൻ ഈശ്വര ചൈതന്യം കുടികൊള്ളുന്ന ക്ഷേത്രങ്ങളെ നാം ആശ്രയിക്കുന്നു. ആധികളിൽ നിന്നും വ്യാധികളിൽ നിന്നും ഭക്തരെ രക്ഷിച്ചനുഗ്രഹിക്കുന്ന രാജാക്കന്മാരുടെ രാജാവായ രാജരാജേശ്വരനായ ശ്രീമഹാദേവൻ കുടികൊള്ളുന്ന അതിപുരാതനമായ ഒരു മഹാദേവക്ഷേത്രമാണ് ശ്രീരാജരാജേശ്വരക്ഷേത്രം. പരബ്രഹ്മസ്വരൂപിയായ പരമശിവന്റെ പല പേരുകളിലൊന്നായ രാജരജേശ്വരൻ എന്ന പേരിലറിയപ്പെടുന്ന ഈ മഹാക്ഷേത്രം കണ്ണൂർ തളിപ്പറമ്പ് എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നു. ശ്രീ രാജരാജേശ്വരക്ഷേത്രത്തിന്റെ പ്രത്യേകതകളിലേയ്ക്കു നമുക്കൊന്നു കണ്ണോടിക്കാം.

ചരിത്രാതീതകാലം മുതൽ തന്നെ പ്രസിദ്ധി നേടിയിട്ടുള്ള ക്ഷേത്രം. ക്ഷേത്രാരാധനയുടെ ഉല്പത്തിക്ഷേത്രമായി വിശ്വസിക്കുന്ന ക്ഷേത്രം കേരളത്തിലെ ശിവക്ഷേത്രങ്ങളുടെ മൂലക്ഷേത്രമായി കണക്കാക്കുന്ന ക്ഷേത്രം. കൃതയുഗത്തിൽ സ്ഥാപിതമായ ക്ഷേത്രം. ദേഹത്യാഗം നടത്തിയ സതീദേവിയുടെ ശരീരഭാഗങ്ങൾ പല സ്ഥലത്തായി പതിച്ചപ്പോൾ തലയുടെ ഭാഗം വന്നു വീണ സ്ഥലം. അതിനാൽ തന്നെ ഏറ്റവും പ്രധാനപ്പെട്ട ശക്തിപീഠമായി കണക്കാക്കുന്ന ക്ഷേത്രം. ഏഴിമല ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന രാജാക്കന്മാരുടെ അധീനത്തിലായിരുന്നതും മൂഷകരാജാവായ ശതസോമൻ നിർമ്മിച്ചതോ പുതുക്കിപ്പണിതോ ആയ ക്ഷേത്രം. പരശുരാമൻ പുനർനിർമ്മിച്ച ക്ഷേത്രം. പരശുരാമപ്രതിഷ്ഠിതമായ 108 ശിവാലയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ശിവക്ഷേത്രം. പരശുരാമപ്രതിഷ്ഠിതമായ 64 ബ്രാമ്മണിഗ്രാമങ്ങളിൽ ആദ്യത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ ഗ്രാമമായ പെരിഞ്ചെല്ലൂരിൽ സ്ഥിതിചെയ്യുന്ന മഹാദേവക്ഷേത്രം. പുരാണങ്ങളിലും സാഹിത്യങ്ങളിലും ഏററവും കൂടുതൽ പരാമർശിക്കപ്പെട്ടിട്ടുള്ള ക്ഷേത്രം ഏഴു നിലകളുള്ള രാജഗേപുരം നിലനിന്നിരുന്ന മഹാദേവക്ഷേത്രം. ഇത്രയും കാലപ്പഴക്കമുള്ള മറ്റൊരുക്ഷേത്രം കേരളത്തിലില്ല എന്നു തന്നെ വിശ്വസിക്കാം. നിരവധി ചരിത്ര കഥകളാലും ശാസനങ്ങളാലും പ്രസിദ്ധിനേടിയിട്ടുള്ള ക്ഷേത്രം പഴയകാല സാഹിത്യകൃതികലിൽ ലക്ഷ്മീപുരേശൻ, ചെല്ലൂർനാഥൻ, പെരിഞ്ചെല്ലൂരപ്പൻ, പെരുംതൃക്കോവിലപ്പൻ എന്നീ പേരുകളിൽ പ്രതിപാദിച്ചിട്ടുള്ള ക്ഷേത്രം. പരശുരാമൻ ആചാര്യന്മാരേയും ഗ്രാമാധിപന്മാരേയും നിശ്ചയിച്ചിരുന്നക്ഷേത്രം.

അഗസ്ത്യമഹർഷിയുടെ ആശ്രമസമീപത്തു സ്ഥാപിതമായ ക്ഷേത്രം. സൂര്യതേജസ്സിനാൽ വിശ്വകർമ്മാവു നിർമ്മിച്ചതും ശ്രീപാർവ്വതി ദേവി നിത്യം പൂജിച്ചിരുന്നതുമായ ശിവലിംഗം പ്രതിഷ്ഠിച്ചിരിക്കുന്ന ക്ഷേത്രം. മുപ്പത്തിമുക്കോടി ദേവകൾക്കും ദേവനായി, രാജരാജേശ്വരനായി ശ്രീമഹാദേവൻ കുടികൊള്ളുന്ന ക്ഷേത്രം. അഗസ്ത്യമഹർഷി അശ്വമേധനമസ്ക്കാരം നടത്തി ശിവലിംഗപ്രതിഷ്ഠ നടത്തിയ ക്ഷേത്രം. കേരളത്തിലെ ക്ഷേത്രങ്ങളിൽ ദേവപ്രശ്നം നടത്തുന്നതിനു മുമ്പ് രാജരാജേശ്വനെ വണങ്ങി കാണിക്കയർപ്പിച്ച ശേഷം ദേവപ്രശ്നം നടത്തുന്നത് ഇന്നും ഒരാചാരമായി നിലനില്ക്കുന്നു. അശ്വമേധനമസ്ക്കാരം വഴിപാടായി നടത്തപ്പെടുന്ന ക്ഷേത്രം. ശിവലിംഗത്തിൽ ലക്ഷ്മി ചൈതന്യവും വൈഷ്ണവ ചൈത ന്യവും കുടികൊള്ളുന്നതും ശ്രീമഹാദേവൻ ശങ്കരനാരായണ ഭാവത്തിൽ കുടികൊള്ളുന്നതുമായ ശിവക്ഷേത്രം. ശിവരാത്രി ആഘോഷങ്ങളില്ലാത്ത ശിവക്ഷേത്രം. ശ്രീമഹാദേവന്റെ ഏറ്റവും പ്രധാനവഴിപാടായ ധാര പതിവില്ലാത്ത ശിവക്ഷേത്രം. ശംഖനാദം മുഴങ്ങി കേൾക്കാത്ത ശിവക്ഷേത്രം. കൂവളത്തില പൂജക്കെടുക്കാത്ത ശിവക്ഷേത്രം. തുളസിയും ചെത്തിയുടം താമരയും മാത്രം പൂജക്കെടുക്കുന്ന ശിവക്ഷേത്രം. തുളസിയിട്ട ഭസ്മം പ്രസാദമായ നൽകുന്ന ശിവക്ഷേത്രം. നിത്യശിവേലി ഇല്ലാത്ത ശിവക്ഷേത്രം. വടക്കൻ കേരളത്തിന്റെ സാംസ്ക്കാരികതലസ്ഥാനം എന്നു വിശേഷിപ്പിക്കുന്ന ലക്ഷ്മി പുരമെന്നും പെരിഞ്ചെല്ലൂരെന്നും തളി കവട്ടപ്പറമ്പ് എന്നും അറിയപ്പെടുന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന ശിവക്ഷേത്രം. ശ്രീരാമദേവൻ തൊഴുതു നമസ്ക്കരിച്ച ക്ഷേത്രം . നമസ്ക്കാരമണ്ഡപത്തിൽ ആർക്കും നമസ്ക്കരിക്കുവാൻ അധികാരമില്ലാത്ത ക്ഷേത്രം. കൊടിമരമോ കൊടിയേറി ഉത്സവമോ ഇല്ലാത്ത ക്ഷേത്രം ഉദ്ദണ്ഡശാസ്ത്രികൾ ഇരുകയ്യും കൂപ്പി തൊഴുത ക്ഷേത്രം. വെറും കയ്യോടെ ഭഗവാന്റെ തിരുനടയിലെത്തുവാനനുവാദമില്ലാത്ത ക്ഷേത്രം. അത്താഴപൂജക്കുശേഷം മാത്രം സ്ത്രീകൾക്കു നാലമ്പലത്തിലേക്കു പ്രവേശനനാനുമതിയുള്ള ക്ഷേത്രം. ബ്രാഹ്മണസ്ത്രീകൾക്ക് നാലമ്പലത്തിലേക്ക് പ്രവേശനാനുമതി ഇല്ലാത്ത ക്ഷേത്രം. ഋഷഭദേവന് നിത്യപൂജയും നിവേദ്യവുമുള്ള ക്ഷേത്രം. നെയ്യമൃതു സമർപ്പണം പ്രധാനവഴിപാടായി നടത്തപ്പെടുന്ന ശിവക്ഷേത്രം. ചെങ്ങന്നൂർ മഹാദേവക്ഷേത്രത്തിൽ പ്രദക്ഷിണം വയ്ക്കുന്ന സമയത്ത് വടക്കുപടിഞ്ഞാറു മൂലയിലെത്തി വടക്കിനഭിമുഖമായി നിന്ന് തളിപ്പറമ്പ് രാജരാജേശ്വരനെ ധ്യാനിച്ചു തൊഴണം എന്ന് ചെങ്ങന്നൂർ ആരാധനാക്രമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പത്മനാഭ ദാസന്മാരായി രാജാധികാരം ഏറ്റെടുത്തിരുന്ന തിരുവിതാംകൂർ രാജാക്കന്മാർ അധികാരം ഏറ്റെടുക്കുന്നതിനു മുമ്പ് രാജരാജേശ്വരക്ഷേത്രത്തിൽ ആനയെ നടയിരുത്തണം എന്നാണ്. ശ്രീചിത്തിര തിരുനാൾ മഹാരാജാവുവരെ ഈ കീഴ്വഴക്കം പാലിച്ചിരുന്നു. രാജാവിന് ഇഷ്ടമുള്ള ആനയെ നടയിരുത്താം എന്നു കരുതിയാൽ അതു സാധിക്കില്ല. രാജരാജേശ്വരനായ ഭഗവാൻ തന്നെ ഭഗവാനിഷ്ടമുള്ള ആനയെ നിശ്ചയിക്കുന്നതാണ് രീതി. ആനകളെ നിരത്തി നിർത്തിയശേഷം സ്ഥാനമേല്ക്കുന്ന രാജാവ് ഒരു പഴക്കുലയുമായി ആനകളുടെ മുന്നിലൂടെ നടക്കുന്നു. ഏത് ആനയാണോ പഴക്കുല പിടിച്ചു വാങ്ങുന്നത് ആ ആനയെ ഭഗവാനു സമർപ്പിക്കുന്നു, ഇതായിരുന്നു രീതി. ശ്രീചിത്തിര തിരുനാൾ മഹാരാജാവും അധികാരം ഏററെടുക്കും മുമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ ഈ രീതിയിൽ ആനയെ നടയിരുത്തിയിരുന്നു. മാന്ധാതാവ്, ശതസോമൻ,

മുചുകുന്ദുൻ, വിശ്വാമിത്രൻ, അഗസ്ത്യമുനി, ശ്രീപാർവ്വതി ദേവി, അന്നപൂർണ്ണേശ്വരി ദേവി, ശ്രീമഹാലക്ഷ്മി, അലക്ഷ്മി, യക്ഷിയമ്മ, മാടായിക്കാവിലമ്മ, ഭദ്രകാളിയമ്മ, ഋഷഭൻ, ഗണപതി, മഹാകാളൻ, ദക്ഷിണാമൂർത്തി, ശ്രീകൃഷ്ണൻ, വിശ്വാമിത്രൻ, ഭൂതനാഥൻ, മുരുകൻ, പരശുരാമൻ, ഗംഗാദേവി, വൈദ്യനാഥൻ എന്നീ ഉപദേവതകളുടെയെല്ലാം സാന്നിദ്ധ്യത്താൽ അനുഗ്രഹീതമായ ഒരു മഹാദേവക്ഷേത്രം. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് തല്ലിത്തകർത്ത് അഗ്നിക്കിരയാക്കിയ ക്ഷേത്രത്തിന്റെ ബാക്കിപത്രമാണ് ഇന്നു നാം കാണുന്ന രാജരാജേശ്വര ക്ഷേത്രം. നമ്മുടെ മഹത്തായ സംസ്ക്കാരങ്ങളുടെ വിലമതിക്കാനാകാത്ത പല മഹത്വങ്ങളേയും നമസ്ക്കരിക്കുവാൻ വെമ്പൽ കൊള്ളുന്ന ഒരു പ്രവണത ഇന്നും പലയിടങ്ങളിലും കാണപ്പെടുന്നു എങ്കിലും, രാജരാജേശ്വരക്ഷേത്രം പൂർവ്വാധികം ശക്തിയോടെ ഉയർത്തെഴുന്നേറ്റു കൊണ്ടിരിക്കുന്ന ഒരു കാഴ്ചയാണ് ഇന്നുള്ളത്. രാജരാജേശ്വരനായ ഭഗവാൻ എല്ലാകലകളെയും ഇഷ്ടപ്പെടുന്നു. ഏതു കലയും ആദ്യം ഈ ക്ഷേത്രത്തിൽ അവതരിപ്പിക്കണം എന്നൊരു തീട്ടൂരമുണ്ട്. കൂടിയാട്ടം, ചാക്യാർകൂത്ത് എന്നീ കലകൾ അവതരിപ്പിക്കുവാൻ ഏറ്റവും പരിപാവനമായ സ്ഥാനമായി കണക്കാക്കുന്ന ഈ ക്ഷേത്രത്തിൽ ഈ കലകൾ പ്രാധാന്യത്തോടെ അവതരിപ്പിക്കാറുണ്ട്. ചാക്യാർ സമുദായത്തിലെ മാണി കുടുംബത്തിൽപ്പെട്ടവർക്കു മാത്രമേ ഇവിടെ കൂടിയാട്ടം അവതരിപ്പിക്കുവാൻ അവകാശമുള്ളൂ. രാജരാജേശ്വരക്ഷേത്രത്തിൽ ഇങ്ങനെയുള്ള ചടങ്ങുകൾ കൊട്ടുംപുറം എന്ന മണിഗോപുരത്തിൽ വച്ചാണ് നടത്തുന്നത്. ഇവിടെ പരശുരാമ സാന്നിദ്ധ്യം ഉണ്ടെന്നും വിശ്വസിക്കുന്നു. ഉദ്ദണ്ഡ ശാസ്ത്രികൾ തുടങ്ങി പല പണ്ഡിതന്മാരേയും കൊട്ടുംപുറം മണിഗോപുരത്തിൽ വച്ച് ആദരിച്ചിട്ടുണ്ട്. പണ്ടുകാലത്ത് രാജരാജേശ്വരക്ഷേത്രത്തിലെ പണ്ഡിതസദസ്സ് ഏകകണ്ഠമായിതീരുമാനിക്കുന്ന കലാകാരന്മാർക്ക് കൊട്ടും പുറം മണി ഗോപുരത്തിൽവച്ച് വീരശൃംഖല നൽകാറുണ്ടായിരുന്നു. ജ്യോതിഷം, വൈദ്യം, വ്യാകരണം എന്നിങ്ങനെയുള്ള ശാസ്ത്രങ്ങളിൽ മികവു തെളിയിക്കുന്നവർക്ക് ഇവിടെ വച്ചു ലഭിക്കുന്ന കീർത്തി മുദ്രകളും ബഹുമതികളും വളരെ വിലപ്പെട്ടതായി കണക്കാക്കുന്നു. പത്മശ്രീ മാണിമാധവചാക്യാർക്ക് വിദൂഷകരത്നം എന്ന പട്ടം നൽകി ആദരിച്ചത് രാജരാജേശ്വരക്ഷേത്രത്തിലെ കൊട്ടുപുറം മണിഗോപുരത്തിൽ വച്ചാണ്. രാജരാജേശ്വരക്ഷേത്രമെന്നും പെരുംതൃക്കോവിൽ എന്നും അറിയപ്പെടുന്ന ഈ ക്ഷേത്രത്തിലെ ദേവന് പെരുമാൾ സ്ഥാനമുണ്ട്. അതുകൊണ്ട് തന്നെ പെരുമാൾ സന്നിധിയിൽ വച്ചു കിട്ടുന്ന ബഹുമതികൾ കലാകാരന്മാരെ സംബന്ധിച്ച് അമൂല്യങ്ങളാണ്. കഴിഞ്ഞ 700 വർഷങ്ങളായി ശ്രീരാജരാജേശ്വരക്ഷേത്രത്തിലെ എല്ലാ വിശേഷങ്ങൾക്കും സാക്ഷിയായി ഒരു മുത്തശ്ശി ഇവിടെ ഉന്മേഷവതിയായി നില്ക്കുന്നു. ഏഴിലം പാലയെന്ന ഈ വൃക്ഷമുത്തശ്ശിക്ക് സാമൂഹിക വനവല്ക്കരണവകുപ്പ് വൃക്ഷമുത്തശ്ശി പട്ടം നൽകി ആദരിക്കുകയുണ്ടായി. രാജരാജേശ്വര ക്ഷേത്രത്തിൽ മണിക്കിണറില്ല, ഗംഗാസങ്കല്പത്തിൽ ഒരു ജലാശയമാണുള്ളത്. ആദ്യകാലത്ത് ഇവിടെ കിണർ കുഴിച്ചിട്ട് വെള്ളം കിട്ടിയില്ല. പിന്നീട് പരശുരാമൻ ഗംഗയെ ഇവിടേക്ക് ആവാഹിച്ചുവരുത്തി എന്നാണ് ഐതിഹ്യം. ഗംഗാസങ്കല്പത്തിലുള്ള ഈ ജലാശയത്തിലെ ജലമാണ് ആചാരപൂർവ്വം ക്ഷേത്രാവശ്യങ്ങൾക്ക് പൂജാരിമാർകൊണ്ടുപോകുന്നത്. വേനൽക്കാലത്ത് ഈ പ്രദേശത്തെ ആഴമുള്ള കിണറുകൾ വറ്റിവരളുമ്പോൾ അഞ്ചുകോൽമാത്രം ആഴമുള്ള ഗംഗാസങ്കല്പത്തിലുള്ള ഈ ജലാശയത്തിലെ വെള്ളം. വറ്റാറില്ല എന്നതും ഒരു

പ്രത്യേകതയാണ്. രാജരാജേശ്വരക്ഷേത്രത്തിൽ വെറുംകയ്യോടെ വന്ന് ഭഗവാനെ ദർശിക്കുവാൻ പാടില്ല എന്നാണ് വിശ്വസിക്കുന്നത്. രാജരാജേശ്വരനായ ഭഗവാന്റെ വിഗ്രഹം അഗസ്ത്യ മഹർഷി പ്രതിഷ്ഠിച്ച സമയത്ത് തെളിയിച്ച നെയ്ദീപം ഇന്നും കെടാവിളക്കായി ജ്വലിച്ചു കൊണ്ടേയിരിക്കുന്നു. ഈ കെടാവിളക്കിനെ പ്രോജ്ജ്വലിപ്പിക്കുവാനായി നെയ്ക്കുടവുമായി വേണം ദേവദർശനം നടത്തേണ്ടത് എന്നാണ് വിശ്വാസം. ശ്രീമഹാദേവൻ ഇവിടെ രാജാക്കന്മാരുടെ രാജാവായി കുടികൊള്ളുന്നതിനാലും രാജസദസ്സിലേക്ക് സ്ത്രീകൾ പ്രവേശിക്കാറില്ല എന്നതിനെ അന്വർത്ഥമാക്കിക്കൊണ്ടുമായിരിക്കാം സ്ത്രീകൾക്ക് പകൽസമയങ്ങളിൽ നാലമ്പലത്തിലേക്ക് പ്രവേശനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. രാത്രി അത്താഴ പൂജക്കുശേഷം ഭഗവാന് ഉമാമഹേശ്വരസങ്കല്പമാണ് കൽപിച്ചിരിക്കുന്നത്. ഈ സമയത്ത് സ്ത്രീകൾക്ക് കയ്യിൽ നെയ്യമൃതുമായി ക്ഷേത്രത്തിനകത്തേക്കു പ്രവേശിക്കാം. സംക്രാന്തിയും ബുധനാഴ്ചയും ചേർന്ന ദിവസമായിരുന്നു ക്ഷേത്രപ്രതിഷ്ഠ നടന്നത്. അതിനാൽ ബുധനാഴ്ചയും സംക്രാന്തിയും ഈ ക്ഷേത്രത്തിൽ വിശേഷദിവസങ്ങളാണ്.

തളിപ്പറമ്പ് ലക്ഷ്മീപുരമെന്നും അറിയപ്പെടുന്നതിനും ഒരു ഐതിഹ്യമുണ്ട്. രാജരാജേശ്വരക്ഷേത്രത്തിന്റെ പുനർനിർമ്മിതികളൊക്കെ നടത്തിയെങ്കിലും ക്ഷേത്രത്തിന് ഐശ്വര്യവർദ്ധനവൊന്നും ഉണ്ടായില്ല. ഐശ്വര്യക്കുറവിന്റെ കാരണം മഹാലക്ഷ്മിസാന്നിദ്ധ്യമില്ലാത്തതാണ് എന്നു മനസ്സിലായി. ഒരിക്കൽ നാരദമഹർഷി വൈകുണ്ഠത്തിലെത്തി തളിപ്പറമ്പ് രാജരാജേശ്വരക്ഷേത്രവിശേഷങ്ങളും ഉത്സവവിശേഷങ്ങളും വർണ്ണിച്ചു. നാരദമഹർഷിയുടെ വർണ്ണനകൾ കേട്ട വിഷ്ണുഭഗവാന് ഉത്സവം കാണണമെന്നു മോഹമുണ്ടായി. ഉത്സവം കാണുന്നതിനായി ലക്ഷ്മീ സമേതനായി ഭഗവാൻ തളിപ്പറമ്പിലേക്കു പുറപ്പെട്ടു. ശംബരമഹർഷിയുടെ ആശ്രമത്തിൽ തൃച്ചംബരത്ത് വന്നു വിശ്രമിച്ചു. ഉത്സവം തുടങ്ങുവാൻ ഇനിയും സമയമായിട്ടില്ലല്ലോ. അതിനുമുമ്പ് രാജരാജേശ്വരനെ‍ഒന്നു ദർശിച്ചു വരാം എന്നു പറഞ്ഞ് ലക്ഷ്മീദേവി തനിച്ച് രാജരാജേശ്വക്ഷേത്രത്തിലെത്തി. ശ്രീകോവിലിലേക്കു നോക്കിയ ലക്ഷ്മിദേവി ശംഖ് ചക്രഗദാപത്മധാരിയായി വനമാലയും ധരിച്ച് ഇരിക്കുന്ന മഹാവിഷ്ണുവിനെ കണ്ട് അത്ഭുതപ്പെട്ടു. വിഷ്ണുരൂപം ധരിച്ച പരമശിവനായിരുന്നു ദേവിക്ക് അതുമനസ്സിലായില്ല. ശ്രീകോവിലിലെത്തിയ ലക്ഷ്മീദേവിയെ പരമശിവൻ മണിപീഠത്തിൽ ഉപവിഷ്ഠയാക്കി. ഈ സമയം വിഷ്ണുഭഗവാനും അവിടെയെത്തി.

തുടരും

*****

കരകലിത കരംഗം, കണ്ണിലത്യന്തപിംഗം,
ചികുരഭരിത ഗംഗം, ചീർത്ത കാരുണ്യരംഗം,
പരികലിതഭുജംഗം, പർവ്വതാപത്യസംഗം,
മരുവുക ഹൃദിതുംഗം, മാമകേ ശൈവമംഗം

തുംഗം ശൈവമംഗം മാമകേ ഹൃദി മരുവുക എന്ന് നാം പാദത്തിന് അന്വയം. കയ്യിൽ മാനും കണ്ണിൽ ചുവപ്പും തലമുടുയിൽ ഗംഗയും മനസ്സിൽ അധികമായ കാരുണ്യവും പാമ്പുകളെക്കൊണ്ട് അലങ്കാരവും പാർവ്വതീദേവിയുടെ സംഗ (കൂട്ട്)വും ഉള്ള ശിവന്റെ ശ്രേഷ്ഠമായ രൂപം എൻെറ ഹൃദയത്തിൽ വസിക്കുക.

# സുഭാഷിതം

വിദ്വൽപ്രഭ . ജെ. എസ് – 9847537007

യഥാർത്ഥഭക്തൻ ഏറ്റവും അധികം ഉപവസിയ്ക്കുകയോ, പ്രാർത്ഥിക്കുകയോ ചെയ്യുന്നവനല്ല. ലഹരിവസ്തുക്കൾ വർജ്ജിച്ച് നീതിയും, വിശുദ്ധിയും പുലർത്തുന്നവനും ചെറുതും വലുതുമായ ഓരോ നന്മയും ചെയ്ത് എന്തിനും ദൈവത്തോട് നന്ദി രേഖപ്പെടുത്തുന്നവനാണ് യഥാർത്ഥ ഭക്തൻ.

ദാനവും, ധർമ്മവും പ്രധാനമാണ്. എന്നാൽ ഫലപ്രാപ്തിയിലെത്താൻ കൃതജ്ഞതാനിർഭരമായ ഹൃദയത്തിനും പ്രസക്തിയുണ്ടെന്നോർക്കുക. ദൈവം ദേവാലയങ്ങളിലെന്നതിലുപരി ഓരോ കൃതജ്ഞതാനിർഭരമായ ഹൃദയത്തിലാണ് കുടികൊള്ളുന്നത്.

ഒരു പാത്രത്തിൽ ഇരുമ്പുതരിയും മണൽത്തരിയും ഉള്ളപ്പോൾ ഇരുമ്പുതരി കൈകൊണ്ടുമാറ്റുക പ്രയാസം. കാന്തമുപയോഗിച്ചാൽ ഇരുമ്പുതരികളെ സുഗമമായി മാറ്റാം. അതുപോലെയാണ് നന്ദിപുരസ്സരം ദൈവത്തെ സ്മരിക്കുന്നത്.

നാം എപ്പോഴും ലഭിയ്ക്കാത്തതിനായി പോരാട്ടം നടത്തും. സ്വയം ശപിക്കും. മറ്റുള്ളവരുമായി താരതമ്യം ചെയ്ത് നിരാശരാകും. നമുക്കു ലഭിച്ച സൗഭാഗ്യം നമുക്കു കാണാൻ കഴിയില്ല. വരദാനമായി നമുക്കു ലഭിച്ച അനുഗ്രഹങ്ങൾ മറന്നുപോകും.

ഹെലൻ കില്ലർ പറയുന്നത് ഇപ്രകാരമാണ് എനിക്കു ലഭിച്ചിരിക്കുന്ന നന്മകളുടെ ആധിക്യത്താൽ കുറവുകളെക്കുറിച്ചോർക്കാൻ സമയമില്ല. കണ്ണും, കാതും, നാവും പ്രവർത്തനക്ഷമമല്ലാത്ത വ്യക്തികൾ ഇങ്ങനെ ചിന്തിക്കുമ്പോൾ എല്ലാ അനുഗ്രഹവുമുള്ളവർ പരാതിയും പരിഭവവുമായി സമയം കളയുന്നു.

നാം നമ്മുടെ സഹജീവികളോട് ഓരോ നിമിഷവും ഓരോ കാര്യത്തിലും കടപ്പെട്ടവരാണെന്ന് സൗകര്യാർത്ഥം മറക്കുന്നു. അന്യോന്യമുള്ള ബന്ധത്തിൽ ഇന്ന് നന്ദിയ്ക്കു സ്ഥാനമില്ലാതെയാകുന്നു. അമ്മയും അച്ഛനും കടമ നിർവ്വഹിക്കുന്നു എന്ന ചിന്തയാണ് മക്കൾക്ക് അദ്ധ്യാപകർ പഠിപ്പിക്കുന്നു. അതു കടമയായി വിദ്യാർത്ഥികൾ ചിന്തിക്കുന്നു. അത്തരത്തിലുള്ള പുതിയ ഒരു സംസ്ക്കാരം രൂപം കൊള്ളുകയാണിന്ന്.

വികലമായ ചിന്തകളും, വികൃതമായ സമീപനങ്ങളും അവരിൽ സ്വാധീനം ചെലുത്തുന്നു. കൃതജ്ഞത പുലർത്തേണ്ട ആവശ്യകത ഇന്നത്തെ തലമുറയെ ബോധ്യപ്പെടുത്തേണ്ടിയിരിയ്ക്കുന്നു.

കുഞ്ഞുപ്രായത്തിൽത്തന്നെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കാൻ മുതിർന്നവർ ശ്രമം നടത്തിയാലേ അവരുടെ മാനസികാവസ്ഥ കൃതജ്ഞതാ നിർഭരമാകൂ എന്ന് ഓർമ്മപ്പെടുത്തട്ടെ.

*****

**സ്പഷ്ടം വിഭോ നിന്റെയുപാസനത്തി**
**ന്നിഷ്ടം സുഖം നീ മമ നല്കീടേണം.**
**അഷ്ടാംഗയോഗത്തെ വഹിച്ചു**
**ഞാൻ നിൻ**
**തുഷ്ടിക്കു സൽഭംജനമായ് ഭവിക്കാം.**

***– ഭാഷാനാരായണീയം***

# മദ്യവും മയക്കുമരുന്നും

യു. എസ്. രവീന്ദ്രൻ - 9496120978

*തുടർച്ച*

മദ്യവും പുകവലിയും കഴിഞ്ഞാൽ കഞ്ചാവാണ് കേരളത്തിൽ ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്ന ലഹരി വസ്തു. ചരസ്സ്, ഭാംഗ്, ഹഷീഷ് എന്നീ പേരുകളിൽ ഇവ ലഭ്യമാണ്. കഞ്ചാവ് ടൺ കണക്കിന് എത്തിക്കുന്ന അധോലോക ശൃംഖല തന്നെയുണ്ട്. പഴയനിയമത്തിൽ സാമുവലിന്റെ പുസ്തകത്തിലെ തേൻ വൃക്ഷവും സോളമന്റെ ഗീതത്തിലെ കലാമസും കഞ്ചാവുതന്നെയാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. മരിയ ജൂവാന ഒരു മെക്സിക്കൻ കഥയിലെ നായികയാണ്. ഈ നായികയുടെ പേരുതന്നെ കാലക്രമത്തിൽ മരിജ്ജുവാനയായും മരിഹുവാനയായും മാറി. അറേബ്യൻ കഥകളിലെ ആയിരത്തൊന്നുരാവികളിലെ ഒരു കഥ ഹഷീഷ് തീറ്റക്കാരന്റേതാണ്. ഹഷീഷിയ എന്നറിയപ്പെടുന്ന വംശജർ ഉപയോഗിച്ചിരുന്ന ഒരു വസ്തു എന്ന നിലയ്ക്കാണ് കഞ്ചാവ് പശയ്ക്കും ഹഷീഷ് എന്ന പേരുകിട്ടിയത്. ഈ വംശജരുടെ പേരിൽ നിന്നാണ് കൊലപാതകിക്ക് assasin എന്നും കൊലപാതകത്തിന് assasination എന്നും പേരും കിട്ടിയത്.

യൂറോപ്പിൽ കഞ്ചാവ് കൃഷി തുടങ്ങിയത് അതിന്റെ നാരുകൊണ്ട് ചരടുകൾ, തുണി, കാൻവാസ് എന്നിവ നിർമ്മിക്കാനുള്ള ഒരസംസ്കൃത വസ്തു എന്ന നിലയ്ക്കാണ്. കാൻവാസ് എന്ന പദം ഉരുത്തിരിഞ്ഞുവന്നത് കന്നാബിസ് (കഞ്ചാവ്) എന്ന വാക്കിൽ നിന്നാണ്. പഴയ കാലത്ത് കപ്പൽപായകൾ ഉണ്ടാക്കിയിരുന്നത് കഞ്ചാവുനാരുകൊണ്ടാണ്. യൂറോപ്യൻസ് കഞ്ചാവുകൃഷിയെ ഇതിനു വേണ്ടി പ്രോത്സാഹിപ്പിച്ചിരുന്നു. ഒരു യുദ്ധക്കപ്പലിന്റെ പായ നിർമ്മിക്കാൻ 80 ടൺ കഞ്ചാവ് വേണമെന്ന് ബോധ്യമായ ഹെന്റി എട്ടാമൻ ചക്രവർത്തി ഓരോ കർഷകനും തന്റെ കൃഷിഭൂമിയിൽ ഒരു ഭാഗം കഞ്ചാവ് കൃഷിക്ക് വേണ്ടി നീക്കിവയ്ക്കണമെന്ന് കല്പന പുറപ്പെടുവിച്ചിരുന്നു. പിന്നീട് കഞ്ചാവ് നാരുകൊണ്ട് വസ്ത്രവും ഉണ്ടാക്കി തുടങ്ങി. തുടർന്ന് വിവിധ ജനുസ്സുകളിൽ കഞ്ചാവു ചെടികൾ ബിയർ നിർമ്മാണത്തിന് ഉപയോഗിച്ചു തുടങ്ങി. കഞ്ചാവിൽ അടങ്ങിയിട്ടുള്ള രാസപദാർത്ഥമായ ടെട്രാഹൈഡ്രോകന്നാബിനോളി (ടി.എച്ച്.സി) ന്റെ അളവിനനുസരിച്ച് അതിന്റെ വിലകൂടും. 'റീഫർ' എന്നറിയപ്പെടുന്ന കഞ്ചാവ്സിഗററ്റ് പലരും മാറിമാറി വലിക്കാറുണ്ട്. പത്തുശതമാനം മുതൽ പതിനഞ്ചുശതമാനം വരെ ടി.എച്ച്.സിയുള്ള കഞ്ചാവ്ബീഡികൾ വളരെ അപകടകാരികളാണ്. ജയിലുകൾ, ഹോസ്റ്റലുകൾ, സ്വവർഗ്ഗരതിക്കാരുടെ സങ്കേതങ്ങൾ എന്നിവിടങ്ങളിൽ എത്തിച്ചുകൊടുക്കുന്ന സാമൂഹ്യ വിരുദ്ധരുടെ ശൃംഖല വളരെ സജീവമാണ്. ഓർഗാനിക്ക് ലായനിയിൽ കഞ്ചാവ് ചൂടാക്കി ഹഷീഷ് ഓയിൽ നിർമ്മിക്കുന്നു. ഇത് കറുത്ത കുപ്പികളിൽ സൂക്ഷിക്കുന്നത് സൂര്യപ്രകാശം ഏറ്റ് വീര്യം കുറയാതിരിക്കാനാണ്. ഹാഷ്ഓയിൽ, മാഞ്ചുഓയിൽ എക്സ്ടാക്റ്റ്, ഹണി ഓയിൽ, ടിങ്ങ്ചർ എന്നീ പല പേരുകളിൽ ഈ ഉല്പന്നം വിതരണം ചെയ്യപ്പെടുന്നു. സിഗററ്റിൽ ഒരു തുള്ളി ഹഷീഷ് ഓയിൽ ചേർത്തു വലിക്കുന്ന ഒരു ഇളംതലമുറ ഇപ്പോൾ വളർന്നു വരുന്നുണ്ട്. കഞ്ചാവിന്റെ ആഘാതം ഏറ്റുവാങ്ങുന്നത് മസ്തിഷ്ക്കം തന്നെയാണ്. വിഭ്രാന്തി ഉണ്ടാക്കുന്ന വസ്തുവാണ് കഞ്ചാവ്. ഇല്ലാത്ത വസ്തുക്കൾ ഉണ്ടെന്നു തോന്നും. അതുകൊണ്ടാണ് ചിലർക്ക് ചിറകുമുളച്ചെന്ന

തോന്നലുണ്ടായി പറക്കാൻ ശ്രമിച്ച് വീണു പോകുന്നത്. സമയത്തിന്റെ ദൈർഘ്യം കൂടുതലായി തോന്നും. ഇങ്ങനയുള്ളവർ വാഹനമോടിക്കുമ്പോൾ ബ്രേക് ചവിട്ടാൻ വൈകിപ്പോയാൽ എന്താകും സ്ഥിതി? കഞ്ചാവ് ഉപയോഗിക്കുന്നവരിൽ പുരുഷ ഹോർമോണിന്റെ അളവ് ക്രമേണ കുറയും. വേദന കുറയ്ക്കുന്നതിനും, കുടലിൽ ഗ്യാസ് ഉണ്ടാകുന്നത് നിയന്ത്രിക്കുന്നതിനും കഞ്ചാവ് മരുന്നായി ഉപകരിക്കാറുണ്ട്. എന്നാൽ ഇതിന്റെ അമിതോപയോഗം ഷണ്ഡത്വം ഉണ്ടാക്കിയേക്കാം. ഔഷധമെന്ന നിലയിൽ കഞ്ചാവ് ഉപയോഗിക്കാറുണ്ടെങ്കിലും ദുരുപയോഗത്തിനുള്ള സാധ്യതയും അപകടാവസ്ഥയ്ക്കുള്ള സാദ്ധ്യതയും കണക്കിലെടുത്ത് ഡോക്ടർമാർ ഇത് നിർദ്ദേശിക്കാറില്ല. 1941 ൽ യു.എസ്. ഔഷധപട്ടികയിൽ നിന്നും കഞ്ചാവ് നീക്കം ചെയ്തു. കോവളത്തും മൂന്നാറിലും വയനാട്ടിലും ടൂറിസ്റ്റുകൾക്ക് കഞ്ചാവ് എത്തിച്ചുകൊടുക്കുന്ന ഒരു വൻ ശൃംഖലതന്നെ പ്രവർത്തിക്കുന്നുണ്ട്. ഉത്തരേന്ത്യൻ തൊഴിലാളികളും വൻതോതിൽ കഞ്ചാവ് കേരളത്തിൽ എത്തിക്കുന്നുണ്ട്. യൂണിഫോം ധരിച്ച് വിദ്യാർത്ഥികളെപ്പോലെ സ്ക്കൂളുകളിലും കോളേജുകളിലും എത്തി വിദ്യാർത്ഥികളെ കൂടി അവരുടെ ശൃംഖലകളിലെ കണ്ണികളാക്കാൻ ഇവർ ശ്രമിക്കുന്നു. ഒരുമിച്ച് സിനിമ കാണാനുള്ള ഇങ്ങനെയുള്ള കൂട്ടുകാരുടെ ക്ഷണം നിരസിച്ചേക്കുക. അവർ കഞ്ചാവിന്റെ ലഹരി ആസ്വദിക്കാനും ക്ഷണിച്ചേക്കാം.

**കഞ്ചാവിന്റെ ലഹരിയിൽ കുടുങ്ങുമ്പോൾ**

1. ഓർമ്മശക്തി, ജാഗ്രതാശേഷി, വ്യക്തിബന്ധങ്ങൾ എന്നിവ നഷ്ടപ്പെടുന്നു.
2. മനോരോഗാതുരത വർദ്ധിപ്പിക്കുന്നു. ആശങ്ക സംശയം മതിഭ്രമം, ഉത്സാഹമില്ലായ്മ പെരുമാറ്റവൈകല്യങ്ങൾ എന്നിവ പ്രകടമാക്കുന്നു.
3. ദീർഘകാല ശ്വാസകോശരോഗങ്ങൾ (Chronic obstructive pulmonary diseas (COPD) വർധിപ്പിക്കുന്നു. രോഗാണു ബാദ്ധ്യത കൂടുന്നു.
4. ബീഡിപുകയിലോ, സിഗററ്റ്പുകയിലോ ഉള്ളത്ര അളവിലോ അതിൽ കൂടുതലോ കാർബൺമോണോക്സൈഡ് കഞ്ചാവ് പുകയിലുണ്ട്. രക്തത്തിലെ ഹീമോ ഗ്ലോബിനുമായി ചേർന്നു കാർബോക്സിഹീമോഗ്ലോബിൻ ഉണ്ടാകുക വഴി അതിന്റെ പ്രാണവായുശേഷി ഇല്ലാതാകുന്നു.
5. കഞ്ചാവ് ഉപയോഗിക്കുന്നവരുടെ അക്കാഡമിക് ശേഷി ക്രമേണ കുറഞ്ഞുവരുന്നു.
6. രോഗങ്ങൾക്കുള്ള മരുന്നുകളുടെ ഫലസാദ്ധ്യത കഞ്ചാവ് ഉപയോഗിക്കുന്നവരിൽ കുറയുന്നു.
7. ഗർഭകാലത്ത് കഞ്ചാവ് ഉപയോഗിക്കുന്നവരുടെ കുഞ്ഞുങ്ങളിൽ വൈകല്യസാദ്ധ്യത കൂടുന്നു. നവജാതശിശുവിൽ അപസ്മാരലക്ഷണങ്ങൾ, ആകസ്മികചലനങ്ങൾ കാഴ്ച വൈകല്യങ്ങൾ എന്നിവ ഉണ്ടാകാം.

കഞ്ചാവിന്റെ അത്ര പ്രസിദ്ധനല്ലെങ്കിലും ഒട്ടും മോശക്കാരനല്ലാത്ത ഒരു മയക്കുമരുന്നാണ് കറുപ്പ് (opium). പോപ്പിചെടിയിൽ നിന്നാണ് കറുപ്പ് ഉണ്ടാകുന്നത്. ഈജിപ്തിലെ BC 1550 വർഷത്തോളം പഴക്കമുള്ള മമ്മികളോടൊപ്പം പോപ്പിച്ചെടിയും കണ്ടെത്തിയിട്ടുണ്ട്. (പരലോകത്ത് കറുപ്പ് കിട്ടാതെ വിഷമിക്കരുതല്ലോ) ഈജിപ്തിലെ സിസിയോൺ നഗരത്തിൽ കറുപ്പുകൃഷി വ്യാപകമായിരുന്നു. ആ നഗരത്തിന് മിക്കോൺ എന്ന പേരു ലഭിച്ചു.

നവജാതശിശുവിന്റെ ആദ്യത്തെ മലവിസർജ്യത്തിന് കറുപ്പുമായി സാദൃശ്യമുള്ളതുകൊണ്ടാകാം മിക്കോണിയം എന്ന ഇംഗ്ലീഷ് പേരുകിട്ടിയത്.

അലക്സാണ്ടറുടെ ആക്രമണകാലത്ത് (BC 356 -323) സൈനികർ വഴിയാണ് കറുപ്പ് ഇന്ത്യയിലെത്തിയത്. ലഹരി പൂണ്ട് സ്വന്തം പിതാവിന്റെ കരണത്തടിച്ച അലക്സാണ്ടറിനെയാണ് Alexander the great എന്നു വിളിക്കുന്നത്. വളരെ വേഗം ഇന്ത്യയിൽ കറുപ്പുകൃഷിയും സംസ്കരണവും ഉപഭോഗവും വ്യാപകമായി കറു

പ്പുചേർത്ത പാനീയങ്ങൾ നൽകി അതിഥികളെ സ്വീകരിക്കുന്ന രീതി ഇന്നും ചിലയിടങ്ങളിലും നിലനിൽക്കുന്നു. ബാബറും ഹുമയൂണും കറുപ്പ് ഉപയോഗിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കറുപ്പ് നല്ല നികുതി സ്രോതസ്സാണെന്ന് മനസ്സിലാക്കി ബ്രിട്ടീഷുകാർ അന്ന് കറുപ്പുകച്ചവടം ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കീഴിലാക്കി.

ലോകമെമ്പാടും ഔഷധങ്ങൾക്കായി ഉപയോഗിക്കുന്ന കറുപ്പിന്റെ 50 ശതമാനവും ഇന്ത്യയിലാണ് ഉല്പാദിക്കപ്പെടുന്നത്. ചോളം, പുകയില, മറ്റുവിളകൾ എന്നിവയ്ക്കൊപ്പം തന്നെ കർഷകർ കറുപ്പും കൃഷിചെയ്യുന്നു. മെയ് ജൂൺ മാസങ്ങളിൽ പോപ്പിച്ചെടികൾ പൂക്കുന്നു. പരാഗണം കഴിഞ്ഞാൽ ഇതളുകൾ കൊഴിഞ്ഞു പോകുന്നു. ബാക്കിനിൽക്കുന്ന പോപ്പികായ്കൾക്ക് പേരക്കയുടെ വലിപ്പമുണ്ടാകും. കായയുടെ പുറമേ വരയുമ്പോൾ ഊറി വരുന്ന പശയാണ് സംസ്ക്കരിച്ച് കറുപ്പായി വിൽക്കുന്നത്. പ്രത്യേകമണവും കയ്പ് രുചിയുമുണ്ട്. 50 മില്ലിഗ്രാം കറുപ്പു കഴിച്ചാൽ താല്ക്കാലികമായി സുഖാനുഭൂതി ഉണ്ടാകും. അളവ് കൂടിയാൽ ഉറങ്ങും. രണ്ടുഗ്രാം കറുപ്പ് അകത്തു ചെന്നാൽ മരണം സംഭവിക്കും. കറുപ്പിൽ നിന്നും മോർഫിൻ, ഹിറോയ്ൻ, കോഡിൻ, നൊസ്കാപിൻ, തിബെയ്ൻ, ഹൈഡ്രോകോഡോൺ, ഹൈഡ്രോമോർഫിനോൺ, കീറ്റോബിമിഡോൺ, ഓക്സിഡോൺ, ടിലിഡിൻ, അനിലെറിഡിൻ, ഫെന്റാനിലാം പെതിഡിൻ, ബ്രൂഫിനോർഫിൻ, മെതഡോൺ, പ്രോ പ്രോക്സിഡീഫീൻ, ഇറ്റോർഫിൻ എന്നീ മയക്കു മരുന്നുകൾ ഉണ്ടാക്കുന്നുണ്ട്. വായിലൂടെ കഴിച്ചും. മൂക്കിലൂടെ വലിച്ചും സിറിഞ്ച്കൊണ്ട് കുത്തിവച്ചും ഇവ ഉപയോഗിക്കുന്നുണ്ട്. കേരളത്തിൽ മയക്കുമരുന്നു ലോബിയുടെ അടിമകളായവർ വഴി ഇതിന്റെ വില്പനയും ഉപയോഗവും ദിനം പ്രതിവർദ്ധിച്ചുകൊണ്ടിരിക്കുന്നു.

**കൊക്കെയ്ൻ അഥവാ കോക്ക്:-** വളരെ ചുരുങ്ങിയ കാലയളവിൽ അടിമത്തം അടിച്ചേൽപ്പിക്കുന്ന മരുന്നാണ് കൊക്കെയ്ൻ, പൗഡർബ്ലോ, ബ്ലൂഗർ, ഫ്ലേക്, സിസിൽ ഡസ്റ്റ്, ഗേൾ, ലേഡി, സ്റ്റോടൂട്ട്, നോഡ്, കാൻഡി, ബിസ്ക്കറ്റ്, തുടങ്ങിയ പേരുകളിൽ വിളിക്കുന്ന കൊക്കെയ്ൻ തിന്നുകയോ, മൂക്കിൽ വലിക്കുകയോ ചെയ്യാം. ക്രാക്ക്, ബോളോ ബൌബൌ, ബോൺ, ക്രഷർ, ബുള്ള്യൻ എന്നീ പേരുകളിൽ ലഭിക്കുന്നത് കുത്തിവയ്ക്കാനുള്ളതാണ്. പുകവലിയ്ക്കാനുള്ള കൊക്കെയ്ൻ ഫ്രീബേസ് എന്നറിയപ്പെടുന്നു. ബേസ്ബോൾ, പാസ്റ്റ റോക്ക് ഹെവൻ ബൌൾഡർ എന്നീ പേരിലും പുകവലിക്കാനുള്ളവ ലഭ്യമാണ്. കൊക്കെയ്ൻ ഒരു ഉത്തേജകമാണ്. വലിക്കുന്നയാൾ പെരുമ്പാമ്പിനാൽ ചുറ്റപ്പെട്ട ഇരയെപ്പോലെയാണ്.

കൊക്കെയ്ൻ ഉണ്ടാക്കുന്നത് കൊക്കാ ചെടിയിൽ നിന്നാണ്. ചോക്കലേറ്റ് ഉണ്ടാക്കുന്ന കൊക്കൊ ചെടിയുമായി ഇതിന് യാതൊരു ബന്ധവുമില്ല. എറിത്രോസൈലോൺ എന്നാണ് കൊക്കാചെടിയുടെ ശാസ്ത്രനാമം. ഇതിന്റെ ഇലയാണ് ലഹരി വസ്തുക്കൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്നത്. വെളുത്ത നിറമുള്ള പൊടിയാണ് കൊക്കേൻ.

ശാസ്ത്രനാമം ബെൻസോയ്ൽ മിതൈൽ ഇക്ഗോണിൻ എന്നാണ്. പല ചികിത്സകളിലും വേദന സംഹാരി ആയിട്ടാണ് കൊക്കെയ്ൻ ഉപയോഗിച്ചു തുടങ്ങിയതെങ്കിലും പിന്നീട് മയക്കുമരുന്നായി അത് ദുരുപയോഗം ചെയ്യുകയായിരുന്നു.

കൊക്കെയ്ൻ ഉപയോഗത്തിന് അടിമയായ വ്യക്തി അത്ര എളുപ്പം രക്ഷപ്പെടില്ല. പിന്മാറ്റ ശ്രമങ്ങൾ അയാളെ വലയ്ക്കുന്നു. ആശങ്ക, ഉറക്കമില്ലായ്മ, വികാരരാഹിത്യം വിറയൽ, കോപം, തലചുറ്റൽ, വിഭ്രാന്തി, വയറുവേദന, പേശിവേദന, ഓർമ്മകുറവ്, ശക്തിയായ ചുമ, അമിത വിശപ്പ്, അപസ്മാര ലക്ഷണങ്ങൾ, അക്രമാസക്തി എന്നീ ലക്ഷണങ്ങൾ എല്ലാവരിലും കാണണമെന്നില്ല. ഉപയോഗം തുടർന്നുകൊണ്ടേയിരിക്കും. തുടർന്ന് ഹൃദയ പേശികളുടെ സ്ഥാനത്ത് നാരുകലകൾ രൂപ

ംകൊള്ളാൻ തുടങ്ങും. ഹൃദയത്തിന്റെ ശേഷി തകർന്ന് മയോകാർഡിയൽ ഫൈബ്രോസിസ് എന്ന രോ ഗാവസ്ഥയുണ്ടാകുന്നു. രക്തത്തിലെ പ്ലേറ്റ്ലെറ്റുകൾ കൂടി ചേർന്ന് കട്ടിയാകാനുള്ള സാദ്ധ്യതയും കൊക്കെയ്ൻ വർദ്ധിപ്പിക്കുന്നു. എല്ലാം കൂടി ചേർന്ന് ഹൃദയാഘാതത്തിൽ കൊണ്ടുചെന്നെത്തിക്കുന്നു.

ലോകത്തിലെ കൊക്കോ ഇല ഉൽപാദത്തിന്റെ 35 ശതമാനവും കൊളംബിയ്ക്ക് അവകാശപ്പെട്ടതാണ്. ഇന്ത്യയിലേക്ക് കൊക്കെയ്ൻ എത്തിക്കുന്നതിൽ നൈജീരിയൻ പൗരന്മാരുടെ പങ്ക് ചെറുതല്ല. ലൈസെർജിക് ആസിഡ് ഡൈ എതിലാമൈഡ് (LSD) എന്ന മയക്കുമരുന്ന് വേർതിരിച്ചെടുക്കുന്നത് ചില കുമിളുകളിൽ അടങ്ങിയിട്ടുള്ള ആൽക്കലോയ്ഡ് കളിൽ നിന്നാണ്. ഇതിനുവേണ്ടി പരീക്ഷണം നടത്തികൊണ്ടിരുന്നപ്പോൾ ഡോക്ടർ ആൽബർട്ട് ഹോഫ്മാന്റെ കയ്യിൽ നേരത്തേ ഏറ്റിരുന്ന പോറലിൽ LSD പുരളാൻ ഇടയായി. അദ്ദേഹത്തിന് മനസ്സും ശരീരവും വേർപെട്ടപോലെയായി. വിവിധവർണ്ണങ്ങൾ മിന്നിമറയുന്നു എല്ലാവരും നൃത്തം ചെയ്യുന്നു. ചുമരുകളിൽ സ്പന്ദനം അനുഭവപ്പെടുന്നു. വിഭ്രാന്തിയുണ്ടാക്കുന്ന LSD യുടെ ഉൽഘാടനമാണ് അത് നടന്നത്. ആദ്യമാദ്യം ചെറിയതോതിൽ മരുന്നുകളായിട്ടാണ് ഉപയോഗിച്ചു തുടങ്ങിയതെങ്കിലും LSD യുടെ ദുരുപയോഗം വ്യാപകമായി. ഹിപ്പിസംസ്ക്കാരം വളർന്നു വന്ന കാലഘട്ടത്തിൽ LSD വ്യാപകമായി പ്രചരിക്കപ്പെട്ടു. ഇപ്പോൾ നാക്കിന്നടിയിൽ വയ്ക്കാവുന്ന സ്റ്റാമ്പ് രൂപത്തിൽ LSD ലഭ്യമാണ്. LSD ഉപയോഗിക്കുന്നവരിൽ ദീർഘകാലം നീണ്ടുനിൽക്കുന്ന സംശയരോഗവും ദ്വന്ദവ്യക്തിത്വവൈകല്യവും ഉണ്ടാകാം. സ്കിസോഫ്രീനിയ എന്ന രോഗത്തിന്റെ ലക്ഷണങ്ങൾ പലപ്പോഴും പ്രകടമാകുന്നു. മാനസികരോഗമുള്ളവർ LSD ഉപയോഗിച്ചാൽ ലക്ഷണങ്ങൾ തീവ്രമായി പ്രത്യക്ഷപ്പെടാറുണ്ട്. പലർക്കും കടുത്ത വിഷാദരോഗങ്ങൾ ഉണ്ടാകാറുണ്ട്. LSD ഉപയോഗം ശീലമാക്കിയവർ തങ്ങളുടെ അവസ്ഥയെ trip എന്നാണ് പറയുന്നത്. ആംഫിറ്റമിൻപോലുള്ള രാസവസ്തുക്കളോടൊപ്പം LSD ഉപയോഗിക്കുകയാണെങ്കിൽ മരണം വരെ സംഭവിക്കാവുന്നതാണ്. അതുകൊണ്ട് LSD trip കളെ Death trip എന്നും വിളിക്കാറുണ്ട്.

ശസ്ത്രക്രിയക്ക് മുമ്പായി മൃഗങ്ങളെ ബോധം കെടുത്താനോ ചികിത്സാസമയത്ത് വേദനയറിയാതെ ഇരിക്കാനോ പ്രയോഗിക്കുന്ന അനേകം മരുന്നുകൾ ദുരുപയോഗം ചെയ്യപ്പെടുന്നു. അതിലൊന്നാണ് പിസിപി എന്ന പേരിലറിയപ്പെടുന്ന ഫിനൈൽ ഡൈക്ലോ ഹെൽസിൽ പൈപെരിഡൈൻ സെർണിൽ എന്ന വിപണി പേരിൽ ഒരു കമ്പനി ഈ ഔഷധം പുറത്തിറക്കിയിട്ടുണ്ട്. ഇത് കേന്ദ്രനാഡീവ്യൂഹത്തെ മന്ദീഭവിപ്പിക്കുന്നില്ല. ഡയഫ്രത്തെ തളർത്തുന്നില്ല. ശ്വസനനിരക്ക് താഴ്ത്തുന്നില്ല. തന്മൂലം ഈ അനസ്തെറ്റിക് ഔഷധത്തിന്റെ ഗുണങ്ങൾ വാഴ്ത്തപ്പെട്ടു. പക്ഷേ ചിത്തഭ്രമമുണ്ടാക്കുക, കാഴ്ചത്തകരാറുകൾ ഉണ്ടാക്കുക, മിഥ്യാബോധം ഉളവാക്കുക തുടങ്ങിയ പാർശ്വഫലങ്ങൾ ഏറെ താമസിയാതെ വ്യക്തമായി. ആദ്യം ഈ മരുന്നു പിൻവലിക്കപ്പെട്ടുവെങ്കിലും പിന്നീട് വേറെ പേരിൽ പുറത്തിറങ്ങി. നിശാക്ലബ്ബുകളിലും ഇരുണ്ടനഗരകേന്ദ്രങ്ങളിലും വെളുത്ത പൊടി രൂപത്തിൽ ഈ മരുന്ന് ലഭ്യമാണ്. ഗർഭിണികളിൽ പിസിപി ഉപയോഗിച്ചാൽ ഉണ്ടാകുന്ന ദുരന്തങ്ങൾ അടുത്ത തലമുറയിലേക്കു കൂടി പകരുന്നു. എൻജൽഡസ്റ്റ്, മാജിക്മിസ്റ്റ്, അമീബ, ബ്ലൂസ്റ്റാർ മാഡ് മാൽപീസ് പിൻ, റോക്കററ് ഫ്യൂവൽ, ഗൊറില്ല ബിസ്ക്കറ്റ് ബിസിബി എന്നീ അപരനാമങ്ങളിലും പിസിപി ലഭ്യമാണ്. പിസിപിയുമായി ഘടനയിലും പ്രവർത്തനങ്ങളിലും സാമ്യമുള്ള മുപ്പതോളം രാസവസ്തുക്കളുണ്ട്. ഇവയിൽ ഏറ്റവും കൂടുതൽ ദുരുപയോഗം ചെയ്യുന്ന വസ്തുവാണ് കിറ്റമിൻ. വിയറ്റ്നാം യുദ്ധകാലത്ത് വേദനയിൽ നിന്നും മുക്തിനേടാൻ യോദ്ധാക്കൾ കിറ്റമിൻ ഉപയോഗിച്ചിരുന്നു. പിന്നീട് ഇത് ദുരുപയോഗം ചെയ്ത് വിശ്രമവേളയിൽ പാനീയങ്ങളിൽ കലർത്തിയും മൂക്കിൽ വലിച്ചും താല്ക്കാലിക ആഹ്ളാദങ്ങൾക്ക് വഴിയൊരുക്കി. *(തുടരും)*

# നമഃശിവായ

ഡോ. കെ. ഹരിഹരൻ – 9847313322

*(തുടർച്ച)*

**ജ**ലം മാത്രം അർപ്പിച്ച് യജ്ഞം ചെയ്യാറില്ല. പാർത്ഥിവങ്ങളായ യവാദികൾ, തൈജസങ്ങളായ നെയ്യ് മുതലായവയും വേണം. ഇവയിൽ അധികവും ജലാംശം തന്നെയാണ്. 'ശ്രദ്ധാവാ ആപ' എന്ന ശ്രുതിയെ ഉദ്ധതിരിട്ടുണ്ട്. ശ്രദ്ധ തന്നെ ജലമെങ്കിൽ ഭൂയസ്ത്വവും ജലാംശമാണ്. നെയ്യ്, പാല് തുടങ്ങിയ ഹവിഷ്യപദാർത്ഥങ്ങളിലെ ജലാംശം അഹൂതപദാർത്ഥങ്ങളിലെ ജലപ്രധാന അംശങ്ങളെ ആകർഷിച്ച് യജമാനനെ അതിൽ വേഷ്ടിതനാക്കുന്നു. ശ്രദ്ധ അതിസൂക്ഷ്മമായ ജലമാണ്. ശ്രദ്ധ യജ്ഞീയമായ ജലാംശത്തെ ആകർഷിച്ചെടുത്ത് യജമാനനിൽ നിവേശിപ്പിക്കും. നീരാവി ഊർദ്ധ്വഗമനശീലമുള്ളതാണ്. അതുപോലെ ശ്രദ്ധാസഹിതമായ ആഹൂതജലം ഊർദ്ധ്വഭാഗത്തേക്കു പോകും. ശ്രദ്ധയില്ലെങ്കിൽ ഊർദ്ധ്വഗതിയുമില്ല, പ്രയുക്തമായ ജലപ്രവാഹം താഴേക്കുതന്നെ പോകും. അപ്പോൾ യജ്ഞവും അധോഗതിയിലേയ്ക്ക് നയിക്കപ്പെടും. താമസയജ്ഞം നടന്നെന്നുവന്നാൽ അതിന്റെ യജമാനനും തമോഗണിയായിതീരും. അധ്വര എന്ന മൂന്നുമാർഗ്ഗങ്ങളും നൽകുന്ന ദക്ഷപ്രജാപതിയുടെ യജ്ഞം ഈശ്വരശ്രദ്ധാരഹിതമായിരുന്നു. അയാൾ സ്വയം ഈശ്വരനെന്ന് ഭാവിച്ചിരുന്നു. അയാളുടെ സാത്വിക അധ്വരം നഷ്ടമാകുകയും താമസ അധ്വരം കാര്യം നടത്തുകയും ചെയ്തു.

വീരഭദ്രൻ, ദക്ഷപ്രജാപതിയെ വധിച്ചു. യജ്ഞം പൂർത്തിയാക്കാൻ ദക്ഷപ്രജാപതിയുടെ കഴുത്തിൽ ആടിന്റെ തല കൂട്ടിച്ചേർത്ത് അയാളെ ജീവിപ്പിച്ചു. യജ്ഞവും പൂർത്തിയാക്കി. ദക്ഷൻ അതിനുശേഷം മരിച്ചു. അയാളുടെ ജന്മം പ്രാചേതസ്സിൽ നിന്നുണ്ടായി.

ഭൂ എന്നാൽ ജനിക്കുന്നവൻ. അതിന്റെ അന്ത്യമെന്നാൽ, അജ്ഞാനനിവൃത്തിയാൽ പരമാത്മാവുമായുള്ള ഐക്യം ഏകപുരുഷ രാഷ്ട്രം ഏകനും അദ്വിതീയവുമായ പരമാത്മാവാണ്, അവൻ തന്നെ അനേക രൂപത്തിൽ വിരാജിക്കുന്നതുകൊണ്ട് രാഷ്ട്രമാണ്. ഗൃഹ കുടുംബാദികളിൽ നിന്നുള്ള സുഖം (കുഴി) അതിൽപ്പെട്ടുപോയാൽ പിന്നെ പുറത്തുകടക്കാൻ ഒരു വഴിയുമില്ല. ബഹുരൂപിയായ നാരി, മായ തന്നെയാണ്. ആ നാരിയുടെ പേരുതന്നെ മായ. ചിലപ്പോൾ അവൾ ചുവന്നിരിക്കും, ചിലപ്പോൾ വെളുത്തിരിക്കും. ചിലപ്പോൾ അവൾ കറുത്തിരിക്കും. ഇവയാണ് ആളുകളുടെ മൂന്നു രൂപങ്ങൾ. പിന്നെ മിശ്രിതങ്ങൾ ആയിരവും ലക്ഷവും വരും. എന്തുകൊണ്ടെന്നാൽ, സത്വഗുണത്തിൽ രജസ്സു ചേരുമ്പോൾ, അല്പം കൂടുതൽ ചേരുമ്പോൾ അല്പം കൂടി ചേരുമ്പോൾ ഇങ്ങനെ രണ്ടു ഗുണങ്ങളും ചേർന്ന് ചേർന്ന് ഒരേയളവാകുന്നതുവരെ, ഓരോരോ അണുവ്യത്യാസപ്പെട്ട് ലക്ഷം ലക്ഷം ഭേദങ്ങൾ. ഇതുപോലെ തന്നെ തമസ്സു ചേർന്നും അതേ പോലെ പൂർണ്ണ രജസ്സും അല്പതമസ്സും ചേർന്ന മിശ്രിതങ്ങൾ ഇവയെല്ലാം ആ ബഹുരൂപീനാരിയുടെ രൂപങ്ങളാണ്. ഈ മുഴുവൻ സംസാരവും മായാമയമാണ്. അവസാനമായി ഒരു ചക്രത്തിന്റെ കാര്യം. അത് കാലചക്രമാണ്. ഇപ്പോഴും കറങ്ങിക്കൊണ്ടിരിക്കുന്നു. എല്ലാവരേയും കറക്കുകയും ചെയ്യുന്നു.

ദിവസം കടന്നുപോയി, രാത്രി കടന്നുപോയി, പ്രദോഷം കടന്നുപോയി, പ്രഭാതവും വന്നു കഴിഞ്ഞകൊല്ലം തണുപ്പുകാലം

വന്നുപോയി, ഇക്കൊല്ലം വീണ്ടും വരികയും പോകുകയും ചെയ്യും. ഇങ്ങനെ രാത്രി, പകൽ, ആഴ്ച, മാസം, അയനം, വർഷം എന്നിവ പുനരാവൃത്തമായി വന്നുകൊണ്ടേയിരിക്കുന്നു. എന്നാൽ, മാനവന്റെ ആശയും തൃഷ്ണയും വിട്ടുപോകുന്നില്ല. അനാദികാലം മുതൽക്കേ ഇങ്ങനെ കറങ്ങുകയാണ്. എന്നാൽ നമ്മൾ തന്നെയാണോ ഇങ്ങനെ കറങ്ങുന്നത് എന്ന് സംശയം ഉണ്ടാകും. സൂര്യചന്ദ്രന്മാരും കറങ്ങുന്നതായാണ് കാണുന്നത്. എന്നാൽ ശരിക്കും നമ്മളാണ് ചാക്രികമായി കറങ്ങുന്നത്. ഭൂമിതന്നെയാണ് കറങ്ങുന്നത്. ഭർത്തൃഹരി പറയുന്നു, 'കാലോ ന യാതോ വയമേവ യാതാ' കാലം അനന്തമാണ്. കാലം എങ്ങോട്ടുപോകാനാണ്. നമ്മളാണ് പോകുന്നത്. ആ കാലചക്രം നമ്മളെയാണ് കറക്കുന്നത്. എന്തെന്നാൽ അത് അതിന്റെ ധ്രുവത്തിലാണ് കറങ്ങുന്നത്. നമ്മളാകട്ടെ ബാലനും, യുവാവും, വൃദ്ധനുമായി മരിച്ചു പോകുന്നു.

'ശ്രീ' എന്നതിന്റെ രഹസ്യം അത്യന്തം ഗഹനമത്രെ. ശിവായ എന്നും അർത്ഥമുണ്ട്. 'നമശിവായ' എന്നും അർത്ഥമുണ്ട്. ശിവ എന്നതിന്റെ സമർത്ഥനത്തിനായാണ് ഗൗരീവദനാബ്ജം തുടങ്ങിയ വിശേഷണങ്ങൾ വന്നിട്ടുള്ളത്. അതിന് ദക്ഷാധ്വരനാശനം ആവശ്യമായിരുന്നു. അധ്വരം മൂന്നു തരം മാർഗ്ഗങ്ങളെ കാണിച്ചു തരുന്നുണ്ട്. മൂന്നുമാർഗ്ഗങ്ങളും സമാപ്തമാക്കിയാൽ നാലാമത്തെ മാർഗ്ഗമായ തുരിയമാർഗ്ഗം പ്രകാശിതമാകും. ഈ ക്രമിക സാധന സമ്പാദിക്കുന്നതിനുവേണ്ടിയാണ് ഇപ്പോൾ ശ്രീനീലകണ്ഠായ എന്ന വിശേഷണം വരുന്നത്.

അമൃത് ആഗ്രഹിച്ച ദേവന്മാരും അസുരന്മാരും ഒത്തു ചേർന്ന് സാഗരമന്ഥനം ചെയ്തു. മന്ദരാചല പർവ്വതത്തെ കടകോലും വാസുകിയെ കയറുമാക്കി. സമുദ്രമന്ഥനത്തിൽ നിന്ന് പതിന്നാല് രത്നങ്ങൾ പ്രകടമായി. അവയിൽ ഒന്ന് ഹലാഹല വിഷമായിരുന്നു. ഭഗവാൻ ശങ്കരൻ അതു പാനം ചെയ്തു. ആ മഹാത്മ്യത്തിന്റെ ഓർമ്മയ്ക്കായി ശ്രീ നീലകണ്ഠായ എന്ന് പേരു വന്നു. ഹലാഹലം സമുദ്രത്തിൽ നിന്നും ആദ്യം ബഹിർഗമിച്ച ഭയങ്കരമായ ഉഗ്രവിഷമാണ്. എല്ലാവരും പെട്ടെന്ന് ഭയഭീതരായി. വിഷം അഗ്നിസമാനം ജ്വലിച്ചു. ത്രിലോകങ്ങളും ഭസ്മമായിപ്പോകും. വിധം വിഷജ്വാലകൾ ആകാശംമുട്ടെ ഉയർന്നു. ഭഗവാൻ ശങ്കരൻ തന്നെയാണ് അത് ശാന്തമാക്കിയത്.

ഹവിർധാനി എന്ന് കാമധേനുവിനെയാണ് വിളിക്കുന്നത്. എല്ലാ കാമനകളേയും സമ്പൂർണ്ണമാക്കുന്നവളാണ് കാമധേനു. കാമിതവസ്തുക്കളെയെല്ലാം കറന്നെടുക്കാം. അതൊരു രത്നമാണ്. ഈ അർത്ഥത്തിലാണ് എല്ലാ പശുക്കളേയും കാമധേനു എന്നു വിളിക്കുന്നത്. കാമധേനുവിനെ സ്വർഗ്ഗവാസികൾ കൊണ്ടുപോയി. ശ്രീ എന്നാൽ ലക്ഷ്മി കമലാസനത്തിൽ സ്ഥിതിയാണ് ലക്ഷ്മീദേവി ലക്ഷ്മീദേവി വിഷ്ണുഭഗവാന വരിച്ചു. ലക്ഷ്മിദേവിയുടെ ഭൗതികരൂപമാണ് ധനാദി വസ്തുക്കൾ. ധനികരെയാണ് ശ്രീമന്നന്മാർ എന്ന് വിളിക്കുന്നത്. ലക്ഷ്മിയും ഒരു രത്നം തന്നെയാണ്. രതി എന്നാൽ ആനന്ദം അതിനുള്ള സാധനം രത്നമാണ്. വാരുണി എന്ന് മദിര മദ്യത്തെയാണ് പറയുന്നത്. വാരുണിയെ കന്യാകമലലോചനാ എന്ന് പറഞ്ഞിരിക്കുന്നു. അതിൽ നിന്നും അകന്നു നിൽക്കുന്നവർക്ക് മദ്യം വെറുക്കപ്പെട്ടതാണ്. എന്നാൽ, പാനം ചെയ്യുന്നവർക്ക് അതു തന്നെയാണ് അമൃത്. ലഹരി എല്ലാവർക്കും ഇഷ്ടമാണ്. എന്നാൽ വാരുണിവ്യസനം (ആസക്തിശീലം) മാത്രമാണ്. ചിലർ പുകയില ചവയ്ക്കുന്നതിന്റേയും, ചിലർ ബീഡിയുടേയും ചിലർ മൂക്കുപൊടിയുടേയും അടിമകളാണ്. ഇവയെല്ലാം വ്യസനം തന്നെ. അമൃതിനോടെന്ന പോലെ രതിയാണ് വ്യസതികൾക്ക് അതിനോടു തോന്നുന്നത്. അപ്പോൾ വാരുണിയും രത്നമാണ്, താമസ രത്നം അതിനെ

അസുരന്മാർ കൈവശമാക്കി. അപ്സരസ്സുകളും കമലലോചനകളാണ്. ഉർവ്വശി, മേനക, രംഭ, തിലോത്തമ എന്നിവർ പ്രസിദ്ധരാണ്.

രതിസാധനങ്ങളാകയാൽ ഇവരും രത്നങ്ങൾ തന്നെയാണ്. ഇവരെക്കൊണ്ട് കുറെപ്രയോജനങ്ങൾ ഉണ്ടായിട്ടുണ്ട്. വിശ്വാമിത്രൻ മഹാതപസ്വിയായിരുന്നു. മേനക അദ്ദേഹത്തിന്റെ തപസിൽ വിഘ്നങ്ങളുണ്ടാക്കി. പുത്രിയായി ശകുന്തള ജനിച്ചു. അവൾ വീരമാതാവായിരുന്നു. ശകുന്തളയുടെ പുത്രൻ ഭരതൻ. അദ്ദേഹമാണ് ഭാരതം രൂപീകരിച്ചത്. വസിഷ്ഠൻ വേറെ ശരീരം ഗ്രഹിച്ചപ്പോൾ അപ്സരസ്സിന്റെ പുത്രനായാണ് ജനിച്ചത്. മിത്രാവരുണന് ഉർവശിയിലുണ്ടായ പുത്രനാണ് വസിഷ്ഠൻ. ഐരാവതം നാലുകൊമ്പുള്ള വെളുത്ത ആനയാണ്. ഇന്ദ്രൻ അതിനെ വാഹനമാക്കി. പാരിജാതം സ്വർഗ്ഗത്തിലെ ഒരു വൃക്ഷമാണ്. നരകാസുരവധത്തിനു ശേഷം സത്യഭാമയുടെ പ്രേരണയാൽ ശ്രീകൃഷ്ണൻ സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്ക് കൊണ്ടുവന്നു. ചന്ദ്രനെ നാം പ്രത്യക്ഷമായി കണ്ടുകൊണ്ടിരിക്കുകയാണ്. ഉച്ചൈശ്രവസ്സ് ഒരു വെളുത്ത കുതിരയാണ്. അതിനെകൊണ്ടാണ് കദ്രുവും വിനിതയും പന്തയം വെച്ചത്. ശംഖ് നമുക്ക് പ്രത്യക്ഷമാണ്. ശംഖ് സമുദ്രമന്ഥനത്തിൽ പ്രകടമായപ്പോൾ വിഷ്ണു ഭഗവാൻ സ്വീകരിച്ചു. കൗസ്തുഭം ഒരു മണിരത്നമാണ്. അതിനേയും വിഷ്ണുഭഗവാൻ തന്റെ വക്ഷസിൽ ധരിച്ചു. അതിനു ശേഷം ധന്വന്തരി എന്ന ആയുർവ്വേദഭിഷഗ്വരനായാണ് വന്നത്. അവസാനം അമൃതും പ്രകടമായ് വന്നു. ഇവയാണ് ലോകപ്രസിദ്ധവും പുരാണസിദ്ധവുമായ അർത്ഥങ്ങൾ. ഇവയെല്ലാം രതിക്കുള്ള സാധനകളായതിനാൽ രത്നങ്ങൾ.

ഈ സംസാരം ഒരു സമുദ്രമാണ്. സാധാരണ സമുദ്രത്തിൽ മുങ്ങിയാൽ മനുഷ്യൻ ഒരു തവണയെ മരിക്കു. എന്നാൽ ഈ സംസാര സാഗരത്തിൽ മുങ്ങിയാൽ ആയിരക്കണക്കിനു തവണയാണ് മരിക്കുന്നത്. 'മൃത്യോ സ മൃത്യും ഗച്ഛതി'. ഇവിടെ മുങ്ങുകയല്ല. മന്ഥനം നടത്തി രത്നങ്ങൾ എടുക്കുകയാണ്. എങ്ങനെയുള്ള മനം ധ്യാന നിർമ്മഥനാഭ്യാസാത് ധ്യാനം , തപസ്സ് എല്ലാം മന്ഥനം തന്നെയാണ്. ധ്യാനവും തപസ്സും ഈ സമുദ്രത്തിൽ നിന്നും രത്നങ്ങൾ പ്രകടമാക്കും. ഹവിധാനി ആദ്യം പ്രകടമായ രത്നമാണ്. ഹവിസ്സ് ആധാരമായിട്ടുള്ളത് ഹവിർധാനി. കാമധേനു പശുവിൻ പാല്, തൈര്, നെയ്യ് ആദീയായുള്ളവ ഹവിസ്സ് ആകയാൽ പശുവും ഹവിർധാനിയാണ്. ധ്യാനം തപസ്സ് ഇവ കൊണ്ട് യജ്ഞരൂപിയായ ഹവിർധാനിയെ ലഭിക്കുന്നു. വേദാധ്യായനത്താൽ യജ്ഞപ്രാപ്തിയുണ്ടാക്കുന്നു. വേദാധ്യായനം തപസ്സു തന്നെയാണ്. സ്വാദ്ധ്യായം വേദത്തിന്റെ നാമാന്തരമാണ്. അതിന്റെ അഭ്യാസവും അധ്യായനവും തപസ്സാണ്. സ്വായുടെ അദ്ധ്യായനമാണ് സ്വാദ്ധ്യായം അദ്ധ്യായനമെന്ന് വിദ്യാഗ്രഹണത്തേയും പറയും. സ്മരിക്കുന്നതിനേയും, ചിന്തിക്കുന്നതിനേയും പറയും. കേവലം വേദപാഠമോ ശ്രവണമോ അല്ല അദ്ധ്യായം കൂടെ അർത്ഥാനുസന്ധാനവും വേണം. അത് ധ്യാന നിർമ്മഥന രൂപത്തിലുള്ള സമുദ്രമന്ഥനമാണ്.

തുടരും....

*****

## എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2025 ഏപ്രിൽ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1 | രാംകുമാർ മേനോൻ, രോഹിണി, ആസാദ് ലെയിൻ, കാരിക്കാമുറി | 10,000 |

# ഞാൻ കണ്ട സ്വപ്നം.....

ഗീത റാണി ബലരാമൻ – 8129786589

ഞങ്ങൾ 22 മണിക്കൂർ വിമാനത്തിൽ യാത്ര ചെയ്ത് യു.എസ്.ലേക്ക് മകളെ കാണാൻ പോകുന്ന ഒരുക്കത്തിലാണ്. മൂന്നാം തവണയാണു പോകുന്നതെങ്കിലും ആദ്യമായിട്ട് പോകുന്നവരെക്കാൾ ആശങ്കകളും, സംശയങ്ങളും, ഉൽക്കണ്ഠയും ഒരു വശത്ത്. ഇനിയും രണ്ട് ആഴ്ച സമയമുണ്ടെങ്കിലും, ദിവസം അടുക്കുന്തോറും ഓരോരോ തത്രപ്പാടുകൾ.....

ചെക്കിൻ ബാഗ്, ക്യാബിൻബാഗ്, പാസ്പോർട്ട്, പോകുവാനും വരാനുമുള്ള ടിക്കറ്റ് എല്ലാം മറക്കാതെ എടുത്ത് വയ്ക്കണം. വെയിറ്റ് ഒക്കെ കൃത്യമായിരിക്കണം. കുറഞ്ഞാലും സാരമില്ല, കൂടരുത്...ക്യാബിൻബാഗിൽ ഏഴ് കിലോ ആയിരിക്കണം. തൂക്കം കൂടാതെ ഓരോന്നും എടുത്തു വയ്ക്കാനുള്ള പെടാപാടിനിടക്ക് പുതിയ പുതിയ യാത്രാസംബന്ധിയായ കർശന നിർദ്ദേശങ്ങൾ അവിടുന്നും, ഇവിടുന്നും കിട്ടികൊണ്ടിരുന്നു. ട്രംപിന്റെ ഭരണം ഏവരേയും പിടിച്ചുലച്ചിരിക്കുന്നുവത്രേ.....

ഓരോന്നും കൃത്യമായും, ചിട്ടയായും, ഭംഗിയായും ചെയ്യുന്ന പങ്കാളിയെപോലും, ഓരോ തട്ടാമുട്ടികൾ പറഞ്ഞ് കാര്യങ്ങൾ തകിടം മറിക്കുന്ന എന്റെ പ്രവൃത്തി ഒരു വശത്ത്, അതിനിടക്ക് നടന്നുകൊണ്ടിരിക്കുന്നുണ്ട്. യാത്ര പോകുന്നതിനു മുമ്പ് ചെയ്ത് തീർക്കാനുള്ള കാര്യങ്ങൾ നിരവധി. ബന്ധുസന്ദർശനം, ഡോക്ടറെ കാണാനുള്ള ഒരുക്കം, ക്ഷേത്രദർശനം അങ്ങനെ സംഭവങ്ങൾ അനവധി. മക്കൾ ഇടതടവില്ലാതെ ഫോൺ ചെയ്ത് ഓരോരോ നിർദ്ദേശങ്ങൾ തരുന്നുമുണ്ട്.

അങ്ങനെ തിരക്കിട്ട ഒരു ദിവസം ഓട്ടപാച്ചിലും, ഷോപ്പിങ്ങും കഴിഞ്ഞ് വല്ലാത്ത ക്ഷീണം കാരണം ഞാൻ ഉറങ്ങാൻ കിടന്നു. അദ്ദേഹം ഒരു പാട്ട് കേട്ട് ഇരിക്കുന്നുണ്ടായിരുന്നു. 'സ്വപ്നങ്ങളൊക്കെയും പങ്ക് വയ്ക്കാം'....നിദ്രാദേവി എന്നെ പെട്ടെന്ന് തന്നെ അനുഗ്രഹിച്ചുവെന്ന് തോന്നുന്നു. നല്ല ഉറക്കത്തിനിടയിൽ ഇടക്ക് അദ്ദേഹം പറയുന്നത് കേട്ടു. 'വേഗം എഴുന്നേറ്റോളൂ. പ്ലെയിനിൽ കയറിയിട്ട് ബാക്കി ഉറങ്ങാമല്ലോ. ടാക്സി വന്നു'. എന്നെല്ലാം കേൾക്കാൻ കാത്തിരുന്നപോലെ ഞൊടിയിടയിൽ തയ്യാറായി വിമാനത്താവളത്തിലെത്തി. allow ചെയ്ത സാധനങ്ങൾ correct ആയി നേരത്തെ തന്നെ എടുച്ചുവച്ചതുകൊണ്ട് check -in ബുദ്ധിമുട്ട് കൂടാതെ നടന്നു കിട്ടി. അതോടൊപ്പം security check ഉം smooth ആയി നടന്നു. Window seat ൽ കയറി ഇരിപ്പുറപ്പിച്ചു. വീണ്ടും ഉറക്കത്തിലക്ക് വഴുതി വീണു.....ഉറക്കത്തിനിടയിൽ മകൾ ചോദിക്കുന്നത് കേൾക്കാം. 'യാത്ര സുഖമായിരുന്നോ നിങ്ങൾ ഉറങ്ങിയോ ഭക്ഷണം കഴിച്ചോ food ഇഷ്ടപ്പെട്ടോ. ഇത്യാദി കാര്യങ്ങൾ...'അച്ഛൻ എവിടെ' എന്ന് മകൾ അന്വേഷിച്ചപ്പോൾ 'അച്ഛനല്ലേ ഈ നിൽക്കുന്നത്' എന്ന് പറഞ്ഞ് തിരിഞ്ഞതുമാത്രം എനിക്ക് ഓർമ്മയുണ്ട്.... അതാ കിടക്കുന്നു, ആരോ തള്ളിയിട്ടമാതിരി ഞാൻ കട്ടിലിൽ നിന്നും താഴേക്ക്. കൊച്ചു വെളുപ്പാൻ കാലത്തെ നിശ്ശബ്ദധയെ തകർത്തുകൊണ്ടുള്ള ശബ്ദം കേട്ട് ഞെട്ടി ഉണർന്ന അദ്ദേഹം ചോദിച്ചു. 'എന്താ സംഭവിച്ചത്., പിടിക്കണോ, താഴെ വീണോ എഴുന്നേൽപ്പിക്കണോ എന്ത് പറ്റി എന്നെല്ലാം പെട്ടെന്ന് ഞെട്ടി കണ്ണ് തുറന്ന ഞാൻ 'മോള് എവിടെ' എന്ന് തിരക്കി. 'മോളോ, സ്വപ്നം വല്ലതും കണ്ടോ'യെന്ന് അദ്ദേഹം ചോദിച്ചു.... ഞാനൊന്നും മിണ്ടിയില്ല. സ്ഥലകാലബോധം വന്നപ്പോൾ ചുറ്റിനും നോക്കി. 'ഈശ്വരോ രക്ഷ' ഭാഗ്യം, പ്ലെയിനിൽ നിന്നല്ലല്ലോ വീണത്. എന്നോർത്തപ്പോൾ തന്നെ ചാടി എണീറ്റ് കട്ടിലിൽ കയറി കിടന്നു.

ഇതിനായിരുന്നോ, നമ്മുടെ കവികൾ, 'സ്വപ്നങ്ങളെ വീണുറങ്ങൂ'യെന്ന് പാടിയിരുന്നത്........

*****

# മദ്യത്തിൽ മുങ്ങുന്ന മലയാളി

വിജി പാഴൂർ (വിജയാ മേനോൻ – 9447696190

**ലോ**കത്തിന്റെ ഏതു കോണിലും മലയാളി എത്താത്ത സ്ഥലമില്ല. ബുദ്ധിശക്തികൊണ്ടും പ്രയത്നം കൊണ്ടും ഉന്നത സ്ഥാനത്തെത്തുവാൻ മലയാളി മിടുക്കരുമാണ്. ഇൻഡ്യാമഹാരാജ്യത്തിന്റെ ഇങ്ങേത്തലയ്ക്കൽ സ്ഥിതിചെയ്യുന്ന ഒരു കൊച്ചു സംസ്ഥാനമാണ് കേരളം. ഭൂപ്രകൃതിയാൽ സുന്ദരമായ, പ്രകൃതി വിഭവങ്ങൾ ഒട്ടേറെയുള്ള നമ്മുടെ നാട് ഒരു കാലത്ത് വിദേശിയരുടെ പറുദീസയായിരുന്നു. കാപ്പിയും, കുരുമുളകും, ഏലവും, തേയിലയും കശുവണ്ടിയും എല്ലാം സുലഭമായി വിളഞ്ഞിരുന്ന ഫലഭൂയിഷ്ഠമായ ഭൂമി. അദ്ധ്വാനശീലരായിരുന്നു മലയാളികൾ. വയലും കരയും കൃഷി കൊണ്ടു ഏറെ സമ്പന്നവും ആയിരുന്നു.

അദ്ധ്വാനിച്ചു തളരുമ്പോൾ അല്പം കുത്തരിക്കഞ്ഞിയാലോ പനങ്കള്ളാലോ ഒക്കെ തളർച്ച മാറ്റിയിരുന്ന പുരുഷന്മാർ. പനങ്കള്ളും തെങ്ങിൻ കള്ളുമായിരുന്നു അന്നത്തെ ലഹരിവസ്തുക്കൾ. തികച്ചും പ്രകൃതിദത്തമായവ. ശരീരത്തിന് ഹാനിയുണ്ടാക്കാത്ത ഈ പാനീയങ്ങൾ വിട്ട് വിദേശ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമയായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ കാഴ്ച ഞെട്ടിക്കുന്നതും ഏറെ വേദനാജനകവുമാണെന്നതാണ് യാഥാർത്ഥ്യം. ഈ സ്ഥിതിക്ക് മാറ്റമുണ്ടായേ മതിയാകൂ.

മൂന്നു കോടിയിലധികം വരുന്ന മലയാളികളിൽ അമ്പതു ലക്ഷം പേരോളം മദ്യപാനികളെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മദ്യവും മയക്കുമരുന്നും മലയാളിയെ കാർന്നുതിന്നു കൊണ്ടിരിക്കുന്നു. മുതിർന്നവർ മാത്രം കഴിച്ചിരുന്ന മദ്യം ഇന്ന് ഏറെ ഉപയോഗിക്കുന്നത് ചെറുപ്പക്കാരാണെന്നുള്ളത് നമ്മെ ഭയപ്പെടുത്തുന്നു. സ്കൂൾ തലം മുതൽ ഇവയുടെ ഉപയോഗം ഉണ്ടെന്നുള്ളതും, അവമൂലം രോഗങ്ങളും ആത്മഹത്യകളും ഏറിവരുന്നു എന്നുള്ളതും നാം കാണാതെ പോകരുത്. ഇൻഡ്യയിൽ, ഏറ്റവും കൂടുതൽ ആത്മഹത്യകൾ നടക്കുന്നതും കേരളത്തിലാണെന്ന് കണക്കുകൾ പറയുന്നു.. നമ്മുടെ നാട്ടിൽ മദ്യഷാപ്പുകൾ വർദ്ധിച്ചുവരുന്നതിനു ഒരു പരിധി വരെ സർക്കാരും ഉത്തരവാദിയാണെന്ന് പറയാതെ വയ്യ. യാതൊരു നിയന്ത്രണവും ഇല്ലാതെ മദ്യം ഒഴുകുകയാണ് കേരളത്തിൽ. ഇതിനൊരു മാറ്റം വരണമെങ്കിൽ സർക്കാർ തന്നെ മുൻകൈ എടുക്കേണ്ടതായിട്ടുണ്ട്. തൊഴിലില്ലായ്മയും ജീവിത സമ്മർദ്ദങ്ങളും യുവാക്കളെ മദ്യപാനാസക്തരാക്കുന്നു. കൂട്ടുകുടുംബ കെട്ടുപാടുകളിൽ സുരക്ഷിതരായിരുന്ന മലയാളി അണുകുടുംബത്തിലേക്കു മാറിയപ്പോൾ നിയന്ത്രിക്കാൻ ആളില്ലാതായി എന്നതും വസ്തുതയാണ്. പരിമിതമായ വിഭവങ്ങൾ കൊണ്ടു ജീവിതസുഖം കണ്ടെത്തിയിരുന്ന മലയാളിയ്ക്ക് ആർഭാടജീവിതത്തോട് പ്രതിപത്തിയായി ജീവിത ച്ചെലവു വർദ്ധിച്ചപ്പോൾ ഒരാളുടെ വരുമാനം കൊണ്ടു ജീവിക്കാനാവില്ല എന്നായി. അച്ഛനുമമ്മയും ജോലിയ്ക്കു പോയിത്തുടങ്ങിയപ്പോൾ മക്കളെ നിയന്ത്രിക്കാനും സ്നേഹം പകരാനും അവർക്കു സമയമില്ലാതായി. അവർ പുറത്തു സൗഹൃദങ്ങൾ തേടി. പലപ്പോഴും ചീത്ത കൂട്ടുകെട്ടുകളിൽ ചെന്നുപെടുകയും ലഹരി ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്യുന്നു.

ആഘോഷമെന്നാൽ, മലയാളിക്ക് മദ്യമില്ലാതെ പററില്ലെന്ന സ്ഥിതിയാണിപ്പോൾ. ഓണവും വിഷുവും വിവാഹങ്ങളും എന്തിന് ഒരു പിറന്നാൾ വന്നാൽ പോലും മദ്യമൊഴുക്കിയാ

ലേ തൃപ്തിയാകൂ. എങ്ങോട്ടാണീ പോക്കെന്ന് ഒരു പിടിയും കിട്ടുന്നില്ല. നമ്മുടെ സ്വത്വം ഇല്ലാതായിക്കൊണ്ടിരിക്കുന്ന കാഴ്ച ഭീതി ജനിപ്പിക്കുന്നു. സ്കൂൾ,കോളേജ് വിദ്യാർത്ഥികൾ ആൺ പെൺ വ്യത്യാസമില്ലാതെ മദ്യപിക്കുന്നു. ജോലിയുള്ള വനിതകളും ഇക്കാര്യത്തിൽ മോശമല്ല. ജീവിതമൂല്യങ്ങൾക്ക് ഒരു വിലയും കല്പിക്കാത്ത യുവജനങ്ങൾ ഏറി വരുന്നു. മദ്യപാനം കൂടുന്നതിനൊപ്പം കുറ്റകൃത്യങ്ങളും കൂടി വരുന്നതു നമുക്കു കാണാനാകും. കുറ്റങ്ങൾ അധികവും നടക്കുന്നത് മദ്യലഹരിയിലാണ് എന്നു കണക്കുകൾ സൂചിപ്പിക്കുന്നു. മദ്യത്തിനടിമപ്പെട്ടു പോയാൽ അതിൽ നിന്ന് രക്ഷപ്പെടുവാൻ പലർക്കും കഴിയാറില്ല. സിനിമയും മദ്യപാനത്തെ മാന്യതയായി കാണുന്ന തരത്തിലേക്ക് വഴിതിരിക്കുന്നുണ്ട്. പണ്ട് വില്ലന്മാരാണ് മദ്യപിച്ചിരുന്നതെങ്കിൽ ഇന്നത് നായകന്മാർ മദ്യപിക്കുന്ന അവസ്ഥയിലേക്ക് എത്തിയിരിക്കുന്നു.

ഇതിനെല്ലാം കാരണം, മദ്യം സുലഭമായി ഇവിടെ ലഭിക്കുന്നു എന്നതാണ്. അതിനൊരു മാറ്റം ഉണ്ടായേ പറ്റൂ. മാതാപിതാക്കളും അദ്ധ്യാപകരും സർക്കാരും ഇക്കാര്യങ്ങൾ വളരെ ഗൗരവമായി ചിന്തിക്കണം. ഇപ്പോൾ തന്നെ വളരെ വൈകിയിരിക്കുന്നു. നാളത്തെ തലമുറ ആരോഗ്യത്തോടെയിരിക്കുവാനും കുറ്റകൃത്യങ്ങളിൽ നിന്ന് മുക്തരാകാനും നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

****

**എറണാകുളം കരയോഗം**
**ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ**
**കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ**

**2025 മെയ് 10 മുതൽ ജൂൺ 10 വരെ**




| | | | | |
|---|---|---|---|---|
| 1. | 14-05-2025<br>21-05-2025<br>28-05-2025<br>04-06-2025 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല.പി.പി | 3.00 p.m - 4.30 p.m. |
| 2. | 15-05-2025<br>22-05-2025<br>29-05-2025<br>05-06-2025 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 3. | 17-05-2025 | ശനി | എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ 'എറണാകുളത്തപ്പന്റെ കഥ ചുരുളഴിയുന്നു.'<br>അവതരണം - അനുരാധ ഹാരിഷ് | 5.00 p.m. - 6.00 p.m. |
| 4. | 18-05-2025 | ഞായർ | എറണാകുളം കരയോഗം സാംസ്കാരികവേദി<br>അകായിലെ സംഗീതം യുഗ്മഗാനങ്ങൾ | 4.00 p.m |
| 5. | 30-05-2025<br>31-05-2025<br>01-06-2025 | വെള്ളി<br>ശനി<br>ഞായർ | ബീം - നാടകോത്സവം | 6.30 p.m. |
| 6. | 25-05-2025 | ഞായർ | എറണാകുളം കരയോഗം സാഹിതീ യോഗം<br>വിഷയം: - രാജലക്ഷ്മി - സ്ത്രീമനസ്സിന്റെ<br>കഥാകാരി - അവതരണം- ശ്രീ. ഹരിഹര നന്ദനൻ | 10.30 a.m |
| 7. | 12-05-2025 | തിങ്കൾ | വിമൻസ് ഫോറം | 3.00 p.m - 5.00 p.m. |
| 8. | 18-05-2025<br>08-06-2025 | ഞായർ | വേദപഠന കളരി | 10.30 a.m |

# ഒരു മൂക്കുത്തിയും കുറെ പുരുഷൻമാരും..

മന്മഥൻ വിജയൻ നായർ- 9447650600

**കോ**വിഡ് കാലമാണെങ്കിലും അകലം പാലിച്ച് കൊണ്ടുള്ള ഓട്ടത്തിനിടയ്ക്ക് പനമ്പിള്ളി നഗറിൽ വെച്ചാണ് ഞങ്ങൾ ആ പെൺകുട്ടിയെ കണ്ടത്.

ദൂരെ നിന്നും ഞങ്ങളുടെ നേരെ ഓടി വരികയായിരുന്നു സുന്ദരിയായ ആ പെൺകുട്ടി. നല്ല ആകാര വടിവും സമൃദ്ധമായ ശരീരവുമുള്ള ആ പെൺകുട്ടിയെ ഞങ്ങളിൽ പലരും ദൂരെ നിന്ന് തന്നെ തിരിച്ചറിഞ്ഞു.

ഞങ്ങളുടെ ഒക്കെ സുഹൃത്ത്, സഹ ഓട്ടക്കാരി, വല്ലപ്പോഴുമേ തമ്മിൽ കാണാറുള്ളൂ എന്ന് മാത്രം.

പുരുഷന്മാർ അവർ ഓടുമ്പോൾ ധരിക്കുന്ന വസ്ത്രത്തെ കുറിച്ച് അത്ര ആകുലപ്പെടാറില്ല. ഏതെങ്കിലും ഒരു ബനിയനും ഷോർട്സും വലിച്ച് കേറ്റും പിന്നെ ഒരു ഷൂസും, കഴിഞ്ഞു വേഷ വിധാനം.

പക്ഷെ സ്ത്രീകൾ അങ്ങനെയല്ല ഓട്ടത്തിനായാലും ഫാഷൻ കൊണ്ടു വരാനുള്ള അവരുടെ കഴിവ് ഒന്ന് വേറെ തന്നെയാണ്. പഴയ ഒളിമ്പിക്സ് താരമായ ഫ്ളോജോയെ എല്ലാവരും ഓർക്കുന്നുണ്ടാവുമല്ലോ.

ഈ കുട്ടിയും അങ്ങനെ കാഴ്ച ഭംഗി വിതറുന്നതിൽ മിടുക്കിയായിരുന്നു . ശരീരത്തോടൊട്ടി കിടക്കുന്ന വിധത്തിൽ അണിയുന്ന ഡിസൈനർ ടോപ്പും ബോട്ടവും ഒരേ നിറമുള്ളവയും പലവിധ ഡിസൈനുകളാൽ അലംകൃതവും ആയിരിക്കും. വർണ്ണ പകിട്ടാർന്ന റണ്ണിങ് ഷൂസും സോക്സും.

പോണി ടെയിൽ കെട്ടിയ നീണ്ട മുടി, ഓടുമ്പോൾ ഇരു വശത്തേക്കും ആടിക്കളിക്കുന്നത് കാണാൻ എന്തൊരു ഭംഗി. വേഷത്തിന് ചേരുന്ന നിറത്തിലുള്ള ഹെയർ ബാൻഡ്, കൈയിൽ കെട്ടിയ അതേ നിറത്തിലുള്ള പ്രൊട്ടക്റ്റീവ് ബാൻഡ്, എപ്പോഴും നല്ല ഫ്രഷ് ആയ പുഞ്ചിരി തൂകുന്ന മുഖം.

ഓടി വിയർത്ത് ചീഞ്ഞ് നിൽക്കുന്ന ഞങ്ങളുടെ അടുത്തേയ്ക്ക് അവൾ വരുമ്പോൾ അന്തരീക്ഷം സുഗന്ധ പൂരിതം, പെർഫ്യൂം ഷോപ്പിൽ കയറിയ ഒരു ഫീൽ. ആകെയൊരു ഉണർവ്വ്.

മുഖത്തൊരു ഡിസൈനർ മാസ്ക് ഉണ്ടായിരുന്നു എന്നതൊഴിച്ചാൽ ഇന്നും കാര്യങ്ങൾ അങ്ങനെയൊക്കെ തന്നെയായിരുന്നു.

സൗഹൃദം പുതുക്കലിനിടയിൽ ആരോ ചോദിച്ചു ....

'നല്ല മാസ്കാണല്ലോ ! ഇതെവിടുന്നു സംഘടിപ്പിച്ചു ?'

'ഏയ് ഇത് മേടിച്ചതൊന്നുമല്ല ഞാൻ തന്നെ ഡിസൈൻ ചെയ്തതാ ..... എങ്ങനെയുണ്ട് ? ' എന്നും പറഞ്ഞ് ആ കുട്ടി മാസ്ക് അഴിച്ച് ഞങ്ങളുടെ മുൻപിൽ പ്രദർശിപ്പിച്ചു.

സുന്ദരികൾക്കും കോവിഡ് വരും എന്നറിയാമായിരുന്നത് കൊണ്ട് സാമൂഹിക അകലം പാലിച്ച് തന്നെ എല്ലാവരും കൈയിൽ മേടിക്കാതെ കണ്ണ് കൊണ്ട് പരിശോധിച്ചു.

താൽപ്പര്യമില്ലായിരുന്നെങ്കിലും ആ കുട്ടി എന്ത് വിചാരിക്കും എന്ന് കരുതി ഞാനും മാസ്ക്ക് നോക്കി , 'മനോഹരമായിരിക്കുന്നു' എന്ന് അഭിപ്രായപ്പെട്ടു.

അപ്പോഴാണ് മറ്റൊരു സുഹൃത്തിന്റെ നിർദ്ദോഷമായ ഒരു കമെന്റ് വന്നത്.

'ഹായ്, താൻ മൂക്കുത്തി ഒക്കെ ഇട്ടോ ?

നന്നായിട്ടുണ്ട് കേട്ടോ .. ഡൈമൻഡ് ആണ ല്ലേ ? അടിപൊളി.'

ഞങ്ങൾ നോക്കിയപ്പോൾ ശരിയാ, ആ കൊച്ചിന്റെ മൂക്കിൽ ഒരു ഡൈമൻഡ് മൂക്കുത്തി തിളങ്ങുന്നു. ....

പിന്നെ ഉണ്ടായത് പറയാതിരിക്കുകയാ ഭേദം.

ആ സുന്ദരിയായ പെൺകുട്ടിയുടെ മുഖ കമലം വികസിച്ചു , പ്ലക്ക് ചെയ്ത് സുന്ദരമാക്കിയ പുരികക്കൊടികൾ വില്ല് പോലെ വളഞ്ഞു , പിന്നെ ഇരുകൈകളും എളിയിൽ കുത്തി നി വർന്ന് നിന്ന് ഒരൊറ്റ ചോദ്യം ......

' അത് ശരി, അപ്പോ ഇത്രയും കാലം താൻ എന്റെ മുഖത്തൊന്നുമല്ല നോക്കിയിരുന്നത് അല്ലേ ?'

എന്റെ സുഹൃത്ത് ഞെട്ടി, വിളറി , വെളുത്തു, ക്രമേണ അലിഞ്ഞില്ലാതെയായി.

അതിനിടയിൽ വീണ്ടും അടുത്ത അമിട്ട് പൊട്ടി. ' എടോ ഒന്നുമില്ലേലും താനെന്നെ ദിവസവും ഹെൽത്ത് ക്ലബ്ബിൽ വെച്ച് കാണാറുള്ളതല്ലേ '

ആലോചിച്ചപ്പോൾ ശരിയാ ഇവർ രണ്ട് പേ രും ഇവിടെ അടുത്തുള്ള ഒരു യൂണിസെക്സ് ഹെൽത്ത് ക്ലബ്ബിൽ ഒരേ സമയം പോകുന്നവരാണ്.

കോവിഡ് ആയത് കൊണ്ട് ഇപ്പോൾ പോ കുന്നില്ല എന്നേ ഒള്ളൂ .

എന്റെ സുഹൃത്ത് വിക്കി വിക്കി എന്തോ പ റയാൻ ശ്രമിക്കുന്നുണ്ടായിരുന്നു.

വീണ്ടും 'മൂന്ന് വർഷമായിട്ട് എന്റെ മൂക്കിൽ കിടക്കുന്ന മൂക്കുത്തി 'നിങ്ങളാരും' കണ്ടിട്ടില്ലെന്ന് പറഞ്ഞാൽ ..........'

ഹേ ...... പെട്ടെന്ന് എല്ലാവരും ഞെട്ടി.... ഇതിനിടയിലേക്ക് ഞങ്ങളെ എന്തിനാണ് പിടിച്ചിട്ടതെന്ന് ഞങ്ങൾ ഓരോരുത്തരും ഒറ്റ യ്ക്കും കൂട്ടായും അത്ഭുതപ്പെട്ടു.

ഇങ്ങനെ ഒരു മൂക്കുത്തി ആ സുന്ദരമായ മൂക്കിന്റെ തുമ്പത്ത് വിശ്രമിക്കുന്നത് ഞങ്ങളാ രും ഇന്ന് വരെ കണ്ടിട്ടില്ല എന്നുള്ളത് പരമമായ സത്യം. പക്ഷേ അതങ്ങ് പച്ചയ്ക്കു സമ്മതി ക്കാൻ പറ്റുമോ.

ഞങ്ങളെല്ലാവരും ഒരേ ശ്വാസത്തിൽ പറഞ്ഞു.

'ഏയ് ഞാൻ കണ്ടിട്ടുണ്ട്'

' അയ്യടാ ... ഉവ്വ് ഉവ്വ് ...എല്ലാരും ആദ്യം കാണുന്ന പോലെ അത്ഭുത ഭാവത്തിൽ എന്റെ മുഖത്തേയ്ക്ക് നോക്കിയതൊക്കെ ഞാൻ കണ്ടു '.

ചമ്മി നിൽക്കുന്ന ഞങ്ങളുടെ മുഖത്തേക്ക് നോക്കി പൊട്ടിച്ചിരിച്ച് കൊണ്ട് വിജയ ഭാവത്തിൽ അവൾ പറഞ്ഞു....

" hai,come on guys , ഇതൊക്കെ ഒരു തമാ ശയല്ലേ, take it esay.... after all we are friends.

നനഞ്ഞ കോഴികളെ പോലെയുള്ള ഞങ്ങളുടെ നിൽപ്പ് കണ്ടിട്ടാവണം അവൾ വീണ്ടും പറഞ്ഞു.

"whats the problem, come on yaar നമുക്ക് ഒന്നിച്ചൊരു സെൽഫി എടുക്കാം'.

അത് പിന്നെ എല്ലാ ദിവസവും ഉള്ള ഒരു കലാ പരിപാടിയാണ്, ഓട്ടം കഴിഞ്ഞ് എല്ലാവ രും കൂടി ഗ്രൂപ്പ് ഫോട്ടോകൾ എടുത്ത് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുക.

ഓ... എന്തായാലും സമാധാനമായി, പാവം.... മനസ്സിൽ ഒന്നും വെച്ച് പറഞ്ഞതല്ല എന്നുറപ്പായില്ലേ .

ഫോട്ടോ സെഷൻ ഒക്കെ കഴിഞ്ഞ് മടങ്ങുമ്പോൾ ഞങ്ങളുടെ അടുത്ത് കൂടി നടന്ന് പോയ ആ കുട്ടി എന്തോ പറഞ്ഞ പോലെ തോന്നി .....

'കിണ്ണം കട്ടവന്റെ തലേലെ പൂട കാണൂ' എന്നാണോ ?

അങ്ങിനെ എന്തോ ആണ് .. ...

അതോ എനിക്ക് തോന്നിയതാണോ

*****

# ആദരാഞ്ജലി



**കെ.കെ. ഗീതമ്മ**, കണിച്ചിലാഴത്ത് ഗീതാഭവൻ, പള്ളിപ്പുറം, ചെറായി, എറണാകുളം–683514

*തൃക്കടക്കാപ്പിള്ളി ദേവിക്ഷേത്രവും അതിനോടനുബന്ധിച്ചുള്ള ഭൂമിയും എറണാകുളം കരയോഗ ത്തിന്റെ സേവനപ്രവർത്തനങ്ങൾക്കു വേണ്ടി സംഭാവന ചെയ്ത ഈ മഹതിയുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലി അർപ്പിക്കുന്നു;*
*ഈ അമ്മയുടെ ആത്മാവിന്റെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നു.*

## 2025 ഏപ്രിൽ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**രാധാ മേനോൻ (L/32385)**
Ravees, കണ്ണൻതോട് റോഡ്,
അയ്യപ്പൻകാവ്



**പരമേശ്വരൻ. എൻ.(L/2834)**
7 A, Dover court
ശ്രീകണ്ഠത്ത് റോഡ്,
കൊച്ചി – 16

## 2025 ഫെബ്രുവരി മാസം അന്തരിച്ച കരയോഗാംഗത്തിന് ആദരാഞ്ജലി



**സി.പി. സുരേന്ദ്രനാഥൻ (L/3295)**
അശ്വതി, പാലപറമ്പ്, , താന്നിക്കൽ,
കീർത്തിനഗർ, എളമക്കര – 26

# കേരളത്തിന്റെ ശാക്തേയ പാരമ്പര്യം-13

എം.ആർ.എസ് മേനോൻ - 9037126220

(തുടർച്ച.....)

**കേ**രളത്തിലെ കൗള മാർഗ്ഗം പിന്തുടർന്ന 13 ശാക്തേയ കാവുകളെപ്പറ്റി നാം പരാമർശിച്ചു കഴിഞ്ഞു. ഇവയിൽ ഉത്തരമലബാർ ഒഴിച്ചുള്ള ഇടങ്ങളിൽ ഈ പാരമ്പര്യം ഇല്ലാതായിക്കഴിഞ്ഞു. പഴയ നായർ കുടുംബങ്ങളിലും നായർ സമുദായം നേതൃത്വത്തിലുള്ള ഭഗവതിക്കാവുകളിലും നിയമം മൂലം നിരോധിക്കുന്നത് വരെ ഗുരുതി നിലനിന്നിരുന്നു. 1936 വരെ ശബരിമലയിൽ മാളികപ്പുറത്ത് അജബലി നിലനിന്നിരുന്നതായി ഇന്ന് അവിടെ ഗുരുതി നടത്താൻ അവകാശപ്പെട്ട നായർ കുടുംബക്കാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.. പതിമൂന്ന് ശാക്തേയ കാവുകളെ കൂടാതെ കേരളത്തിൽ ആയിരക്കണക്കിന് ഭദ്രകാളി ക്ഷേത്രങ്ങൾ ഉണ്ട്. കാവുകൾ ഇല്ലാത്ത ഒരു ഗ്രാമവും കേരളത്തിൽ ഉണ്ടാവില്ല. ഇതിൽ 108 ദുർഗ്ഗാലയങ്ങൾ പ്രസിദ്ധങ്ങളാണ്. അതിനാൽ കേരളത്തിലെ പ്രധാന ശാക്തേയ കാവുകളെപ്പറ്റി കൂടി പരാമർശിച്ചാലേ ഈ പരമ്പര പൂർണ്ണമാവൂ .

**ചെറുകുന്നു അന്നപൂർണ്ണേശ്വരി:-** കണ്ണൂർ ജില്ലയിലെ ചെറുകുന്നു അന്നപൂർണ്ണേശ്വരീ ക്ഷേത്രം തെക്കൻ നാടുകളിലും പ്രസിദ്ധമാണ്. 'ചെറുകുന്നിലമ്മേ ഒരു കുന്നു ചോറ് തരൂ'എന്ന ചൊല്ല് എന്റെ കുട്ടിക്കാലത്ത് കേട്ടിട്ടുള്ളതാണ്. അരി അടുപ്പത്തിടുമ്പോൾ ചെറുകുന്നിലമ്മയെ സ്മരിച്ച് കൊണ്ട് ഇടുന്ന പതിവും ഉണ്ടായിരുന്നു. ചെറുകുന്ന് എവിടെയാണെന്ന് അറിയാതെ തന്നെ ചെറുകുന്നിലമ്മയെ അന്നപൂർണ്ണേശ്വരിയായി സങ്കൽപ്പിച്ച് സ്മരിച്ചു പോന്നു.

ദേവിയുടെ വിഗ്രഹത്തിൽ ഒരു കയ്യിൽ അന്നപാത്രവും മറ്റ് കൈയിൽ കോരികയും മറ്റ് രണ്ട് കൈകളിൽ ശംഖും താമരയുമാണ്. എല്ലാവർക്കും അന്നം നൽകുന്ന അമ്മയാണ് അന്നപൂർണ്ണേശ്വരി.കാശിയിലെ അന്നപൂർണ്ണേശ്വരി തോഴിമാരുമായി കപ്പലിൽ ഇങ്ങോട്ട് വന്നുവെന്നാണ് വിശ്വാസം പ്രധാന ക്ഷേത്രം വിഷ്ണുവിന്റെതാണ് എങ്കിലും പ്രാധാന്യം ഭഗവതിക്കാണ്. നൂറ്റെട്ട് ദുർഗ്ഗാലയങ്ങളിൽ ഒന്നാണ് ഈ ക്ഷേത്രം. തളിപ്പറമ്പ് രാജരാജേശ്വരന്റെ പത്നിയാണ് അന്നപൂർണ്ണേശ്വരി എന്ന ഒരു വിശ്വാസം കൂടിയുണ്ട്. എന്നും രാത്രി രാജരാജശ്വരൻ ഇവിടെ എത്തുമത്രേ ? അത്താഴപ്പൂജ കഴിഞ്ഞ് നെയ്യമൃത് സമർപ്പണം ദേവിക്കും ശിവനും പ്രത്യേകമായാണ് നടക്കുന്നത്. രണ്ട് നേരവും അന്നദാനമാണ് ഇവിടുത്തെ പ്രധാന വഴിപാട് .പണ്ട് കാലത്ത് രാത്രിയിൽ അസമയത്ത് വന്ന് ചേരുന്ന യാത്രക്കാർക്കായി പൊതിച്ചോറ് കെട്ടിത്തൂക്കുന്ന പതിവുണ്ടായിരുന്നു. ദേവിയുടെ തട്ടകത്ത് ആരും പട്ടിണി കിടക്കരുത് എന്നാണ് നിശ്ചയം.രാത്രിയിൽ നടയടക്കും മുമ്പ് അത്താഴപഷ്ണിക്കാരുണ്ടോ എന്ന് വിളിച്ച് ചോദിക്കുന്ന പതിവുമുണ്ടായിരുന്നു. ക്ഷേത്രത്തിലെ സദ്യക്ക് ഏത് വീട്ട് വളപ്പിൽ നിന്നും ഇല ചോദിക്കാതെ വെട്ടാമെന്നായിരുന്നു ആചാരം. ഒരു ദിവസം സദ്യക്ക് ഇല വെട്ടിയ കോമനെ തോട്ടമുടമ തല വെട്ടിക്കൊന്നു. സദ്യക്ക് സമയമായപ്പോൾ കോമനെ കാണാതെ ശാന്തിക്കാരൻ ഉറക്കെ വിളിച്ചെന്നും കോമന്റെ ഉടൽ ഇലയുമായി എത്തിയെന്നുമാണ് ഐതിഹ്യം. ഇല കൊണ്ട് വരാൻ പോയ ആളെ ആൽത്തറയിൽ നിന്ന് മൂന്ന് തവണ നീട്ടി വിളിക്കുന്ന സമ്പ്രദായം ഇപ്പോഴും ഉണ്ട്. ഉദരരോഗത്തിന് തേങ്ങ ഇഞ്ചി പച്ചമുളക് തൈര് എന്നിവ ചേർത്ത് ഇവിടെ ഉണ്ടാക്കുന്ന അരച്ച് കലക്കി ഉത്തമമാണെന്നാണ് വിശ്വാസം.

കാശിയിൽ നിന്ന് അന്നപൂർണേശ്വരിയെ കൊണ്ട് വന്ന കപ്പലിന്റെ കപ്പിത്താൻ മുസ്ലിമായിരുന്നത്രേ? മകരസംക്രമത്തിന്റെ തലേന്ന് ക്ഷേത്രത്തിൽ നിന്ന് ചെറുകുന്ന് പള്ളിയിലേക്ക് ഏഴേകാൽ ഇടങ്ങഴി അരി നൽകുന്നതും ദേവിയുടെ നാളായ മിഥുനത്തിലെ അവിട്ടത്തിന് മുസ്ലിങ്ങൾ പഞ്ചസാരക്കലവും വെളിച്ചെണ്ണയും നൽകുന്ന പതിവും ഉള്ളത് ഈ ബന്ധത്തിന്റെ തുടർച്ചയാണെന്നാണ് വിശ്വാസം. പ്രതിഷ്ഠക്കായുള്ള വിഗ്രഹം കടൽ മാർഗ്ഗം കൊണ്ടുവന്നതാവാം ഇതിന്റെ പിന്നിലെ സംഭവം എന്ന് കരുതാം. AD അഞ്ചാം നൂറ്റാണ്ടിൽ വല്ലഭൻ കോലത്തിരിയുടെ കാലത്താണ് പ്രതിഷ്ഠ നടത്തിയതെന്ന് ചില പുരാവൃത്തങ്ങളിൽ കാണുന്നു.

കണ്ണൂരിന് വടക്കോട്ട് ആനപ്പുറത്ത് എഴുന്നള്ളിപ്പിന് പകരം തിടമ്പെഴുന്നള്ളിപ്പാണ് പ്രധാനമെങ്കിലും ആനയെഴുന്നള്ളിപ്പുള്ള അപൂർവ്വം ക്ഷേത്രങ്ങളിലൊന്നാണ് ചെറുകുന്നു. മേടസംക്രമം മുതൽ ഏഴു ദിവസത്തെ ഉത്സവത്തിന് ആനയെഴുന്നള്ളിപ്പും പഞ്ചവാദ്യവും മേളവുമാണ് പ്രധാനം. തേക്കിൻകഴകൾ കൊണ്ട് തീർത്ത മുകളിൽ ഓലമടൽ മേഞ്ഞ വട്ടപ്പന്തൽ പ്രസിദ്ധമാണ്. വെട്ടുകല്ല് കൊണ്ട് പണിത ക്ഷേത്രവും ദാരുശിൽപ്പങ്ങളും മനോ ഹരങ്ങളായ ചുവർ ചിത്രങ്ങളും ആറ് ഏക്കറു ള്ള വിശാലമായ ക്ഷേത്രക്കുളവും ഈ ക്ഷേത്രത്തിന്റെ സവിശേഷതകളാണ്.

**മൃദംഗശൈലേശ്വരി മുഴക്കുന്ന്** .

കണ്ണൂർ ജില്ലയിൽ തലശ്ശേരിയിൽ നിന്ന് കിഴക്കാണ് മുഴക്കുന്ന് മൃദംഗശൈലേശ്വരി ക്ഷേത്രം. കോട്ടയത്ത് തമ്പുരാൻ (പഴശ്ശിരാജാവ് ) തന്റെ പരദേവതയായ മൃദംഗശൈലേശ്വരിയെ നമസ്കരിച്ചിട്ടാണ് യുദ്ധത്തിന് പുറപ്പെട്ടിരുന്നത്. ഭദ്രകാളി, ദുർഗ്ഗ , സരസ്വതി ഭാവങ്ങൾ ചേർന്നതാണ് ഇവിടുത്തെ ഭഗവതീ സങ്കൽപ്പം

ബകവധം, കല്യാണസൗഗന്ധികം, കിർമ്മീരവധം , കാലകേയവധം എന്നീ പ്രസിദ്ധങ്ങളായ ആട്ടക്കഥകളുടെ കർത്താവ് കൂടിയായ കോട്ടയത്ത് തമ്പുരാൻ രചിച്ച മൃദംഗശൈലേശ്വരിയെ സ്തുതിച്ച് കൊണ്ടുള്ള 'മാതംഗാനനമബ്ജവാസ രമണീം' എന്ന ആരംഭിക്കുന്ന വന്ദനശ്ലോകമാണ് കഥകളിക്ക് മുമ്പായി ചൊല്ലുന്നത്. സ്വർഗ്ഗലോകത്ത് നിന്ന് ശക്തിരൂപിണിയായ ഭഗവതി മിഴാവിന്റെ രൂപത്തിൽ വീണ സ്ഥലമായത് കൊണ്ടാണ് മൃദംഗശൈലേശ്വരി എന്ന പേരു വന്നത്. കോട്ടയത്ത് തമ്പുരാന് കഥകളിയുടെ രൂപം കാണിച്ച് കൊടുത്തത് മൃദംഗശൈലേശ്വരിയാണ് എന്നാണ് വിശ്വാസം.

ക്ഷേത്രത്തിന്റെ നാലു ഭാഗത്തുമായിരുന്നു കോട്ടയം രാജവംശത്തിന്റെ കോവിലകങ്ങൾ. ബ്രിട്ടീഷ്കാർക്കെതിരെ പോരാടി ചരിത്രത്തിൽ ഇടം നേടിയ പഴശ്ശിരാജ ഈ രാജവംശത്തിലെയായിരുന്നു.കോട്ടയം രാജവംശത്തിന്റെ തകർച്ചയോടെ കോട്ടയത്ത് തമ്പുരാന്റെ കുലദേവത കൂടിയായ മൃദംഗശൈലേശ്വരി ക്ഷേത്രം ശോച്യാവസ്ഥയിലായി. ദീർഘകാലം ഈ ക്ഷേത്രം വിസ്മൃതിയിലാണ്ടു. ശാന്തിക്കാർക്ക് പ്രതിഫലം നൽകാൻ പോലും വരുമാനം ഇല്ലാതെ പൂജ പോലും മുടങ്ങുന്ന സാഹചര്യം ഉണ്ടായി. മൂന്ന് തവണ ഈ ക്ഷേത്രത്തിലെ പഞ്ചലോഹവിഗ്രഹം മോഷണം പോയെങ്കിലും മോഷ്ടാക്കൾക്ക് ഈ വിഗ്രഹം ഉപേക്ഷിക്കേണ്ടി വന്നുവെന്ന അനുഭവം അന്നത്തെ DIG ആയ ഡോ. അലക്സാണ്ടർ ജേക്കബ് ഒരു ചാനലിലൂടെ അഭിമുഖത്തിൽ നടത്തിയ പ്രസ്ഥാവനകളാണ് ഈ ക്ഷേത്രത്തെ വീണ്ടും പ്രസിദ്ധമാക്കിയത്. ഇന്ന് കേരളത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും നിത്യേന ആയിരക്കണക്കിന് ഭക്തജനങ്ങൾ ദർശനം നടത്തുന്ന ഒരു മഹാക്ഷേത്രമായി മാറിക്കഴിഞ്ഞു. കോടിക്കണക്കിന് രൂപ മുടക്കിയുള്ള നവീകരണ പ്രവർത്തനങ്ങൾ അവിടെ നടന്ന് വരുന്നു.

**മുച്ചിലോട്ട് ഭഗവതി**

ഉത്തരമലബാറിൽ ഏറ്റവുമധികം ആരാ

ധിച്ചുവരുന്ന ഒരു മൂർത്തിയാണ് മുച്ചിലോട്ട് ഭഗവതി. പെരിഞ്ചെല്ലൂർ ഗ്രാമത്തിലെ മണിയോട്ട് മനയിൽ ജനിച്ച അതിബുദ്ധിമതിയായ ഒരു ബ്രാഹ്മണകന്യക എഴുത്തു പള്ളിക്കൂടത്തിൽ വച്ചു നടന്ന ഒരു വാദപ്രതിവാദത്തിൽ പണ്ഡിതന്മാരായ എല്ലാ ബ്രാഹ്മണരേയും തർക്കത്തിൽ തോൽപ്പിച്ചു. അവളുടെ ജ്ഞാനത്തിൽ അസൂയ പൂണ്ട അവർ ഏറ്റവും വലിയ വേദനയും ഏറ്റവും വലിയ ആനന്ദവും ഏതാണെന്ന് ചോദിച്ചു. പ്രസവവേദനയും കാമരസവുമാണെന്ന് അവൾ മറുപടി പറഞ്ഞു ഇതനുഭവിക്കാതെ അവൾക്ക് ഇത് പറയാൻ സാധിക്കില്ലെന്ന് പറഞ്ഞ് അവർ ഈ പെൺകുട്ടിക്ക് ഭ്രഷ്ട് കൽപ്പിച്ചു. വീട് വിട്ടിറങ്ങിയ അവൾ നേരെ പടിഞ്ഞാട്ട് ഏകയായി നടന്നു. സ്വയം അഗ്നിയിൽ വെന്തുമരിക്കാൻ തീരുമാനിച്ച അവൾ ആ വഴി തലയിൽ എണ്ണപ്പാത്രത്തിൽ രായംമംഗലം ക്ഷേത്രത്തിലേക്ക് എണ്ണയുമായി പോയിരുന്ന ഒരു വാണിയനോട് എണ്ണ ആവശ്യപ്പെട്ടു. ആ എണ്ണയിൽ വെന്തു നശിച്ച ആ ബ്രാഹ്മണ കന്യകയാണ് മുച്ചിലോട്ട് ഭഗവതിയായി മാറിയത്. മുച്ചിലോട്ട് ഭഗവതി  മുച്ചിലോട്ട് വാണിയന്റെ പരദേവതയായി മാറി. നൂറ്റിപതിമൂന്നോളം മുച്ചിലോട്ട് ഭഗവതി കാവുകൾ കണ്ണൂർ കാസർകോഡ് ജില്ലകളിലായുണ്ട്. ചെറുവള്ളൂർ ആദിമുച്ചിലോട്ട് കൂടാതെ 6 ആരുഢങ്ങൾക്ക് പുറമെയാണ് ഇത്.ചെറുപ്രായത്തിൽത്തന്നെ അറിവ് കൊണ്ട് മേധാവിത്വം നേടിയ ഒരു സ്ത്രിയെ പുരുഷമേധാവിത്വം അസൂയ കൊണ്ട് ഭ്രഷ്ട് കൽപ്പിച്ചതിൽ നിന്നാണ് മുച്ചിലോട്ട് ഭഗവതിയുടെ ഉത്ഭവം. കോലത്തിരി രാജാവിന് സ്വപ്നത്തിൽ തന്റെ ആഗ്രഹം അറിയിച്ചത് പ്രകാരം അക്കാലത്തെ മാന്ത്രികനായ മണക്കാടൻ ഗുരുക്കളാണ് മുച്ചിലോട്ട് ഭഗവതിയുടെ കോലം രൂപകൽപ്പന ചെയ്തത്. സർവ്വാലങ്കാര ഭൂഷിതയായി സുന്ദരിയായി നവവധുവിന്റെ രൂപത്തിലാണ് ഭഗവതിയുടെ കോലം. ഇന്ന് വാണിയസമുദായത്തിന്റെ പരദേവതയാണ് മുച്ചിലോട്ട് ഭഗവതി.

**കടാങ്കോട്ട് മാക്കം ഭഗവതി**

നായർ സമുദായത്തിലെ ആളുകളാൽ ആരാധിക്കപ്പെടുന്ന ഒരു ദേവതയാണ് കടാങ്കോട്ട് മാക്കം അഥവാ മാക്കപ്പോതി. പയ്യന്നൂരിനടുത്ത് കുഞ്ഞിമംഗലത്തെ കടങ്ങോട്ട് നമ്പ്യാർ കുടുംബത്തിലെ 12 യോദ്ധാക്കളുടെ ഏക സഹോദരിയായ മാക്കത്തിനെ എല്ലാവരും ഓമനയായി വളർത്തി. അവൾ വിദുഷിയും സുന്ദരിയും സർവ്വഗുണ സമ്പന്നയുമായിരുന്നു. സഹോദരന്മാർ എല്ലാ കാര്യങ്ങളും മാക്കത്തിനോട് ആലോചിച്ച് മാത്രം തീരുമാനിച്ചിരുന്നതിനാൽ പന്ത്രണ്ട് സഹോദരന്മാരുടെയും ഭാര്യമാരിൽ ഒരാളൊഴികെ എല്ലാവർക്കും ഇവളോട് അസൂയയായിരുന്നു. മാക്കത്തിന് രണ്ട് മക്കളും ഉണ്ടായിരുന്നു. അസൂയ കൊണ്ട് തങ്ങളുടെ ഭർത്താക്കന്മാരുടെ മനസ്സിൽ വിദ്വേഷം ഉണ്ടാക്കാൻ പല പണികളും അവർ ആലോചിച്ചെങ്കിലും അതൊന്നും നടപ്പായില്ല. ഒരിക്കൽ യുദ്ധത്തിൽ പങ്കെടുക്കാൻ പന്ത്രണ്ടാങ്ങളമാരും പോയ സമയത്ത് അവരുടെ ഭാര്യമാർ  അവളിൽ ജാരസംസർഗ്ഗം ആരോപിച്ച് അപവാദങ്ങൾ പറഞ്ഞ് കേൾപ്പിച്ചു. ഭർത്താക്കന്മാർ സഹോദരിയെയും മക്കളെയും  ലോകനാർ കാവിൽ ആഘോഷത്തിന് കൊണ്ട് പോകാമെന്ന് പറഞ്ഞ് പുറപ്പെടുകയും വഴിയിൽ ഒരു വനപ്രദേശത്ത് വച്ച് സഹോദരിയെയും മക്കളെയും കിണറ്റിൽ തള്ളി ഇട്ടു കൊല്ലുകയും ചെയ്തു. സഹോദരന്മാർ തിരികെ വീട്ടിലെത്തിയപ്പോൾ വീട് കത്തിക്കൊണ്ടിരിക്കുന്നതായും നാലു തൃക്കൈകളിൽ ആയുധങ്ങളുമായി ഉഗ്രരൂപത്തിൽ നൃത്തം ചെയ്യുന്ന മാക്കത്തിനെയും രണ്ട് കുട്ടികളെയും  മാക്കത്തിനു സമീപം മാക്കത്തിനെ സഹായിച്ചിരുന്ന സഹോദര പത്നി വന്ദിച്ച് നിൽക്കുന്നതായും കണ്ടു. പതിന്നൊന്ന് സഹോദരന്മാരും ഭാര്യമാരും രക്തം ഛർദ്ദിച്ച് മരിക്കയും ചെയ്തു. മാക്കത്തിനെ സഹായി

ച്ചിരുന്ന ഒരു സഹോദരനും സഹോദരിയും മാത്രം അവശേഷിച്ചു. അവരുടെ പരമ്പരകൾ ഈ കുടുംബത്തിൽ മാക്കത്തിനെ ഭഗവതി രൂപമായി കെട്ടിയാടിക്കാൻ തുടങ്ങി. ആ കുടുംബമാണ് മാക്കം ഭഗവതിയുടെ ആരുഢം എന്ന് കരുതി വരുന്നു. കണ്ണൂർ ജില്ലയിൽ ഏറ്റവുമധികം ആരാധിക്കപ്പെടുന്ന ഒന്നാണ് മാക്കം ഭഗവതിയുടെ തെയ്യം. കുട്ടികൾ ഉണ്ടാവാൻ മാക്കത്തിന്റെ തെയ്യം വഴിപാടായി കെട്ടിയാടുന്നു.

ഉത്തരമലബാറിൽ മുന്നൂറോളം ഭഗവതിയുടെ തെയ്യക്കോലങ്ങൾ കെട്ടിയാടപ്പെടുന്നു. മലബാറിലെ ശാക്തേയ പൂജയുടെ അടിത്തറ തന്നെ തെയ്യക്കോലങ്ങൾ ആണ്. ഏറ്റവും പ്രധാനപ്പെട്ട രണ്ട് തെയ്യങ്ങളെപ്പറ്റി' മാത്രമേ ഇവിടെ സ്ഥലപരിമിതികൾ മൂലം പരാമർശിക്കുന്നുള്ളു.

**ലോകനാർകാവ്**

കോഴിക്കോട് ജില്ലയിലെ വടകര നിന്ന് അഞ്ച് കി.മീ കിഴക്ക് മാറി സ്ഥിതി ചെയ്യുന്ന ലോകനാർകാവ് വടക്കൻ പാട്ടുകളിലൂടെയും സിനിമകളിലൂടെയും മലയാളികൾക്ക് സുപചരിതമാണ്. ഭഗവതി ക്ഷേത്രത്തോടൊപ്പം ശിവക്ഷേത്രവും വിഷ്ണുക്ഷേത്രവും ചേർന്ന് ശൈവവൈഷ്ണവശാക്തേയ സങ്കൽപ്പങ്ങൾ ഒന്നിച്ച് വരുന്ന ഒരു അപൂർവ്വക്ഷേത്രസമുച്ചയമാണിവിടം. പക്ഷേ പ്രാധാന്യം ഭഗവതിക്ക് തന്നെ. ലോകാംബികയെന്നാണ് ഇവിടുത്തെ ഭഗവതിയെ അറിയുന്നത്. ഉത്തരേന്ത്യയിൽ നിന്ന് വൈശ്യരാണ് അമ്മയെ ഇവിടെ കൊണ്ട് വന്നത് എന്നാണ് വിശ്വാസം. ഏതാണ്ട് 1300 വർഷം മുമ്പ് രത്നവ്യാപാരികളായ 500 നാഗരികർ ആദ്യം കൊല്ലത്ത് താമസിച്ചിട്ട് അവിടുന്നാണ് ഇവിടെ എത്തി ചേർന്നത്. നാഗരികർ എന്ന് വിളിച്ചത് പരിഷ്കൃതർ എന്ന അർത്ഥത്തിലാവാം. ആദ്യകാലത്ത് ക്ഷേത്രഭരണം നാഗരികർക്കായിരുന്നെങ്കിലും പിന്നീട് കടത്തനാട് രാജവംശത്തെ ഏൽപ്പിച്ചു.

കൊടുങ്ങല്ലൂർ ഭഗവതിയും ലോകനാർകാവിലമ്മയും സഹോദരിമാരാണെന്ന് ഒരു വിശ്വാസം നിലവിൽ ഉണ്ട്. കൊടുങ്ങല്ലൂരിലെ ലോകമല്ലേശ്വരം എന്ന സ്ഥലത്ത് നിന്നാണ് ലോകനാർകാവ് എന്ന പേര് ഉണ്ടായതെന്നാണ് വിശ്വാസം. ഉത്തരേന്ത്യയിൽ നിന്ന് നാഗരികർ ലോകമല്ലേശ്വരത്തും താമസിച്ചിരുന്നു. ഇന്ന് ലോകനാർകാവ് ഭാഗത്ത് നിന്ന് ധാരാളം പേർ കൊടുങ്ങല്ലൂർ ഭരണിക്ക് പോകാറുണ്ട്. ഇപ്പോഴും കൊടുങ്ങല്ലൂർ ഭരണിക്ക് കോഴിക്കല്ലിൽ കോഴിയെ വയ്ക്കാനുള്ള അവകാശം ലോകനാർകാവുമായി ബന്ധപ്പെട്ട തച്ചോളി തറവാട്ട്കാർക്കാണ് എന്നത് ഈ ബന്ധത്തെ കാണിക്കുന്നു. ലോകമാതാ എന്ന് കൊടുങ്ങല്ലൂർ ഭഗവതിയെ വിളിച്ചു വരാറുണ്ട്. ലോകനാർകാവ് എന്നെ പേരു വന്നത് ഇതിൽ നിന്നാണ് എന്നും വിശ്വസിക്കുന്നു.

പൂരക്കളി ലോകനാർകാവിലെ പ്രധാന ആഘോഷമാണ്. മീനത്തിലെ പൂരത്തിനും വിദ്യാരംഭത്തിനുമാണ് പൂരക്കളി അരങ്ങേറുന്നത്. കൊട്ടിയൂർ ക്ഷേത്രത്തിലെപ്പോലെ വാൾ എഴുന്നള്ളിപ്പും ഇവിടത്തെ ഒരാഘോഷമാണ്. ഉത്തരമലബാറിലെപ്പോലെ മൂന്ന് ക്ഷേത്രങ്ങളിലേയും സംയുക്തമായി തിടമ്പെഴുന്നള്ളിപ്പും ഇവിടെ നടന്ന് വരുന്നു. ദാരുശിൽപ്പങ്ങളും ചുവർ ചിത്രങ്ങളും കൊണ്ട് സമ്പന്നമാണ് ലോകനാർകാവ് . എല്ലാ വീടുകളിലും ലോകനാർ കാവിലമ്മയെ ആരാധിച്ചു വരുന്നു.എല്ലാ ആപത്തുകളിൽ നിന്നും അമ്മ രക്ഷിക്കുമെന്നതിന് നിരവധി അനുഭവകഥകൾ പ്രചാരത്തിൽ ഉണ്ട്.

ലോകനാർകാവിനെ ആധുനിക ലോകം അറിയുന്നത് തച്ചോളി ഒതേനനിലൂടെയാണ്. 1585 ലാണ് തച്ചോളി ഒതേനന്റെ ജനനം. 32 വയസ്സിനുള്ളിൽ ഒതേനൻ 64 അങ്കങ്ങൾ ജയിച്ചു. ഒതേനന്റെ ആരാധനാ മൂർത്തിയായിരുന്നു ലോകനാർകാവിലമ്മയെ വന്ദിച്ചിട്ടേ ഒതേനൻ അങ്കത്തിന് പുറപ്പെട്ടിരുന്നു. ലോകനാർകാവിലെ ആറാട്ടിന്റെ പന്തൽപ്പണി ഒതേനക്കുറുപ്പിന്റെതായിരുന്നു. പന്തൽ പതിവിലും കേമമാക്കാൻ ഒതേനൻ ചാപ്പനെ ഏൽപ്പിച്ചു.

മതിലൂർ ഗുരുക്കളും ശിഷ്യന്മാരും ലോക നാർ കാവിലെത്തി ഒതേനനെ പരിഹസിച്ചു. പരിഹാസം തർക്കമായി രണ്ട് പേരും അങ്കം കുറിച്ചു. തച്ചോളി ഒതേനൻ ദുർലക്ഷണങ്ങൾ പലതും കണ്ടു. പടക്ക് പോകാൻ ലോകനാർകാവിലമ്മയെ തൊഴുതപ്പോൾ വെളിച്ചപ്പാട് തുള്ളി 64 പടയിൽ ജയിച്ച ഒതേനൻ 65 മത്തെ പടക്ക് പോകരുതെന്ന് കൽപ്പിച്ചു. അതനുസരിക്കാൻ ഒതേനൻ തയ്യാറായില്ല. കാവിലമ്മയുടെ വെളിച്ചപ്പാട് ഒതേനൻ പൊന്നിയത്ത് പോയാൽ അരയാൽത്തറയിൽ ഇരിക്കണമെന്നും ഭഗവതി ചുവന്ന നിറമുള്ള പക്ഷിയായും കോലോത്ത് ഭഗവതി പച്ച നിറമുള്ള പക്ഷിയായും അരയാലിൽ വന്നിരിക്കും തങ്ങളെ കണ്ടേ യുദ്ധത്തിന് പോകാവൂയെന്നും അറിയിച്ചു. ലക്ഷണം കണ്ട് ഇറങ്ങിയ ഒതേനൻ ശത്രുക്കളെക്കൊന്ന് വിജയശ്രീലാളിതനായി മടങ്ങിവരും വഴി കളരിയിൽ മറന്ന് പോയ കട്ടാരം തിരിച്ചെടുക്കാൻ പോയ സമയത്ത്  മതിലൂർ ഗുരുക്കളുടെ ശിഷ്യനാ യ മായൻകുട്ടി ഒതേനനെ ഒളിവിൽ വെടി വച്ച് കൊന്നു. ഒതേനനെ കൊന്ന മാപ്പിളയെ അമ്പെയ്ത് അപ്പോൾത്തന്നെ കൊന്ന പുള്ളുവന്റെ സ്മാരകവും ലോകനാർകാവിനടുത്ത് ഒതേനന്റെ സ്മാരകക്ഷേത്രത്തിന് അടുത്ത് ഉണ്ട്. 'കാവിലമ്മ വിതക്കുന്നു കാവിലമ്മ കൊയ്യുന്നു' എന്നായിരുന്നു വേദന കൊണ്ട് പുളയുന്ന ഒതേനൻ 'പറഞ്ഞത്. പോകും വഴി ലോകനാർ കാവിലമ്മയെ തൊഴണം എന്ന ആഗ്രഹവും സാധിച്ചാണ് ഒതേനൻ തച്ചോളി ത്തറവാട്ടിലേക്ക് മടങ്ങിയത്. വീട്ടിലെത്തിയതോടെ ലോകനാർകാവിലമ്മ ശരണം എന്ന് പറഞ്ഞ് കൊണ്ട് ഒതേനൻ വിടവാങ്ങി.

**കാടാമ്പുഴ ദേവീക്ഷേത്രം**

മഹാഭാരതത്തിലെ അർജുനന്റെ ഗർവ്വ് തീർക്കാൻ പരമശിവനും ശ്രീ പാർവ്വതിയും കാട്ടാളനും കാട്ടാളത്തിയുമായ കഥയിലെ കാട്ടാളസ്ത്രിയാണ് കാടാമ്പുഴ ഭഗവതി. അർജുനനെ അധികം വിഷമിപ്പിക്കാതെ അനുഗ്രഹിക്കാൻ ശിവനോട് അപേക്ഷിക്കുന്ന അനുഗ്രഹം ചൊരിയുന്ന ഭാവത്തിലാണ് ഇവിടുത്തെ കിരാത പാർവ്വതി ഭാവത്തിലെ ഭഗവതി. ശ്രിശങ്കരാചാര്യർ ഇപ്പോഴത്തെ ക്ഷേത്രത്തിന് പടിഞ്ഞാറ് ഭാഗത്ത് കൂടി യാത്ര ചെയ്തപ്പോൾ ഇപ്പോൾ ക്ഷേത്രം ഇരിക്കുന്ന സ്ഥാനത്തായി ഒരു തേജസ് കണ്ടു. അദ്ദേഹം അടുത്തേക്ക് ചെന്നപ്പോൾ ആ തേജസ് ഭൂമി പിളർന്ന് ഒരു ദാരത്തിലേക്ക് മറഞ്ഞു. ഇത് കിരാത പാർവ്വതിയാണ് എന്ന് മനസ്സിലാക്കി ശ്രീശങ്കരൻ പൂജക്കുള്ള സാധനസാമഗ്രികൾ അടുത്തുള്ള ഒരു വാര്യരെക്കൊണ്ട് അടുപ്പിച്ച് അവിടെ ഭഗവതിയെ പ്രതിഷ്ഠിച്ചു. ഈ ക്ഷേത്രത്തിന്റെ അവകാശം കാടാമ്പുഴ വാര്യത്തിന് നൽകുകയും ചെയ്തു. ദേവി മറഞ്ഞ ദ്വാരത്തിന് മുന്നിൽ ഒരു തിടമ്പ് വച്ച് അവിടെ പൂജനടത്തി വരുന്നു. ദേവിയുടെ ഉഗ്രത കുറക്കാൻ ശ്രീ കോവിലിന് അഭിമുഖമായി നരസിംഹത്തേയും സുദർശനത്തേയും സ്വാമികൾ പ്രതിഷ്ഠിച്ചു.

**പ്രധാന വഴിപാടുകൾ**

പൂമൂടൽ ആണ് ഇവിടുത്തെ പ്രധാന വഴിപാട്. അർജുനൻ കാട്ടാളന്റെ നേരെ അയച്ച അമ്പുകൾ പൂക്കളായി മാറിയതിന്റെ ഓർമ്മക്കാണ് പൂമൂടൽ വഴിപാട് എന്നാണ് വിശ്വാസം. മനുഷ്യന് വന്ന് ചേരുന്ന ദുരിതങ്ങൾ മാറുന്നതിന് വേണ്ടി നടക്കുന്ന മുട്ടറുക്കൽ ആണ് മറ്റൊരു വഴിപാട്. നാളികേരം ഉടയുന്നതിന് അനുസരിച്ച് ശാന്തിക്കാരൻ ഫലം പറയുന്നു. കാര്യസാദ്ധ്യങ്ങൾക്കായി  വിദ്യാമുട്ട്, മംഗല്യ മുട്ട്, ഭൂമിമുട്ട്, സന്താന മുട്ട് തുടങ്ങി പല പേരുകളിൽ മുട്ട് നടത്തി വരുന്നു. കേരളത്തിൽ ഏറ്റവും തിരക്കുള്ള ക്ഷേത്രങ്ങളിലൊന്നായ കാടാമ്പുഴ കുറ്റിപ്പുറത്ത് നിന്ന് നാഷണൽ ഹൈവേയിൽ കോഴിക്കോട് റൂട്ടിൽ വെട്ടിച്ചിറ നിന്ന് 2 കി മി. കിഴക്കാണ്. ഇവിടെ ഉത്സവങ്ങൾ ഇല്ല വൃശ്ചികത്തിൽ കാർത്തിക പ്രതിഷ്ഠാദിനമാണ് പ്രധാനം.

*(തുടരും)*

*****

# കാഴ്ചപ്പാടുകൾ മാറുമ്പോൾ

ഡോ. രാജേശ്വരി കുഞ്ഞമ്മ – 9388382009

ഒരു മനുഷ്യൻ അയാളുടെ മനസ്സും ബുദ്ധിയും ഒരുമിച്ചു പ്രവർത്തിപ്പിക്കുമ്പോൾ അറിവുണ്ടാകുമെന്ന് പറയപ്പെടുന്നു. അറിവ് അത് ആദ്ധ്യാത്മികമായാലും ലൗകീകമായാലും അവനവനിൽ തന്നെയുണ്ട്. അതു മനസ്സിലാക്കുന്നില്ലായെന്നു മാത്രം. ഇന്നത്തെ തലമുറ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാതെ, പരാജയത്തെക്കുറിച്ചു ചിന്തിച്ചു ഭയന്ന് എളുപ്പം റിസൾട്ട് ഉണ്ടാക്കാനുള്ള ശ്രമത്തിൽ നട്ടം തിരിയുകയാണ്. തന്മൂലം ശരീരവും മനസ്സും രോഗം കാർന്നു തിന്നുന്നു അതിൽ നിന്നും രക്ഷപെടാൻ ഏതെങ്കിലും പുതിയ മാർഗ്ഗങ്ങൾ തേടുന്നു. വ്യക്തമായ കാഴ്ചപാടോ തീരുമാനമെടുക്കാനുള്ള കഴിവോ ഇല്ലാതെ മറ്റുള്ളവരുടെ കയ്യിലെ പാവയായി മാറുന്നതാണ് നാം കാണുന്നത്. സ്വയം ചിന്തിക്കുകയും നമ്മുടെ ഉള്ളിലുള്ള കഴിവിനെ പ്രോത്സാഹിപ്പിക്കുകയുമാണ് വേണ്ടത്. സമൂഹത്തിൽ നടക്കുന്ന എല്ലാ സ്വീകരിക്കണമെന്നല്ല മറിച്ചു എങ്ങനെ നാം അതിനെ കണക്കാക്കുന്നുവെന്നതാണ് മുഖ്യം.

ജീവിതത്തിന്റെ അടിത്തറ രൂപപ്പെടുന്നത് നാം എങ്ങനെ വസ്തുകളെ കാണുന്നുവെന്നും വിശ്വസിക്കുന്നുവെന്നും കണക്കാക്കിയാണ്. ഏതവസരത്തേയും നല്ലതും മോശവുമാക്കി തീർക്കുന്നത് നമ്മുടെ സമീപനമനുസരിച്ചാണ്. നാം ആദ്യം നമ്മളെ ഇഷ്ടപ്പെടുക. നമ്മെ വേദനിപ്പിക്കുന്ന വസ്തു നമുക്ക് എത്രമാത്രം പ്രാധാന്യമുള്ളതാണെന്നു ചിന്തിക്കുക ചിലർ പ്രശ്നങ്ങളെ കീറിമുറിച്ചിരട്ടിയാക്കാം. ഭർത്തൃഹരിയുടെ വാക്കുകളിൽ പറഞ്ഞാൽ ബുദ്ധിയില്ലാത്ത ഒരാൾ തോൽക്കുമെന്ന ഭയത്താൽ ഒരു ജോലിയും ആരംഭിക്കുകയില്ല. അല്പബുദ്ധിക്കാരൻ പാതിവഴിക്കു കാര്യം ഉപേക്ഷിക്കും. അസ്വസ്ഥനായവൻ തടസ്സവാദങ്ങളുന്നയിക്കും. ആത്മവിശ്വാസമുള്ളവൻ ലക്ഷ്യം നേടും. ജീവിതത്തെ കുറിച്ചു വ്യക്തമായ കാഴ്ചപാടുവേണം. ഗാന്ധിജി സത്യാന്വേഷണ പരീക്ഷണങ്ങൾ എന്ന പുസ്തകത്തിൽ അദ്ദേഹത്തിന് സംസ്കൃതം പഠിക്കുവാൻ സാധിച്ചത് സംസ്കൃതാദ്ധ്യാപകൻ ചെയ്ത സഹായം കൊണ്ടുമാത്രമാണെന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെ സീതാന്വേഷണത്തിനു പോകാൻ വഴിയറിയാതെ നിന്ന ഹനുമാനെ ശക്തിപ്പെടുത്താൻ ജാംബവാൻ വേണ്ടിവന്നു. അതുപോലെ സ്വാമി വിവേകാനന്ദൻ ചിക്കാഗോ പ്രസംഗത്തിൽ മുൻപുണ്ടായ അനുഭവം വിവരിക്കുമ്പോൾ അദ്ദേഹം ദേവി സരസ്വതിയെ പ്രാർത്ഥിച്ചതും മറ്റും വിവരിച്ചിട്ടുണ്ട്. അവനവന്റെ കഴിവിനേക്കുറിച്ചുള്ള ആത്മവിശ്വാസവും ധാരണയും എങ്ങനെ നേടുമെന്നുള്ള കാഴ്ചപ്പാടും വേണം. ഭീഷ്മപ്രതിജ്ഞ, ഭഗീരഥപ്രയത്നം എന്നപോലെ പ്രവർത്തിക്കാനും ബുദ്ധിമുട്ടാനുമുള്ള കഴിവാണാവശ്യം. മണ്ടന്മാരെ ഈശ്വരനു പോലും വേണ്ട. ശ്രീകൃഷ്ണൻ ഗീതയിൽ പറയുന്നത് സുഖത്തേയും ദുഖത്തേയും ലാഭത്തേയും നഷ്ടത്തേയും ജയത്തേയും പരാജയത്തേയും ഒരേ പോലെ കണക്കാക്കി ശ്രമിക്കണം. അവസരങ്ങൾ നമ്മുടെ മുൻപിൽ സൃഷ്ടിക്കപ്പെടുന്നു. ഏതു സ്വീകരിക്കണമെന്നു നാം തീരുമാനിക്കണം. എപ്പോഴും പ്രവർത്തന നിരതനാകണം. ശ്രീകൃഷ്ണൻ ഗീതയിൽ പറയുന്നു 'ഞാൻ ഒരു നിമിഷ നേരത്തേക്കു പോലും കർമ്മം ചെയ്യാതിരുന്നാൽ പ്രപഞ്ചം നശിക്കും. ലോകത്തെ ഞാൻ സ്നേഹിക്കുന്നതുകൊണ്ട് കർമ്മം ചെ

യ്യുന്നു’. അവനവൻ ചെയ്യേണ്ടതെന്താണെന്നറിയണം. അതു ചെയ്യണം. അങ്ങനെ മനസിനെ വരുതിക്കുകൊണ്ടുവരണം.

ഈ കാലഘട്ടത്തിൽ നമുക്കു നമ്മുടെ പഞ്ചേന്ദ്രിയങ്ങളേക്കുറിച്ചുള്ള അറിവും ഉപബോധമനസിന്റെ ശക്തിവിശേഷവും അറിയണം. മഹത്തായ ആദർശങ്ങളെ മുൻനിർത്തി അർപ്പണ മനോഭാവത്തോടു കൂടി പ്രവർത്തിക്കുമ്പോൾ മനസ്സ് ശാന്തമാകും കാഴ്ചപാടും വ്യക്തമാകും. ചിലർ എപ്പോഴും കാലഘട്ടത്തേക്കുറിച്ചും മറ്റുള്ളവരുടെ നീതിബോധത്തേക്കുറിച്ചും നിർവചനങ്ങൾ ഉണ്ടാക്കികൊണ്ടിരിക്കും. സേവനമനോഭാവവും മാറാനുള്ള തയാറെടുപ്പും മാനസീക സംതൃപ്തി നൽകും.

തനിക്ക് ഹിതമല്ലാത്തത് നിരസിക്കാനുള്ള കഴിവ് ഉണ്ടാകുമ്പോൾ സാഹചര്യം നമ്മളെ വശംവദരാക്കില്ല. പരാജയവും തോൽവിയും വിജയവും ഒക്കെ ഒരേ നീതി പീഠത്തിലാണ് അളക്കുന്നത്. തൂക്കം ഏതിൽ കൂടണമെന്ന് നിശ്ചയിക്കേണ്ടത് നമ്മളാണ്. എല്ലാറ്റിനേയും സംശയിച്ചാൽ ഒന്നും നടക്കില്ല. അവന് ഇഹലോകവുമില്ല പരലോകവുമില്ല. അതാണ് ശ്രീകൃഷ്ണൻ പറയുന്നത് ഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന അജ്ഞാന ജന്യമായ സംശയത്തെ ജ്ഞാനമായ വാളുകൊണ്ടു ഛേദിച്ചു കളയുകയെന്ന്. പലതും മോശമായി സംഭവിക്കുന്നത് അവർക്ക് അവരിൽ വിശ്വാസമില്ലാതെയിരിക്കുന്നതുകൊണ്ടാണ്. ഡ്രൈവിംഗ് പഠിക്കണമെങ്കിൽ വണ്ടി ഓടിച്ചു പഠിക്കണം. സാധിക്കുമെന്നുള്ള വിശ്വാസം നിങ്ങളുടെ ഉൾക്കാഴ്ചയും ദീർഘവീക്ഷണവും വളർത്തുന്നു. അങ്ങനെ നിരീക്ഷിച്ചു അപഗ്രഥിച്ചു മുന്നോട്ടുപോകുമ്പോൾ വ്യക്തമായ കാഴ്ചപാടു ലഭിക്കുന്നു. അടിസ്ഥാന വിശ്വാസം പരിശ്രമത്തിനാക്കം കൂട്ടുന്നു. കെന്നഡി അമേരിക്കൻ പ്രസിഡന്റായിരുന്നപ്പോൾ നമ്മുടെ പ്രസിഡന്റായിരുന്ന ഡോ. രാധാകൃഷ്ണൻ അമേരിക്ക സന്ദർശിച്ചു. അന്നു മഴ കാരണമവിടെ മോശമായ കാലാവസ്ഥ ആയിരുന്നു. കെന്നഡി പറഞ്ഞു. ഈ മോശകാലാവസ്ഥയിൽ അങ്ങയെ സ്വീകരിക്കേണ്ടി വന്നതിൽ ദു:ഖമുണ്ട്. നമുക്ക് ഈ കാലാവസ്ഥയെ മാററാൻ കഴിയില്ല. പക്ഷേ മാറേണ്ടത് ഇതിനെ എങ്ങനെ നോക്കി കാണുന്നു എന്നതാണ് എന്ന് നമ്മുടെ പ്രസിഡന്റ് പറഞ്ഞു. അതുകൊണ്ടു ഏതു കാലാവസ്ഥയായാലും നമ്മുടെ മനോഭാവം മാറുമ്പോൾ നല്ലതായി നോക്കി കാണാൻ സാധിക്കും.

*****

> കാലദേശാവസ്ഥയും
> ധർമ്മവുമധർമ്മവും
> മൂലവും തമ്മിലുള്ള ദൗർബ്ബല്യ
> പ്രാബല്യവും
> മൊഴിയും മൊഴിക്കേടും വഴിയും
> വഴിക്കേടുമഴ
> കോടകതാരിലാവോളമോർത്തീടേണം
> *എഴുത്തച്ഛൻ*

**മിനിക്കഥ**

## ഇനിയും പഠിക്കാൻ

ഉണ്ണി വാരിയത്ത് – **9867179480**

കുട്ടികളിൽനിന്നും പഠിക്കാൻ ഒരുപാടു കാര്യങ്ങളുണ്ടെന്ന് അയാൾക്ക് മനസ്സിലായി.....

ഒന്ന് ഒരു കാരണവുമില്ലാതെ എപ്പോഴും ഉല്ലാസത്തോടെയിരിക്കുക എന്നത്! മറ്റൊന്ന് വെറുതെ മടിപിടിച്ചിരിക്കാതെ എപ്പോഴും എന്തെങ്കിലുമൊക്കെ ചെയ്തുകൊണ്ടിരിക്കുക എന്നത്! ഇനിയും പഠിക്കാൻ പലതുമുണ്ടാകും. അവർ അയാളുടെ നിരീക്ഷണത്തിലാണ്.....

# ജീവിതാനുഭവങ്ങൾ

ഹരിഹരനന്ദനൻ – 99625 83139

(തുടർച്ച.....)

## ഗോളാന്തരഗ്രാമം

**എ**ന്റെ ആദ്യത്തെ എഡിറ്റർ എന്റെ അച്ഛനാണ്. പതിമൂന്നു പതിനാലു വയസ്സിലാണ് ആദ്യത്തെ പാഠം. അവിചാരിതമായി പഠിച്ച പാഠം. ഒരു വാക്കിലെ തിരുത്തൽ. അച്ഛന്റെ ഉറ്റ സുഹൃത്തായ ഗോപിമേനോൻ അച്ഛനയച്ച ഒരു പോസ്റ്റുകാർഡിൽ വന്ന ഒരു വാക്ക്. മേനോൻ ഇടയ്ക്കിടെ അച്ഛനെ വീട്ടിലേക്കു ക്ഷണിക്കും. ഭാരതപ്പുഴ കുറുകെ നടന്നു കയറി പെരിങ്ങോട്ടുകുറുശ്ശിയിലുള്ള ജന്മിയായ മേനോന്റെ വീട്ടിൽ എത്തുമ്പോൾ വൈകുന്നേരമാവും. അച്ഛനെയും എന്നെയും കാണുന്ന മാത്രയിൽ മേനോൻ റൈഫിളുമെടുത്തു വീട്ടുമുറ്റത്തുള്ള കുളത്തിലേക്കു തോട്ടകൾ പായിച്ചു രണ്ടോ മൂന്നോ വലിയ കണ്ണൻ മത്സ്യങ്ങളെ വക വരുത്തും. അവർ തമ്മിൽ തമാശകൾ പറഞ്ഞിരിക്കുമ്പോൾ മേനോന്റെ മകനും എന്റെ സമപ്രായക്കാരനുമായ കുട്ടനും (ജയപാലൻ) ഞാനും കാരം, ലുഡോ തുടങ്ങിയ കളികളിലേർപ്പെടും. അത്തവണ അച്ഛൻ കൈയ്യിൽ മേനോനയച്ച പോസ്റ്റ് കാർഡ് കരുതിയിരുന്നു. മേനോനെ ഒന്ന് കളിയാക്കാനായി അച്ഛൻ ആ കാർഡ് എനിക്കും കുട്ടനും തന്നു അതിലെ ഒരു തെറ്റ് കണ്ടു പിടിക്കാൻ പറഞ്ഞു. മേനോനാണെങ്കിൽ എപ്പോളും ഇംഗ്ലീഷിലെ കത്തെഴുതുകയും ചെയ്യൂ. കത്തെഴുതിയ ദിവസം രാത്രി വണ്ടിക്കു മകൾ ബോംബെയിലേക്ക് പോവുന്നു എന്ന് പറഞ്ഞ മേനോൻ എഴുതിയപ്പോൾ ടുഡേ നൈറ്റ് എന്ന് വന്നു. എനിക്കാ വാക്കിലെ 'ഡേ' എന്ന എക്സ്ട്രാ വാക്കു കണ്ടു പിടിക്കാൻ കഴിഞ്ഞു (റ്റുനൈറ്റ്). ചരിത്ര വിദ്യാർത്ഥിയായ ശേഷം പോലീസിൽ എസ് പി ആയി റിട്ടയർ ചെയ്ത അച്ഛന് ഇങ്ങനെയുള്ള കഴിവുകൾ ഉണ്ടെന്നത് പിൽക്കാലത്തു എന്നെ ആശ്ചര്യപ്പെടുത്തിയിട്ടുണ്ട്.

വാക്കുകളിലുള്ള പിശുക്ക് പണത്തിലുള്ള പോലെ തന്നെ അച്ഛന്റെ സ്വഭാവമായിരുന്നു. അത് പോലെ പോസ്റ്റ് കാർഡും തപാലാപ്പീസും അദ്ദേഹത്തിന്റെ പിശുക്കിനു കൂട്ടു നിന്നു. സ്കൂളിലെ അവസാന കാലത്തു എനിക്ക് ഇടയ്ക്കിടെ കിട്ടിയിരുന്ന ജോലി പോസ്റ്റ് ഓഫീസിൽ പോയി കമ്പി അടിക്കലായിരുന്നു. അച്ഛന്റെ പരിചയക്കാരുടെ മരണത്തിന്റെയും അല്ലെങ്കിൽ അവരുടെ പുത്രീപുത്രന്മാരുടെ വിവാഹാവസരത്തിലും എത്തിച്ചേരാൻ പറ്റാത്ത സ്ഥലങ്ങളാണെങ്കിൽ കമ്പി സന്ദേശം അയക്കൽ അദ്ദേഹത്തിന്റെ നിർബ്ബന്ധമായിരുന്നു. എന്നോട് 100 അല്ലെങ്കിൽ എട്ട് അല്ലെങ്കിൽ പതിനാറ് എന്നൊക്കെ പറഞ്ഞു വിട്ടു ടെലഗ്രാഫിക് സന്ദേശങ്ങൾ കൊടുക്കുന്നതിൽ അദ്ദേഹം ആനന്ദം കണ്ടെത്തി (ടെലഗ്രാഫിക് സെർവിസ്സ് ഇപ്പോൾ നിലവിലില്ല കാരണം ഇന്ന് ലോകം ഒരു ഗ്രാമമാണ് നിമിഷങ്ങൾക്കുള്ളിൽ നമ്മുടെ സന്ദേശങ്ങൾ വാട്സപ്പ് വഴി അമേരിക്കയിലോ ന്യൂസിലൻഡിലോ എത്തും). പക്ഷെ ഒരു വിരോധാഭാസമെന്നു പറയട്ടെ ഇന്ത്യൻ എക്സ്പ്രസ്സ് അണുവിടാതെ വായിക്കുന്ന അച്ഛനു ഇഷ്ടപ്പെട്ട എഴുത്തുകാരൻ അരുൺ ഷൂരി ആയിരുന്നു. നൂറു വാക്കു പറയേണ്ടിടത്തു ആയിരം വിളമ്പിയിരുന്ന ഷൂരി യഥാർത്ഥത്തിൽ ഒരു പത്ര പ്രവർത്തകൻ എന്ന നിലയിൽ ഞങ്ങൾ യാഥാസ്ഥിതികപത്രപ്രവർത്തകരുടെ ഇടയിൽ ഗണിക്കപ്പെട്ടില്ലെന്നതും പ്രസ്താവ്യമാ

ണ് (അദ്ദേഹം ഒരു ഇക്കണോമിസ്റ്റ് ആയിരുന്നു). എക്സ്പ്രസ്സിൽ ചേർന്നപ്പോൾ എന്റെ എക്സിക്യൂട്ടീവ് എഡിറ്റർ ആയിരുന്നു അദ്ദേഹം. പക്ഷെ ഞാനദ്ദേഹത്തെ കണ്ടിട്ടില്ല. ഞങ്ങളെപ്പോലുള്ള സാദാ ലേഖകർക്കു അദ്ദേഹത്തോട് കുറച്ചു ഈർഷ്യയുമുണ്ടായിരുന്നു. കാരണം ഞങ്ങളുടെ ദേശീയ പ്രാധാന്യമുള്ള റിപ്പോർട്ടുകൾ എട്ടു മണിക്കോ മറ്റോ ആണ് കൊടുക്കുന്നതെങ്കിൽ അന്ന് ഷൂരി എതെങ്കിലും ലേഖനം ഡൽഹിയിൽ നിന്ന് അയക്കുന്നുണ്ടെങ്കിൽ പിന്നെ ഞങ്ങളുടെ റിപ്പോർട്ടുകൾ പാസ്സഞ്ചർ വണ്ടികൾ എക്സ്പ്രസ്സുകൾക്കു വഴി മാറി കൊടുക്കുന്നതു പോലെ രണ്ടോ മൂന്നോ മണിക്കൂർ ഗതാഗതക്കുരുക്കിൽപ്പെട്ടു ടെലിപ്രിന്റർ വഴി മറ്റു എഡിഷനുകളിൽ എത്തുമ്പോഴേക്കും രാത്രി പത്തു മണിയാവും.

എന്റെ ആദ്യ ജോലിയിൽ ബോംബയിലെ ബ്ലിറ്റ്സിൽ സ്പോർട്സ് എഡിറ്റർ ആയിരുന്ന സാരഥി ഏതാണ്ട് എന്റെ അച്ഛനെ പോലെയായിരുന്നു. വാക്കുകളുടെ പിശുക്കിനു പേരു കേട്ടയാൾ. പക്ഷെ അദ്ദേഹം അത് ചെയ്തിരുന്നത് ഒരു ടാബ്ലോയിഡിൽ ജോലി ചെയ്തിരുന്നതു കൊണ്ടും ഇരുനൂറോ മുന്നൂറോ വാക്കുകളിൽ കാര്യം മുഴുവൻ പറഞ്ഞു തീർക്കണമെന്നും ഉള്ള ആവശ്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ആ കാലത്തു എനിക്ക് പോസ്റ്റ് ഓഫീസിലോ ഫാക്സ് സെന്ററുകളിലോ പോയി റിപ്പോർട്ട് കൊടുക്കേണ്ടി വന്നിട്ടില്ല കാരണം പൂനെ വരെ ഉള്ള സംഭവങ്ങൾ വൈകുന്നേരം അല്ലെങ്കിൽ രാത്രി ഓഫീസിൽ വന്നു അടിച്ചു കൊടുത്താൽ മതി എന്നതുകൊണ്ടാണ്. എന്നാലും ടൈപ്പ്റൈറ്റർ പതുക്കെ മാത്രമേ എന്റെ വിരലുകൾക്ക് വഴങ്ങിയിരുന്നുള്ളു. അതിനു കാരണം ബോംബയിലെത്തി ജോലിക്കു വേണ്ടി ശ്രമിക്കുന്നതിനിടയിൽ ഞാൻ ഒരു ഇൻസ്റ്റിറ്റ്യൂട്ടിൽ കുറച്ചു ദിവസം ടൈപ്പിംഗ് പയറ്റിയിരുന്നു. ആദ്യത്തെ പത്തു ദിവസത്തിനിടയിൽ തന്നെ തൊട്ടടുത്തിരിക്കുന്ന ഒരു തരുണീമണി എനിക്കൊരു അപകർഷതാബോധം തന്നു. വളരെ വേഗതയിൽ ടൈപ്പ് ചെയ്യുന്ന അവളോട് കിടപിടിച്ച് യന്ത്രത്തിന്റെ മേൽ പരാക്രമം കാണിച്ച എനിക്ക് പക്ഷെ പെട്ടെന്ന് വിടുതൽ കിട്ടി. കാരണം ജോലി ഓർഡർ കിട്ടുന്നതായിരുന്നു അത്. രണ്ടു ദിവസം കൂടി ഇൻസ്റ്റിറ്റ്യൂട്ടിൽ പോയെങ്കിലും ഓഫീസിലെ ആദ്യ ദിവസം തന്നെ ഇത് എവിടെയും പോയി പഠിക്കേണ്ട കാര്യമില്ല എന്നത് കാണിച്ചു തന്നത് ജാവേദ് അക്തർ എന്ന റിപ്പോർട്ടർ ആയിരുന്നു. ഞാൻ അദ്ദേഹം രാജി വച്ച ഒഴിവിൽ ആയിരുന്നു അവിടെ ചേർന്നത്. രണ്ടു വിരലുകൾ കൊണ്ട് പാക്കിസ്ഥാൻ ഫാസ്റ്റ് ബൗളർ ആയ ഷോയിബ് അക്തറെപ്പോലെ വേഗതയിൽ ടൈപ്പ് ചെയ്യുന്ന ജാവേദിനെ കണ്ടപ്പോൾ ഞാൻ ഇൻസ്റ്റിറ്റ്യൂട്ടിലെ പെൺകിടാവിനെ മറന്നു. പിന്നെ അവിടെ പോയതുമില്ല. പോവുന്നതിനു മുൻപ് ജാവേദ് ഒരാഴ്ച കൂടി രണ്ടു വിരലുകൾ കൊണ്ട് എന്ന വിസ്മയിപ്പിച്ചു കൊണ്ടിരുന്നു. രണ്ടു വിരലുകൾ മാത്രം ഇപ്പോളും എന്റെ സഹായി. ഞാനിന്നു എന്റെ തന്നെ റേറ്റിംഗിൽ ഒരു ഫാസ്റ്റ് ബൗളർ ആണ്, സൂപ്പർ ഫാസ്റ്റ് അല്ലെങ്കിലും.

പക്ഷെ ഇന്ത്യൻ എക്സ്പ്രസ്സിൽ കൊച്ചിയിൽ വന്നതോടെ ദേ വരുന്നു ടൈപ്പിംഗ് ഒരു യക്ഷിയെപ്പോലെ. അന്നത്തെ എഡിറ്റർ അനന്തരാമൻ ഒരു ടൈപ്പിംഗ് പ്രേമിയായിരുന്നു. അപ്പോയ്ന്റ്മെന്റ് ഓർഡറിന് പിന്നാലെ ദേ വരുന്നു പ്രൊബേഷൻ കഴിഞ്ഞു സ്ഥിരപ്പെടുത്തണമെങ്കിൽ കെ ജി ടി ഇ (ടൈപ്പിംഗ്) പരീക്ഷ പാസ്സായ സർട്ടിഫിക്കറ്റ് സമർപ്പിക്കണമെന്നുള്ള തിട്ടൂരം. എന്ത് ചെയ്യണമെന്നറിയാതെ കുഴങ്ങിയിരുന്നു ഒരു കൊല്ലം. പരീക്ഷക്കൊന്നും പോയില്ല. ഭാഗ്യത്തിന് ആ ഒരു കൊല്ലത്തിന്റെ അവസാ

നത്തിൽ ആ നിയമം എടുത്തു കളഞ്ഞു. എന്നെപ്പോലുള്ളവർ സ്വതന്ത്രർ.

കേരളത്തിൽ റിപ്പോർട്ട് ചെയ്യുമ്പോൾ പറയത്തക്ക പ്രശ്നങ്ങളൊന്നും എനിക്കനുഭവപ്പെട്ടിട്ടില്ല. കാരണം മിക്കവാറും എല്ലാ ജില്ലകളിലും എക്സ്പ്രസ്സിന് ബ്യൂറോകളുണ്ടായിരുന്നു. ലേഖകർ താമസിക്കുന്നതും അവിടെയാണ്. ടെലിപ്രിന്റർ സജ്ജം, ഓപ്പറേറ്ററും. പൊള്ളാച്ചിയിൽ ചെസ്സ് കവർ ചെയ്യാൻ പോയപ്പോളാണ് പോസ്റ്റ് ഓഫീസിൽ പോകേണ്ടിവന്നത്. പക്ഷെ വിജയിച്ചില്ല, കമ്പി അടിക്കാമെന്നു പറഞ്ഞു അവർ. അപ്പോൾ അച്ഛനെ ഓർത്തു. ഒന്നു രണ്ടു ദിവസം കമ്പിയിൽ പരീക്ഷണം നടത്തി. രണ്ടു ദിവസം കഴിഞ്ഞു വാർത്ത വരുമ്പോൾ പെട്ടെന്ന് തീരുമാനം മാറ്റി. കോയമ്പത്തൂരിലേക്കു ദിവസവും ബസ്സിൽ പോയി അവിടെ എഡിഷനിൽ റിപ്പോർട്ട് ചെയ്തു പ്രശ്നം പരിഹരിച്ചു. പിന്നീട് പോണ്ടിച്ചേരിയിൽ പോയപ്പോൾ ഹെഡ്പോസ്റ്റ് ഓഫീസിൽ ടെലക്സ് കൊടുക്കുവാൻ സൗകര്യം ഏർപ്പെടുത്തി. പക്ഷെ ഓഫീസ് എട്ടു മണിക്ക് അടക്കും. അത് ഒൻപതു മണിയാക്കിക്കിട്ടാൻ വളരെ പ്രയാസപ്പെടേണ്ടി വന്നു. വാസ്തവത്തിൽ ഞങ്ങളുടെ റിപ്പോർട്ടിങ് ജീവിതം മുഴുവൻ ഇത്തരം ഓഫീസുകളിലും ഫാക്സ് സെന്ററുകളിലും ഇന്റർനെറ്റ് കഫെകളിലും കുരുങ്ങി കിടന്നിരുന്നു അക്കാലത്തൊക്കെയും. വാർത്ത ശേഖരിച്ചത് കൊണ്ടായില്ലല്ലോ അതയക്കാൻ ഒരു മാർഗം വേണ്ടേ?

ഈ രംഗത്തുള്ള മാറ്റങ്ങൾ വളരെ വേഗത്തിൽ സംഭവിച്ചുകൊണ്ടിരുന്നു. 1992 ൽ മനിലയിൽപ്പോയി കവർ ചെയ്തു വരുന്ന വഴി സിംഗപ്പൂരിൽ നിന്ന് ഒരു ടൈപ്പ് റൈറ്റർ വാങ്ങി കൊണ്ടു വന്നു. ആ 'ഒലിവെട്ടി' (ബ്രാൻഡ്) യന്ത്രം എട്ടുകൊല്ലം എന്റെ കൂടെ നിന്നു. വലിയ ഉപയോഗമൊന്നും ഉണ്ടായില്ല. തൊണ്ണൂറ്റിഅഞ്ചിൽ ന്യൂയോർക്കിൽ നിന്നും വരുമ്പോൾ ഒരു ചെറിയ ലാപ്ടോപ്പ് വാങ്ങി വന്നു. കോംപാക്കിന്റെ ഏറ്റവും ഭാരം കുറഞ്ഞ കമ്പ്യൂട്ടർ ആയിരുന്നു അത്. ലാപ്ടോപ്പുകൾ ഇന്ത്യയിൽ വന്നു തുടങ്ങുന്ന കാലം. കോംപാക്കിനെകൊണ്ടു ഒരു ഗുണവും ഉണ്ടായില്ല. കാരണം ഇവിടെയൊന്നും അതിനു ചേർന്ന സംവിധാനങ്ങൾ വന്നു തുടങ്ങിയിരുന്നില്ല. ഒരു തവണ ഇറാനിൽ ടെഹ്റാനിൽ ഏഷ്യൻ ചാംപ്യൻഷിപ് കവർ ചെയ്യാൻ കോംപാക് കൊണ്ടുപോയി. പക്ഷെ അവിടുത്തെ കാര്യം ഇന്ത്യയേക്കാൾ പരിതാപകരം ആയിരുന്നു. അവർക്ക് എല്ലാം സംശയമാണ്. അത് കൊണ്ട് ഇന്റർനെറ്റിനെ അവർ വിശ്വസിച്ചു തുടങ്ങിയിട്ടില്ലായിരുന്നു. പിന്നെയും ഫാക്സ് തന്നെ യായിരുന്നു ശരണം.

ഫാക്സിനെ പറ്റി പറയുമ്പോൾ ടെലിഫോണിനെ മറന്നു കൂടാ. തൊണ്ണൂറ്റിയഞ്ചിൽ ന്യൂയോർക്കിൽ ലോക ചാംപ്യൻഷിപ്പ് കവർ ചെയ്യുമ്പോളാണ് ഞാൻ ആദ്യമായി ഓഫറുകളെ കാണാൻ തുടങ്ങിയത്. ഞങ്ങൾ ഏഴോ എട്ടോ ഡോളർ ചിലവാക്കിയാണ് ഓരോ പേജും ഫാക്സ് സെന്ററിൽ നിന്ന് അയച്ചിരുന്നത്. പിന്നെ ഫോൺ വിളിച്ചു ന്യൂഡൽഹിക്ക് വിളിച്ച് സംസാരിക്കണം ഇതെല്ലാം ഒരേ കാർഡിൽക്കൂടിയാണ് നടന്നിരുന്നത്. രണ്ടോ മൂന്നോ ദിവസം കഴിഞ്ഞപ്പോൾ ഏതോ ഒരു മഹദ്വ്യക്തി, എറ്റവും മുകളിലുള്ള ഒബ്സെർവേഷൻ ഡെക്കിന്റെയും മുകളിൽ ടെറസിൽ ഒരു റഷ്യക്കാരി നൂറു ഡോളർ വിലയുള്ള കാർഡ് വാങ്ങിയാൽ, ഇരുപത്തിഅഞ്ചു ഡോളർ ഫ്രീ കിട്ടും എന്ന വാർത്ത തന്നത് ഞങ്ങൾക്ക് വളരെ ഉപകാരമായി. അതായത് ഞങ്ങളെപ്പോലെ കൂടുതൽ ഉപയോഗിക്കേണ്ടി വരുന്നവർക്ക് നല്ലൊരു ഡീൽ ആയിരുന്നു അത്. പത്തിന്റെയോ ഇരുപത്തിന്റെയോ കാർഡ് വാങ്ങി ഓരോ കാർഡിലും അവസാനത്തെ അര ഡോളർ ഉപയോഗ ശൂന്യമാവുന്നതിനേക്കാൾ നല്ലതല്ലേ വലിയ ഒരു

കാർഡ്? മാത്രമല്ല ഇരുപത്തിയഞ്ചു ഡോളർ വെറുതെയും. ഒന്നും ചിന്തിക്കാതെ അത് വാങ്ങി. പിന്നെ അങ്ങോട്ട് പത്തിരുപതു ദിവസം കാർഡ് വാങ്ങേണ്ടി വന്നില്ല. നോക്കൂ അമേരിക്കക്കാരെ ഓഫർ പഠിപ്പിക്കാൻ ഒരു റഷ്യക്കാരി ! ഒരു പക്ഷെ അമേരിക്കക്കാരിൽ നിന്ന് പഠിച്ചു പയറ്റി നോക്കിയതുമാവാം.


രണ്ടായിരമാണ്ട് ഇന്ത്യൻ മാധ്യമരംഗത്തെ മാറ്റി മറിച്ചു. ഡോട്ട്കോമുകൾ വന്നതോടെ ഇന്റർനെറ്റിന് പുതിയ മാനങ്ങൾ കിട്ടി. മാധ്യമ രംഗത്തുള്ളവർക്ക് കൂടുതൽ ജോലി സാധ്യതകൾ വന്നു. ദിവസങ്ങളുടെ അടിസ്ഥാനത്തിൽ വാർത്ത കൊടുക്കുന്നത് ഇനി മുതൽ മിനുട്ടുകൾക്കുള്ളിലാണെന്ന തിരിച്ചറിവ് പത്രങ്ങളെ പൂട്ടേണ്ടി വരുമോ എന്ന പേടിയിലേക്കു നയിച്ചു. ടെലിവിഷനുകളും ഡോട് കോമുകളും കൂടി തുടരെ തുടരെ വിപ്ലവങ്ങൾ സൃഷ്ടിച്ചു കൊണ്ടിരുന്നു. ലോകം ഒരു ചെറിയ ഗ്രാമമായിത്തീർന്നതോടെ ലാപ്ടോപ്പുകളും മൊബൈലുകളും പാം ടോപ്പുകളും ഞങ്ങളെ അത്ഭുതപ്പെടുത്തിക്കൊണ്ടിരുന്നു. ഞാൻ റിട്ടയർ ചെയ്യുന്ന സമയമായപ്പോളേക്കും ചെറിയ ചെറിയ റിപ്പോർട്ടുകൾ മൊബൈൽ വഴി ഓഫീസിൽ എത്തിച്ചിരുന്നതും ഓർക്കുന്നു. (അവസാനിച്ചു).

****




# CHESS CLASSES

എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ടി ഡി എം ഹാളിൽ ചെസ്സ് ക്ലാസുകൾ 2025 മെയ് മാസത്തിൽ ആരംഭിക്കുന്നു.തുടക്കക്കാർക്ക് വേണ്ടിയുള്ള ക്ലാസ്സുകളിൽ ചേരുന്നവർക്കു പ്രായപരിധിയില്ല. ഓപ്പണിങ്സ് , തന്ത്രങ്ങള് (ടാക്ടിക്സ്), പ്രശ്നങ്ങൾ (PUZZLES) തുടങ്ങി ചെസ് പരിചയപ്പെടുത്തുന്നതും, പരിശീലിപ്പിക്കുന്നതുമായ ക്യാമ്പ്.



**ആഴ്ചയിൽ രണ്ടു ദിവസം: തിങ്കൾ, വെള്ളി**

**സമയം**: 5.30 P M-6.30 P M

**കോഴ്സ് ഫീസ്** : RS 1200/PER MONTH

**ഇൻസ്ട്രക്ടർ: ഹരിഹരനന്ദനൻ**

CONTACT **നമ്പർ**: 9962583139



ERNAKULAM KARAYOGAM
T D M HALL COMPLEX D H ROAD
KOCHI 682016
PHONE 0484-2361160
MOBILE 9447171160

# കൗമാര ചിന്തനം

കല്പകം സോമരാജൻ – 9895453072

കാതരമായീ മനം കൗമാരകാലത്തിങ്കൽ
ബാലഭാവങ്ങൾ നീങ്ങീ വിഹ്വലമായീമനം
നോക്കി ഞാൻ നില്ക്കെ പന്തുപമ്പരാദികൾ പോയി
കൗമാരം കിനാവിന്റെ കൈ പിടിച്ചെത്തിമെല്ലെ.

എങ്കിലും കളിക്കാനായ് കൂട്ടരൊത്തിറങ്ങുമ്പോൾ
ചുമ്മാതെ പൈക്കിടാവിൻ പുറകെ പാഞ്ഞുടിമ്പോൾ
ബാലകനല്ല കുഞ്ഞേ നീയിപ്പോൾ മുതിർന്നുപോയ്
ബാലിശ പ്രവൃത്തികൾ ചെയ്യുന്ന കാലം പോയി.
മാതാവിൻ വാക്കുകേൾക്കെ പിന്നോട്ടു തിരിഞ്ഞൊന്നു
നോക്കിഞാൻ കളിക്കണോ പട്ടങ്ങൾ പറത്തണോ

ലജ്ജയോടൽപ്പം ഗർവോടവരെ നോക്കി ദൂരെ
ഗോട്ടിയും കമ്പും കോലും കളിക്കും കൂട്ടുകാരെ
പൊങ്ങി വന്നൊരാവ്യഥയടക്കി, കൈയിൽ പേറും
പുസ്തകം കൈമാറിക്കൊണ്ടമ്മാനമാടി ചുമ്മാ

കൗമാരസ്വപ്നങ്ങൾക്കു പൊൻചിറകേകുവാനായ്
സ്നേഹലോലരാം പ്രിയ തോഴരുമണഞ്ഞെത്തി
അമ്പലനടയിലും അരയാൽതറയിലും
സായാഹ്ന കിരണങ്ങൾ ചായുന്ന മൈതാനത്തും

ഒത്തു ചേർന്നവരെല്ലാം ചർച്ചകൾ നടത്തുമ്പോൾ
അൽപ്പനായൊതുങ്ങാതെ വിജ്ഞാനം വിളമ്പി ഞാൻ
കൗമാരം കടന്നവർ, ചാനലും രാഷ്ട്രീയവും
ആവേശ പൂർവ്വം ചർച്ച ചെയ്യുമ്പോളരികെ പോയ്

ശ്രദ്ധയോടശ്രദ്ധത ഭാവിച്ചു ഞാൻ നില്ക്കുമ്പോൾ
മണ്ടയിൽ കിട്ടീ തട്ട് കുഞ്ഞേ നീ ശിശുവാണീ
തട്ടകം നിനക്കന്യം പോവുക വീട്ടിൽ വൈകാ-
തെന്നിട്ടു ഗൃഹപാഠം തീർത്തിടൂ നാളെ കാണാം.

അലസം നടക്കുമ്പോളരികെ കണ്ടൂ കണ്ണി-
ന്നമൃതാകുമാദൃശ്യം പ്രണയാങ്കുരമായി
ചിന്തയിൽ പുത്തൻ നിനവുണർന്നുവരുന്നൊരാ
ദൃശ്യമോ മനസ്സിന്റെ മോഹന സങ്കല്പമായ്

ബുദ്ധിയിൽ ശരീരത്തിൽ ശക്തിയിൽ ചാപല്യത്തിൻ
വ്യക്തമാം വ്യതിയാനം ദർശിച്ചു, മനസ്സോതി
നിർത്തിടാം ബാലക്രീഡ, കൈയെത്തിപ്പിടിക്കുവാൻ
മുക്തമാം കാലം മുന്നിൽ, താരുണ്യപൂരം മുന്നിൽ

****

# പശ്ചിമഘട്ട മലനിരകളും വയനാട് ദുരന്തവും

എൻ. രാജശേഖരൻ – 9895550719

**പുനരധിവാസ പ്രവർത്തനങ്ങൾ**

വയനാട് മഹാദുരന്തം നടന്നിട്ട് ഇപ്പോൾ രണ്ട് മാസത്തിലേറെയായിരിക്കുന്നു. 2024 ജൂലൈ 30ന് പുലർച്ചേയായിരുന്നല്ലോ നാടിനെ നടുക്കിയ ദുരന്തമുണ്ടായത്. ആയിരത്തിലധികം ജനങ്ങളെയാണ് കാണാതായത്. ആയിരത്തിലധികം വീടുകളാണ് നിശ്ശേഷം തകർന്നത്. അയ്യായിരത്തിലധികം പേർക്കാണ് വീട് നഷ്ടപ്പെട്ടത്. രക്ഷപ്പെട്ടവരിൽ പലരും തന്നെ രോഗബാധിതരുമായി തീർന്നിരിക്കുന്നു. രക്ഷപ്പെട്ടവർക്ക് താൽക്കാലിക പുനരധിവാസ ഏർപ്പാടുകൾ നടത്തിയിട്ടുണ്ടെന്ന സത്യം ഓർത്തുകൊണ്ട് പറയട്ടെ ദിവസങ്ങൾ പിന്നിടവേ, ദുരന്തത്തിന്റെ ഗൗരവവും, ആശങ്കയും വിസ്മൃതിയിലാണ്ട് പോകുന്നുവോ എന്ന സംശയം ബലപ്പെട്ടു വരുന്നു.

ദുരന്തത്തെപ്പറ്റിയുള്ള വാർത്തകൾ ലോകമെങ്ങും ശരവേഗത്തിൽ പരന്നതോടെ വളരെയധികം വ്യക്തികൾ, സന്നദ്ധസംഘടനകൾ, സംസ്ഥാനങ്ങൾ, രാജ്യങ്ങൾ വരെയുള്ളവരിൽ നിന്ന് സഹായവും, സഹായവാഗ്ദാനങ്ങളും ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നു മുഖ്യമന്ത്രിയുടെ ദുരിതാശ്വാസം എത്തിയെന്നത് ഓർക്കുമല്ലോ എന്നാൽ ഇങ്ങനെ ലഭിച്ച സഹായവും, വാഗ്ദാനങ്ങളും ഏകോപിപ്പിച്ച് അവ എത്രയുണ്ടെന്ന് പൊതുജനസമക്ഷം വെളിപ്പെടുത്താനോ സർക്കാർ തുനിയുന്നില്ല എന്നത് അതീവ ഖേദകരമാണ്. ഇക്കാര്യത്തിൽ സർക്കാർ ചെയ്യേണ്ടത് കിട്ടിയ സഹായവും സഹായവാഗ്ദാനങ്ങളും ഏകോപിപ്പിച്ച്, സമാഹരിച്ച് പൊതുജനങ്ങൾ മുമ്പാകെ വെളിപ്പെടുത്തുക എന്നതാണ്. വിശദമായ ഒരു ലിസ്റ്റ് തന്നെ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഈ വിവരങ്ങൾ അറിയാനുള്ള അവകാശം ജനങ്ങൾക്കുണ്ട് എന്ന ധാരണ സർക്കാരിനുണ്ടാകേണ്ടതാണ്. സഹായങ്ങളും വാഗ്ദാനങ്ങളും സമാഹരിച്ച് കഴിഞ്ഞ് ജനമധ്യം മുമ്പാകെ പ്രസിദ്ധീകരിക്കുകയും ചെയ്തു. കഴിഞ്ഞാൽ, പിന്നെ, പു രധിവാസ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

ഇതിൽ ഏറ്റവും സുപ്രധാനമായ മറ്റൊരു കാര്യം വയനാട് ദുരന്തത്തിൽ ലഭിച്ച് മുഴുവൻ തുകയും വാഗ്ദാനങ്ങളും അതിന് വേണ്ടി മാത്രം ചിലവഴിക്കണമെന്നുള്ളതാണ്. ലഭിച്ച് സഹായത്തിൽ ഒരു ഭാഗം, അവ എത്ര ചെറിയതാണെങ്കിൽ വക മാറ്റി മറ്റ് കാര്യങ്ങൾക്ക് വേണ്ടി ചിലവഴിക്കുക എന്ന പതിവ് ശൈലിക്ക് ഒരു വിരമമിടുക തന്നെ വേണം.

**1 ഭവനനിർമ്മാണം.**

1. ഭവന നിർമ്മാണ പ്രക്രിയകൾ ആരംഭിക്കും മുമ്പായി വീട് നഷ്ടപ്പെട്ടവരുടെ പേരും, മേൽവിലാസവും പ്രസിദ്ധീകരിക്കേണ്ടതാണ്. ഇതിനുള്ള ആക്ഷേപങ്ങൾ സ്വീകരിക്കാൻ രണ്ടാഴ്ച സമയമെങ്കിലും നൽകേണ്ടതാണ്. വീട് നഷ്ടപ്പെട്ടവരുടെ ലിസ്റ്റ്, ആക്ഷേപങ്ങൾ എല്ലാം തീർപ്പാക്കിയതിന് ശേഷവും പ്രസിദ്ധീരിക്കേണ്ടതാണ്.
2. വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ച് കൊടുക്കാനുള്ള സ്ഥലം നിർണ്ണയിക്കലാണ് മറ്റൊരു പ്രധാനസംഗതി. കേന്ദ്രഗവൺമെന്റ് ഈയ്യിടെ പ്രസിദ്ധീകരിച്ച കരട് വിജ്ഞാപനത്തിൽ ചൂണ്ടിക്കാണിച്ചുള്ള വില്ലേജ്ജുകളെ തീർത്ത് ഒഴിവാക്കികൊണ്ടുള്ള സംരക്ഷിത പ്രദേശങ്ങളായിരിക്കണം. ഭവനനിർമ്മാണത്തിന് തെരഞ്ഞെടുക്കേണ്ടത്.
3. പുനരധിവാസ നടപടികളിൽ ഏറ്റവും

പ്രധാനപ്പെട്ടതും ചിലവേറിയതും ഭവന നിർമ്മാണമാണ്. വീട് നിർമ്മിച്ചു നൽകാമെന്നുള്ള നിരവധി പേർ നൽകിയിട്ടുള്ള വാഗ്ദാനങ്ങളും, സന്നദ്ധസംഘടനകളും നൽകിയിട്ടുള്ള വാഗ്ദാനങ്ങളും മുഴുവനായും തന്നെ സ്വീകരിക്കേണ്ടതാണ്. വീട് നിർമ്മിച്ചു നൽകാമെന്ന വാഗ്ദാനവുമായി മുന്നോട്ട് വന്നിട്ടുള്ള എല്ലാ സ്ഥാപനങ്ങളെയും, വ്യക്തികളെയും ഉൾപ്പെടുത്തി അവരുമായി സർക്കാർ ഭാഗത്തു നിന്നുമുള്ള ഒരു കൂടിക്കാഴ്ചക്ക് അവസരമുണ്ടാക്കേണ്ടതാണ്. ഇക്കാര്യത്തിൽ സേവാഭാരതി പോലുള്ള സന്നദ്ധസംഘടനകൾക്ക് അയിത്തം കൽപ്പിച്ച് മാറ്റിനിർത്തുന്ന പതിവ് ശൈലിക്ക് ഒരു മാറ്റം അനിവാര്യമായി തീർന്നിരിക്കുന്നു. കൂടിക്കാഴ്ചക്ക് ശേഷം ഗവൺമെന്റ് മുന്നോട്ടു വക്കുന്ന മിനിമം സൗകര്യങ്ങൾ ചെയ്യുന്നതിന് തയ്യാറായാൽ എത്രയും വേഗം തന്നെ നിർമ്മാണത്തിനുള്ള അനുമതി അവർക്ക് നൽകണം.

4. ഭവന നിർമ്മാണത്തിന് മുന്നോട്ട് വന്നിട്ടുള്ള സന്നദ്ധസംഘടനകൾക്കും വ്യക്തികൾക്കും അവരവരുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകേണ്ടതാണ്.
5. റോഡ്, പാലം, സ്ക്കൂൾ നിർമ്മാണം
   റോഡുകൾ, പാലം, സ്ക്കൂൾ തുടങ്ങിയവയുടെ നിർമ്മാണം സർക്കാർ തന്നെ നേരിട്ട് നടത്തേണ്ടതുണ്ട. സ്ക്കൂളുകളുടേയും റോഡുകളുടേയും നിർമ്മാണത്തിന് സഹായം നൽകാമെന്ന് ഏറ്റിട്ടുള്ളവരെ സമീപിച്ച് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. ദുരന്തത്തിൽപ്പെട്ട് ജീവനോപാധികൾ നഷ്ടപ്പെട്ടവർ, ആരോഗ്യം മുഴുവനായും നഷ്ടപ്പെട്ടവർ എന്നിവർക്കു സഹായം നൽകേണ്ടതാണ്.

പുനരധിവാസ പ്രവർത്തനങ്ങൾ ഇനിയും വൈകിക്കാതെ, എത്രയും വേഗം തന്നെ നടപ്പാക്കേണ്ടതുണ്ട്. എല്ലാ പുനരധിവാസ പ്രവർത്തനങ്ങളും സമയബന്ധിതമായി കഴിയുന്നത്ര ശീഘ്രത്തിൽ ചെയ്തു തീർക്കണമെന്നുള്ള നിർദ്ദേശം എല്ലാവർക്കും നൽകേണ്ടതും, അവർ അത് പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതുമുണ്ട്.

**വയനാട് ഒരു സംരക്ഷിത മേഖല**

വയനാട്ടിൽ ആവർത്തിച്ചുണ്ടാകുന്ന ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ ചുരുക്കം ചില ദിവസങ്ങൾ പിന്നിടുന്നതോടെ അധികാരികളും ജനങ്ങലും മറക്കുന്ന ഒരു സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ഇത്തരം ദുരന്തങ്ങൾ സംജാതമാകുമെന്ന് എത്രയോ മുമ്പ് തന്നെ ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ടിൽ അടിവരയിട്ട് വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇനി നടപ്പാക്കാൻ പോകുന്നതെന്ന് കേന്ദ്രഗവൺമെന്റ് ഹരിതട്രിബ്യൂണൽ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ള കസ്തൂരിരംഗൻ റിപ്പോർട്ടിലും വലിയ മാറ്റമൊന്നും വരുത്താതെ ഇത് തന്നെയാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഈ രണ്ട് റിപ്പോർട്ടുകളിലും കാണിച്ചിട്ടുള്ള കാര്യങ്ങളെല്ലാം അവഗണിക്കുകയൊ, റിപ്പോർട്ടിൽ ഇല്ലാത്ത കാര്യങ്ങൾ കൂടി ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുകയോ ആണ് മാറി മാറി ഭരണത്തിലെത്തുന്ന കേരളത്തിലെ ഇരു ഭരണമുന്നണികളും ചെയ്തുവന്നത്. പ്രകൃതിയെ ഉൾക്കൊള്ളാതെ പ്രവർത്തിക്കുന്നത് മൂലം പ്രകൃതി ദുരന്തങ്ങളിൽ വളരെ വ്യക്തമായിതന്നെ പറഞ്ഞിട്ടുണ്ട്. ആഗോളതാപനം കുതിച്ചുയരുന്ന ആ കാലഘട്ടത്തിൽ കാലാവസ്ഥാ മാറ്റങ്ങൾ അതിതീവ്രമാകുന്നതും അതിനെ തുടർന്ന് കൂടുതൽ കൂടുതൽ ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്നതുമാണ്.. ഗാഡ്ഗിൽ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളാണ് ഇപ്പോൾ സംഭവിച്ച് കൊണ്ടിരിക്കുന്നത്.

1. സമുദ്രനിരപ്പിൽ നിന്ന് രണ്ടായിരവും എന്നാൽ ചിലേടത്ത് 7000 അടിവരെയുള്ള മലനിരകൾ അടങ്ങിയ ഈ ഭൂവിഭാഗം

അതീവകർശനമായി തന്നെ പരിരക്ഷിക്കേണ്ട പരിസ്ഥിതി ലോല പ്രദേശങ്ങളാണ്. ഇത്രയധികം പ്രാധാന്യത്തോടെ സംരക്ഷിക്കപ്പെടേണ്ട ഈ സ്ഥലത്ത് സ്വാധീനവലയങ്ങളുടെ സമ്മർദ്ദങ്ങൾക്ക്, അവസൃഷ്ടിക്കുന്ന നിയമലംഘനങ്ങൾക്ക്, അതിക്രമങ്ങൾക്ക് യാതൊരു സ്ഥാനവും ഉണ്ടാകരുതാത്തതാണ്. പക്ഷേ, സംഭവിക്കുന്ന എല്ലാ അതിക്രമങ്ങളും നിയമലംഘനങ്ങളുമെല്ലാം സാധൂകരിക്കുന്ന ഒരു പ്രവണതയാണ് ഇവിടെയെന്നല്ല പശ്ചിമഘട്ടത്തിലുടനീളം നിലനിൽക്കുന്നത്. ഇത്തരം സംഭവങ്ങൾ ജനങ്ങളുടെ മനസ്സുകളിൽ കാതലായ മാറ്റം സൃഷ്ടിക്കുകയും, ഈ മാറ്റങ്ങൾ മാറിമാറി കേരളം ഭരിക്കാനെത്തുന്ന ഭരണമുന്നണികളെ അലംഭാവത്തിന്റെയും, അലസതകയുടെയും കേന്ദ്രമാക്കി തീർക്കുകയും ചെയ്തു എന്ന് അനുമാനിക്കുന്നതിൽ തെറ്റില്ലെന്ന് തോന്നുന്നു.

2. ഈ കഴിഞ്ഞ വൻദുരന്തത്തിൽ മാത്രമല്ല അതിന് മുമ്പ് 2018ലും 2019ലും ഉണ്ടായ ദുരന്തങ്ങളിലുമെല്ലാം അപകടത്തിൽപ്പെട്ടവരെ വേഗത്തിൽ ആശുപത്രിയിൽ സമയത്തിന് എത്തിക്കാൻ പോലും കഴിഞ്ഞിരുന്നില്ല.

3. വയനാടിനെ കേരളത്തിലെ മറ്റ് സുപ്രധാന മേഖലകലുമായി ബന്ധിപ്പിക്കുന്ന താമരശ്ശേരി, പെരിയ കുറ്റ്യാടി, പാൽച്ചുരം, നാടുകാണി മലമ്പാതകൾ ഓരോ പ്രകൃതി ദുരന്തത്തോടെ തീർത്തും ഉപയോഗശൂന്യമാകുന്ന അവസ്ഥയാണുള്ളത്.

4. ഈ സ്ഥിതിവിശേഷം ദുരന്തസേനക്ക് ദുരന്തബാധിതപ്രദേശങ്ങളിലെത്തിച്ചേരുന്നതിന് അസാധാരണ കാലതാമസമുണ്ടാക്കുകയും അതിന്റെ ഫലമായിട്ടാകണം ദുരന്തഫലങ്ങൾ വളരെയധികം വർദ്ധിക്കുന്നതിനുമിടയായത്.

5. 2011-ൽ നടന്ന ജനസംഖ്യാ കണക്കെടുപ്പ് പ്രകാരം വയനാട് ജില്ലയിലെ ജനസംഖ്യ 8,17420 ആണ്. ഇപ്പോൾ അത് ഒമ്പത് ലക്ഷത്തിന് മുകളിലായിരിക്കും. ഇനിയും ഇവിടെ ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ഒരു ആശുപത്രി ഇല്ലെന്നുള്ളതാണ് സത്യം.

6. കഴിഞ്ഞ ജൂലൈയ് അവസാനം നടന്ന ഉരുൾപൊട്ടൽ ദിവസവും,അതിന് മുമ്പുള്ള രണ്ട് ദിവസങ്ങളിലും പൂത്തുമല മഴമാപിനിയിലും മറ്റ് സമീപ പ്രദേശങ്ങളിലുമെല്ലാം 576 മില്ലിമീറ്റർ മഴയാണ് നാല്പത്തിഎട്ട് മണിക്കൂറിൽ രേഖപ്പെടുത്തിയതെന്നോർക്കണം. ഇരുപത്തിനാല് മണിക്കൂർ തുടർച്ചയായി മഴപെയ്താൽ ഉരുൾപൊട്ടൽ സാധ്യത വളരെയേറെയാണെന്നിരിക്കെ, എന്തുകൊണ്ട് ജില്ലാഭരണകൂടം പോലും ഉണർന്നുപ്രവർത്തിച്ചില്ല എന്നത് ഖേദകരം തന്നെ. ആദ്യദിവസം തന്നെ, അവർ ഉണർന്ന് പ്രവർത്തിച്ചിരുന്നെങ്കിൽ ഈ ദുരന്തം സംഭവിക്കുമായിരുന്നോ ആദ്യ ദിവസം തന്നെ ജനങ്ങളെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റി പാർപ്പിക്കേണ്ടിയിരുന്നില്ലേ എന്നത് ഉത്തരം കിട്ടാത്ത ചോദ്യമായി അവശേഷിക്കുന്നു.

7. കനത്ത മഴക്കും, മണ്ണിടിച്ചിലിനും, വെള്ളപ്പൊക്കത്തിനും സാധ്യതയുണ്ടെന്ന് ദുരന്തം നടക്കുന്നതിന് ഏഴ് ദിവസം മുമ്പേ സംസ്ഥാന സർക്കാരിന് കേന്ദ്രഗവൺമെന്റ് മുന്നറിയിപ്പ് നൽകിയിരുന്നു എന്നത് സത്യം തന്നെയാണ്. ഇത്തരം പ്രകൃതിദുരന്തങ്ങൾ ഏഴ് ദിവസംമുമ്പേ അറിയിക്കാനുള്ള സംവിധാനം ഭാരതമടക്കം നാല് രാജ്യങ്ങൾക്ക് മാത്രമുള്ള സൗകര്യമാണ്. ദുരന്തങ്ങളെ മുൻകൂട്ടിക്കൊണ്ട് രക്ഷാപ്രവർത്തനം നടത്താൻ സാധിക്കുന്നുണ്ട് ഈ സൗകര്യം കൊണ്ട്. ജൂലൈ 23ന് ദുരന്തസാധ്യത വ്യക്തമാക്കി ആദ്യ മുന്നറിയിപ്പ് സന്ദേശം കേരള

ഗവൺമെറിന് നൽകിയതാണ്. കൂടാതെ 200 മില്ലീമീറ്ററിൽ കൂടുതൽ മഴയുണ്ടാകുമെന്ന് വ്യക്തമായതോടെ എൻ.ഡി.ആർഎഫ് സംഘത്തെകേരളത്തിലേക്ക് ജൂലൈ 23ന് കേന്ദ്രഗവൺമെന്റ് അയക്കുകയും ചെയ്തിരുന്നു. ഇതിനും പുറമെ ജൂലൈ 24, 25, 26 എന്നീ തീയതികളിലും ആവർത്തിച്ചുള്ള മുന്നറിയിപ്പുകൾ കേന്ദ്രഗവൺമെന്റ് നൽകിയതായി കാണുന്നു. ഇത്രയും മുന്നറിയിപ്പു നൽകിയിട്ടും രക്ഷാപ്രവർത്തനങ്ങൾ മുൻകൂട്ടി ഏർപ്പെടുത്തുന്നതിൽ കാട്ടിയ കുറ്റകരമയ അനാസ്ഥയ്ക്കും അലംഭാവത്തിനും എന്ത് സമാധാനമാണ് കേരളഗവൺമെൻറിന് വയനാട്ടിലെ ജനങ്ങൾക്ക് നൽകാനുള്ളത്.

8. ഇതിൽ നിന്നെല്ലാം ഒരു കാര്യം പകൽ പോലെ വ്യക്തമാണ്. കേരളത്തിൽ മാറി മാറി ഭരണത്തിലെത്തുന്ന ഈ മുന്നണികളുടെയും ഗവൺമെന്റുകളുടെ കീഴിൽ വയനാട്ടിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വമില്ല എന്നത് ഒരു സത്യം തന്നെയാണ്.

9. പൂത്തുമലകളും, ചൂരൽമലകളും, മുണ്ടകൈയും ഇനിയും ആവർത്തിക്കാതിരിക്കാൻ, അവിടുത്തെ ബാക്കിയുള്ള ജനങ്ങളുടെ ജീവനും, സ്വത്തിനും സംരക്ഷണം ഉറപ്പാക്കാൻ വയനാടിനെ പ്രത്യേക സംരക്ഷിത മേഖലയായി പ്രഖ്യാപിച്ച് കേന്ദ്രഭരണ പ്രദേശമാക്കി മാറ്റേണ്ടതുണ്ട്. അത് മാത്രമേ ഈ പ്രശ്നത്തിന് ഒരു ഉത്തമ പരിഹാരമായിട്ടുള്ള. എത്രയും വേഗം തന്നെ ഇന്നത്തെ അവസ്ഥ അവസാനിപ്പിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ കൂടുതൽ കൂടുതൽ ദുരന്തങ്ങൾ ആവർത്തിക്കാനിടയാകുമെന്നതിൽ തെല്ലും സംശയിക്കേണ്ടതില്ല.

ഇപ്പോഴുണ്ടായതും ലോകത്തിലെ തന്നെ ഏറ്റവും വലിയ ദുരന്തവുമായ മുണ്ടക്കൈ ദുരന്തം കേരളത്തിലെ ജനങ്ങൾക്ക് മറക്കാൻ ഏറെ സമയമൊന്നും വേണ്ടിവരില്ല. വീണ്ടും ക്വാറികൾ പ്രവർത്തിച്ചു തുടങ്ങും. താമസിയാതെ, വന്റിസോർട്ടുകളുടെയും അവയോടനുബന്ധിച്ചുള്ള നീന്തൽ കുളങ്ങളുടെയും മര്റ് നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കുക തന്നെ തെയ്യും. ദുരന്തങ്ങൾ പതിവാക്കുന്നതും, ഒടുവിൽ വയനാട് എന്ന പ്രദേശം തന്നെ ഇല്ലാതാകുന്നതിലും കൊണ്ടെത്തിക്കും കാര്യങ്ങൾ..

*****

## അനുസരിക്കാൻ പഠിക്കുക - അസൂയ ഉപേക്ഷിക്കുക

ഭാരതത്തിൽ സകലർക്കും നേതാക്കൻമാരാകണം. അനുയായി ആവാൻ, അനുസരിക്കുവാൻ ആരും തയ്യാറല്ല. എന്നാൽ ആജ്ഞാപിക്കാറാകും മുമ്പ് അനുസരിക്കാൻ പഠിക്കുകയാണ് വേണ്ടത്. അതിരില്ലാത്ത അസൂയക്കാരുമാണ് നമ്മൾ. ഹിന്ദു വലിയവനാകും തോറും അവന്റെ അസൂയയും വർദ്ധിച്ചുകൊണ്ടേയിരിക്കണം. അസൂയ ഉപേക്ഷിക്കാതെയും, നേതൃത്വത്തെ അനുസരിക്കാൻ പഠിക്കാതെയും ഹിന്ദുവിന് സംഘടനാശക്തി കൈവരിക്കാൻ കഴിയില്ല. ഇന്നത്തെ അവസ്ഥപോലെ ആശയറ്റ, കലങ്ങിമറിഞ്ഞ, തമ്മിൽ തമ്മിൽ മത്സരിച്ച് അധ:പ്പതിക്കുന്നവരായി തുടരേണ്ടി വരും.

-സ്വാമി വിവേകാനന്ദൻ

# *ദൃഗ് ദൃശ്യ വിവേകം* (*24*)

സി. നാരായണൻ - 9819456012

ഭിദ്യതേ ഹൃദയഗ്രന്ഥിഃ

ഛിദ്യന്തേ സർവ്വസംശയാഃ

ക്ഷീയന്തേ ചാസ്യ കർമ്മാണി

തസ്മിൻ ദൃഷ്ടേ പരാവരേ ( 31 )

തസ്മിൻ പരാവരേ ദൃഷ്ടേ = ബ്രഹ്മത്തെ അപരോക്ഷമായി അറിയുമ്പോൾ

അസ്യ = ആ മുമുക്ഷുവിന്റെ

ഹൃദയഗ്രന്ഥി = മനസ്സിലെ കെട്ടുപാടുകൾ

ഭിദ്യതേ = മുറിയുന്നു

സർവ്വസംശയാഃ = എല്ലാ സംശയങ്ങളും

ഛിദ്യന്തേ = നീക്കപ്പെടുന്നു.

കർമ്മാണി ച = എല്ലാ കർമ്മഫലങ്ങളും

ക്ഷീയന്തേ = ക്ഷയിക്കുന്നു

( ഒരേ സമയം പരവും അവരുമായ ബ്രഹ്മത്തെ അറിഞ്ഞു കഴിഞ്ഞാൽ , മുമുക്ഷുവിന്റെ മനസ്സിലെ വാസനക്കൂമ്പാരം നശിക്കുന്നു. അയാളുടെ എല്ലാ സംശയങ്ങളും തീരുന്നു. അയാളുടെ കർമ്മഫലങ്ങൾ വറ്റിയില്ലാതാവുന്നു )

വൈദിക കർമ്മങ്ങളുടേയും ഉപാസനകളുടേയും ഫലശ്രുതി പറയുക പതിവുണ്ട്. ഒരു പ്രത്യേക യാഗം ചെയ്താൽ ഏതു ലോകം ലഭിക്കുമെന്നും ഏതുപാസനാഫലമായി ഏതു ദേവതയുടെ പ്രീതിക്കു പാത്രമാവാം എന്നൊക്കെ. ആ രീതിയനുസരിച്ച് ബ്രഹ്മസാക്ഷാത്ക്കാരം എന്തു ഫലമാണു ചെയ്യുന്നത് എന്നതാണ് ഈ മന്ത്രത്തിൽ പ്രതിപാദിക്കപ്പെടുന്നത്.

'ദൃഗ് ദൃശ്യ വിവേക' മെന്ന ഈ ഗ്രന്ഥത്തിന്റെ അധിഷ്ഠാനമായ

സരസ്വതീരഹസ്യോപനിഷത്തിൽ 67 മത്തേതായ ഈ മന്ത്രം, മുണ്ഡകോപനിഷത്തിലും രണ്ടാം മുണ്ഡകത്തിലെ രണ്ടാം അദ്ധ്യായത്തിൽ 9-ാമത്തേതാണെന്നു കാണാം.

'തസ്മിൻ പരാവരേ' എന്നു വെച്ചാൽ പരാവരമായ ബ്രഹ്മത്തെ എന്നർത്ഥം. പരമെന്നാൽ ഏറ്റവും ഉത്കൃഷ്ടമായത്. അവരമെന്നാൽ അതിൽ നിന്ന് താഴ്ന്നത്. കാര്യത്തെ അപേക്ഷിച്ച് കാരണം ഉത്കൃഷ്ടമാണ്. എന്തെന്നാൽ , കാര്യത്തിനു കാരണമില്ലാതെ ഉത്പ്പത്തിയില്ല. എന്നാൽ കാരണം , കാര്യം കൂടാതെയും സ്ഥിതി ചെയ്യും. അപ്പോൾ ജഗത്തിന്റെ നിമിത്തോപാദാനകാരണമായ ബ്രഹ്മമാണ് ഇവിടെ വിവക്ഷ. പരമെന്നാൽ ഈശ്വരനെന്നും അവരമെന്നാൽ ജീവനെന്നും അർത്ഥമെടുക്കാവുന്നതാണ്. ഉപാധിഗതമായ രണ്ടിന്റേയും അധിഷ്ഠാനമായതിനാലും ബ്രഹ്മത്തെ പരാവരം എന്നു വിളിക്കാവുന്നതാണ്.

' ദൃഷ്ടേ' എന്നാൽ അറിഞ്ഞാൽ എന്നർത്ഥം. 'ദൃഗ് ദൃശ്യ വിവേകം' എന്ന ഈ ഗ്രന്ഥത്തിന്റെ വിഷയം

ദ്രഷ്ടാവായ സാക്ഷിചൈതന്യത്തെ ജഡവും അനൃതവുമായ ദൃശ്യത്തിൽ നിന്ന് വേർതിരിച്ചറിയലാണല്ലൊ. 'ദ്രഷ്ടാവിനെ കണ്ടാൽ' എന്നതിലെ കാണൽ , ദൃശ്യത്തെ കാണുന്ന പോലെയുള്ള ഒരു കാണലല്ല. ബ്രഹ്മത്തെ താൻ തന്നെയെന്ന് അപരോക്ഷമായി അറിയലാണത്. ബൃഹദാരണ്യകോപനിഷത്തിലെ ' ആത്മാവാരേ ദ്രഷ്ടവ്യഃ ' എന്നുള്ള വാക്യം ഇവിടെ ഓർക്കാവുന്നതാണ്. നേരിട്ടറിഞ്ഞു എന്നർത്ഥത്തിൽ കണ്ടു എന്ന വാക്ക് നാം എല്ലാ ഭാഷയിലും ഉപയോഗിക്കാറുണ്ട്. ശരിക്കും പറഞ്ഞാൽ ഈ കാണൽ എന്നാൽ മുമുക്ഷു , ദൃശ്യം എന്ന നിലയിൽ നിന്ന് ദൃഗ് അല്ലെങ്കിൽ

ദ്രഷ്ടാ എന്ന നിലയിലേക്കുള്ള സ്ഥിതിമാറ്റമാണ്. ദൃഗ് എന്നാൽ യഥാർത്ഥത്തിലുള്ള ഞാനും ദൃശ്യമെന്നാൽ ഭ്രാന്തിജന്യമായ ഞാനെന്നുമാണർത്ഥം. . ആ രണ്ടു പേരുടേയും കാഴ്ച്ചക്ക് വ്യത്യാസമുണ്ട്. സ്വപ്നപുരുഷനായിരിക്കുന്ന എന്റേയും ജാഗ്രത്തിൽ സ്ഥിതി ചെയ്യുന്ന എന്റെയും കാഴ്ച്ചകൾ വ്യത്യസ്തമായിരിക്കുമല്ലോ.

സ്വപ്നപുരുഷനു നിദ്രാദോഷം ഉണ്ട്. അതുപോലെ ഉപാധിഗതമായ 'ഞാനി' നു അവിദ്യാദോഷമുണ്ട്. ഈ ശ്ലോകത്തിൽ പറയുന്ന കാഴ്ച്ച എന്നാൽ , അവിദ്യാദോഷം നീങ്ങി , തന്റെ അസ്തിത്വത്തെ ബ്രഹ്മമായി കാണലാണ്.

അങ്ങനെ , ബ്രഹ്മം ഞാൻ തന്നെയാണെന്നു സാക്ഷാത്ക്കരിച്ചാൽ എന്തൊക്കെയാണ് ഫലങ്ങൾ ?

ഒന്നാമതായി പറയുന്നു ,

'ഭിദ്യതേ ഹൃദയഗ്രന്ഥി '

എന്ന്. അതായത് ഹൃദയഗ്രന്ഥി മുറിഞ്ഞു ഛിന്നഭിന്നമായിത്തീരുന്നു. എന്താണ് ഹൃദയഗ്രന്ഥി ?

ഗ്രന്ഥി എന്ന വാക്കിന് കെട്ട് അല്ലെങ്കിൽ ബന്ധനം എന്നാണർത്ഥം. ഇവിടെ ജീവനെ സംസാരവുമായി ബന്ധിക്കുന്ന കെട്ടാണ് വിവക്ഷിക്കപ്പെടുന്നത്. ഭാഷ്യകാരൻ ആവർത്തിച്ചു പറഞ്ഞിട്ടുള്ളത് , അവിദ്യാ കാമ ബ കർമ്മമാണ് ജീവനെ ബന്ധിക്കുന്നതെന്നാണ്. തന്റെ പൂർണ്ണത്വത്തെ കുറിച്ച് അറിവില്ലാത്തതിനാൽ ജീവൻ പൂർണ്ണമായിത്തീരാൻ പല ബാഹ്യവിഷയങ്ങളേയും ആഗ്രഹിക്കുന്നു. പിന്നെയാ ആഗ്രഹസാദ്ധ്യത്തിനു കർമ്മത്തിലേർപ്പെടുന്നു.

കർമ്മങ്ങൾ നല്ലതോ ചീത്തയോ ആയ ഫലങ്ങളുണ്ടാക്കുന്നു. അത് വീണ്ടും വീണ്ടുമുള്ള ജന്മങ്ങൾക്ക് വഴിവെക്കുന്നു. ഇതാണ് ഭാഷ്യകാരൻ പറയുന്ന

അവിദ്യാകാമ കർമ്മ

രൂപത്തിലുള്ള ഗ്രന്ഥി .

വേറെ വിധത്തിൽ പറയുകയാണെങ്കിൽ ഹൃദ് എന്നാൽ അഹങ്കാരം , അയം എന്നാൽ യഥാർത്ഥത്തിലുള്ള ഞാനെന്ന സാക്ഷിചൈതന്യം. ഹൃദ് എന്ന ജഡമായ ദൃശ്യവും അയം എന്ന ചേതനമായ ദൃഗും തമ്മിലുള്ള ( അതായത് ഹൃദും അയവും ) അവിദ്യാരൂപത്തിലുള്ള പരസ്പരാദ്ധ്യാസത്തെയും ഹൃദയഗ്രന്ഥി എന്നു വിളിക്കാവുന്നതാണ്. പിന്നേയും ഒരു തരത്തിൽ കൂടെ ഹൃദയഗ്രന്ഥിയുടെ അർത്ഥം പറയാറുണ്ട്. അതിൽ ഹൃദ് എന്നാൽ ആത്മാവ് , അയം എന്നാൽ കാണപ്പെടുന്ന ശരീരം. രണ്ടു തമ്മിലുള്ള അവിദ്യാത്മകമായ പരസ്പരാദ്ധ്യാസവും ഹൃദയഗ്രന്ഥിയുടെ രൂപത്തിൽ ജീവനെ ബന്ധിക്കുന്നു.

തികച്ചും പ്രായോഗികതലത്തിൽ , ഹൃദയഗ്രന്ഥിയെന്നാൽ ചിന്തകളുടെ ഫാക്ടറിയാണ്. ചിന്തകൾ നിർമ്മിക്കപ്പെടുന്ന യന്ത്രമാണ് അന്തഃകരണം. ആത്മജ്ഞാനം ലഭിക്കുന്നതോടെ ആ യന്ത്രത്തിന് അനധികൃതമായി ലഭിച്ചിരുന്ന വൈദ്യുതീബന്ധം വിഛേദിക്കപ്പെടുന്നു. അന്തഃകരണം ചിന്തകളുടെ നിർമ്മാണം നിർത്തി നിശ്ചലമായിത്തീരുന്നു.

അടുത്തതായി പറയുന്നു , 'ഛിദ്യന്തേ സർവ്വസംശയാഃ.' എല്ലാ സംശയങ്ങളും നശിക്കുന്നു. ഈ സംശയങ്ങൾ പ്രധാനമായും പ്രമാണഗതസംശയങ്ങൾ , പ്രമേയഗതസംശയങ്ങൾ എന്നിങ്ങനെ രണ്ടുതരത്തിലാണ്. അവയിൽ പ്രമാണഗതസംശയമെന്നാൽ എന്തെന്നു നോക്കാം. ആത്മാവ് അതീന്ദ്രയമായതിനാൽ ആത്മാവിനെ അറിയാൻ പ്രത്യക്ഷം , അനുമാനം എന്നീ പ്രമാണങ്ങൾ ഫലപ്രദങ്ങളല്ല. ആത്മാവിന് ശ്രുതിവാക്യങ്ങളാണ് പ്രമാണമായിട്ടുള്ളത്. അവ തനിക്കു ബ്രഹ്മജ്ഞാനം തരാൻ പ്രാപ്തമാണോ എന്നു തരത്തിലുള്ള സംശയമാണ് പ്രമാണഗതസംശയം. ഏതു പ്രമാണവും ശരിക്കും പ്രവർത്തിക്കുന്നുണ്ടോ

എന്നറിയാൻ അത് പ്രയോഗത്തിൽ കൊണ്ടു വന്നേ പറ്റൂ. കണ്ണടച്ചിരുന്നു കണ്ണ് എന്ന പ്രമാണം പ്രവർത്തിക്കുന്നുണ്ടോ എന്നറിവാനാവില്ലല്ലോ. അതു പോലെ ശ്രുതിപ്രമാണത്തിനു സത്യസന്ധമായ അവസരം കൊടുക്കണം. അതായത് യോഗ്യനായ ഒരു ഗുരുവിൽ നിന്ന് മഹാവാക്യത്തിന്റെ അർത്ഥനിർണ്ണയം കേൾക്കണം. ആത്മാർത്ഥയോടെയും ശ്രദ്ധയോടെയും ശ്രവണം ചെയ്താൽ പ്രമാണം ഉദ്ദേശിക്കുന്ന ഫലം ചെയ്യുമെന്നുറപ്പാണ്. മിക്കപ്പോളും പ്രമാണം ജ്ഞാനത്തിൽ കലാശിക്കാതിരിക്കാ നുള്ള കാരണം , പ്രമാണത്തിന്റെ കുറ്റമായിരിക്കില്ല. പ്രമാതാവിന്റെ ദോഷമായിരിക്കും. മുന്നിലുള്ള വസ്തുവിനെ കാണാൻ പറ്റാതെ വരുന്നത്, മിക്കപ്പോളും കണ്ണിന്റെ ദോഷമല്ല. കണ്ണിനു പുറകിലുള്ള മനസ്സ് വേറെയെവിടെയോ വ്യാപൃതമായതിനാ ലാണ്. അതു പോലെ 'തത്വമസി 'മഹാവാക്യം എല്ലാവരിലും ഒരു പോലെ പ്രവർത്തിക്കാത്തത് , മുമുക്ഷുവിന്റെ മാനസികമായ തയ്യാറെടുപ്പിന്റെ പോരായ്മയാണ്.

അടുത്തതായി പ്രമേയഗതസംശയമാണ്. ജീവബ്രഹ്മൈക്യമാണല്ലോ വേദാന്തത്തിന്റെ പ്രമേയം. നിസ്സാരനായ താൻ എങ്ങനെ ബ്രഹ്മമാവും എന്നാണ് പ്രമേയഗതസംശയത്തിന്റെ സ്വരൂപം. അത് ദേഹാത്മബുദ്ധി മുഴുവൻ വിട്ടുമാറാത്തതിനാലാണ്. ശാസ്ത്രസമ്മതമായ മനന ( പൂജിതവിചാരം) മാണതിന്റെ പ്രതിവിധി. ഇപ്പറഞ്ഞ രണ്ടാണ് ശ്രവണമനനങ്ങൾ

അടുത്തതായി പറയുന്നത് 'ക്ഷീയന്തേ ചാസ്യ കർമ്മാണി' എന്നാണ്. അതായത് ബ്രഹ്മസാക്ഷാത്ക്കാരം ലഭിച്ച ജ്ഞാനിക്ക് അനു ഭവിക്കേണ്ടതായി കർമ്മഫലങ്ങളൊന്നുമില്ല. കർമ്മങ്ങൾ സഞ്ചിതം, പ്രാരാബ്ധം, ആഗാമി എന്നിങ്ങനെ മൂന്നു വിധത്തിലാണ്. സഞ്ചിതകർമ്മങ്ങളെന്നു പറഞ്ഞാൽ കഴിഞ്ഞു പോയ കണക്കില്ലാത്ത ജന്മങ്ങളിൽ ചെയ്തു കൂട്ടിയ കർമ്മങ്ങളുടെ ഫലഭണ്ഡാരം. ബ്രഹ്മജ്ഞാനത്തിന്റെ ഉദയത്തിൽ സഞ്ചിതകർമ്മങ്ങൾ ഭസ്മീഭൂതമായിത്തീരും

സഞ്ചിതത്തിൽ ഫലഭുക്തിക്ക് പാകമായ കർമ്മ ഫലങ്ങളെ പ്രാരബ്ധകർമ്മങ്ങളെന്നു പറയും. ആ ഫലങ്ങളനുഭവിക്കാൻ തക്കതായ ശരീരത്തോടെയാണ് നാം പിറക്കുന്നത്. ജ്ഞാനപ്രാപ്തിയിൽ പ്രാരബ്ധകർമ്മം നശിക്കുമോ ? സാങ്കേതികമായി പറഞ്ഞാൽ നശിക്കില്ല.

പക്ഷേ കർമ്മഫലങ്ങളനുഭവിക്കേണ്ടത് ശരീരത്തിലൂടെയും മനസ്സിലൂടെയുമാണല്ലോ. ദേഹാദികളോട് താദാത്മ്യമില്ലാത്തതിനാൽജ്ഞാനിയെ സംബന്ധിച്ച് പ്രാരബ്ധം ഇല്ലാത്തതു തന്നെ. കാരണം ജ്ഞാനിക്കു താൻ ശരീരവും മനസ്സുമല്ലെന്ന വ്യക്തമായ ബോധമുണ്ട്.

ആഗാമി കർമ്മങ്ങളെന്നാൽ , ഈ ജന്മത്തിൽ ശേഖരിക്കാൻ ഇടയാവുന്ന കർമ്മഫലങ്ങൾ. കർത്തൃത്വബുദ്ധിയോടു കൂടി ചെയ്യുന്ന കർമ്മങ്ങൾ മാത്രമേ ജീവനു കർമ്മഫലങ്ങൾ കൊടുക്കൂ. ജ്ഞാനിക്ക് താൻ കർമ്മം ചെയ്യുന്നു എന്ന കർത്തൃത്വബുദ്ധിയില്ല. അതിനാൽ കർമ്മഫലങ്ങൾ ബാധിക്കുന്നില്ല. ജ്ഞാനപ്രാപ്തിക്കു മുൻപ് ഈ ജന്മത്തിൽ ചെയ്ത കർമ്മം സഞ്ചിതത്തിൽ ചേരും. ജ്ഞാനാഗ്നി അത് ഭസ്മമാക്കുമെന്ന് മുൻപു പറഞ്ഞുവല്ലോ.

31–ാ മത്തെ ഈ ശ്ലോകത്തോടെ സരസ്വതീ രഹസ്യോപനിഷത്തിന്റെ ഭാഷ്യം എന്ന നിലയിലുള്ള ദൃഗ് ദൃശ്യ വിവേകം എന്ന ഗ്രന്ഥം ഉപസംഹരിക്കപ്പെടുകയാണ്. ഇനി 46 വരെയുള്ള പതിനാലു ശ്ലോകങ്ങൾ ഇതുവരെ പറയപ്പെട്ട തത്ത്വങ്ങളുടെ പുനരവലോകനമാണ് ശ്രീവിദ്യാരണ്യമുനി ഒരു മുമുക്ഷു , ബ്രഹ്മസാക്ഷാത്ക്കാരത്തിലെത്താൻ ഏഴു ഘട്ടങ്ങളിലൂടെ കടന്നു പോകുന്നുണ്ടെന്നു പറയുന്നുണ്ട്. ദൃഗ് ദൃശ്യവിവേകം എന്ന ഈ ഗ്രന്ഥത്തിന്റെ ഭാഷയിൽ പറഞ്ഞാൽ , ശരിക്കും ദൃശ്യങ്ങളായ ദേഹാദികൾ ദൃഗ് ആണെന്ന ഭ്രാന്തിയെ നീക്കി ,

ഒരു മുമുക്ഷു തന്റെ യാഥാർത്ഥ്യമായ സാക്ഷിത്വം തിരിച്ചറിയുന്നതാണ് സാക്ഷാത്ക്കാരം.

അജ്ഞാനം, ആവരണം, വിക്ഷേപം, പരോക്ഷജ്ഞാനം, അപരോക്ഷജ്ഞാനം, ദുഃഖനിവൃത്തി , അളവില്ലാത്ത ആത്മസംതൃപ്തി എന്നിവയാണ് ആ ഏഴു ഭാവങ്ങൾ

അജ്ഞാനമാണ് ജഗത്ജീവഭ്രാന്തിക്കു മൂലകാരണം. ഈ ഗ്രന്ഥത്തിലെ ഒന്നു മുതൽ പതിനഞ്ചു വരെയുള്ള ശ്ലോകങ്ങളിൽ ആവരണം വിക്ഷേപം എന്നീ തത്ത്വങ്ങൾ വിവരിക്കുന്നു. പതിനാറു മുതൽ ഇരുപത്തിനാലു വരെയുള്ള ശ്ലോകങ്ങളിൽ പരോക്ഷജ്ഞാനത്തിന്റെ പ്രതിപാദനമാണ്. ഇരുപത്തിനാലു മുതൽ മുപ്പതു വരെയുള്ളവയിൽ പരോക്ഷജ്ഞാനം , ആറു തരം സമാധികളിലൂടെ എങ്ങനെ അപരോക്ഷമാക്കാമെന്നും അതിൽ എങ്ങനെ നിഷ്ഠ കൈവരിക്കാമെന്നും വിവരിക്കുന്നു.

ഇപ്പോൾ നാം നിരൂപിക്കുന്ന 31-ാ മത് ശ്ലോകത്തിൽ, ബ്രഹ്മനിഷ്ഠ എന്ന സ്ഥിതിയിലെത്തിച്ചേർന്നാലുള്ള പൂർണ്ണസംതൃപ്തിയെ പറ്റിയാണ് വിവരിക്കുന്നത്. ജീവന്റെ ദൃശ്യവുമായുള്ള താദാത്മ്യം അഥവാ പരിമിതമായ അസ്തിത്വത്തിൽ നിന്ന്, ദൃഗ് എന്ന യഥാർത്ഥമായ അസ്തിത്വത്തിലേക്കുള്ള പ്രയാണമാണ് നാം ഈ ഗ്രന്ഥത്തിൽ കണ്ടത്. സാക്ഷിയായ താൻ പരമാർത്ഥത്തിൽ ബ്രഹ്മം തന്നെയെന്നറിയുമ്പോളുണ്ടാവുന്ന സ്വതന്ത്രതയാണ് 'ഭിദ്യതേ ഹൃദയഗ്രന്ഥി' എന്ന പ്രയോഗത്താൽ അർത്ഥമാക്കുന്നത്.

അതായത് പരമിതികളോടും ദുഃഖത്തോടും നമ്മെ ബന്ധിക്കുന്ന മിത്ഥ്യാ ശൃംഗല പൊട്ടിപ്പോകുന്നു.

വിദ്യാരണ്യമുനി ഈ അവസ്ഥയെ ഇങ്ങനെ വർണ്ണിക്കുന്നു.

'ധന്യോഹം ധന്യോഹം
നിത്യം
സ്വാത്മാനമഞ്ജസാ വേത്മി
ധന്യോഹം ധന്യോഹം
ബ്രഹ്മാനന്ദോ വിഭാതി മേ
സ്പഷ്ടം

(ബ്രഹ്മത്തെ ഒരു മറയും കൂടാതെ ഞാനെന്നറിയുന്നു. എന്റെ കൃതാർത്ഥത അളവില്ലാത്തതാണ്)

*****

*സർവ്വതിലും ഉപരിയായി വിദ്യാർത്ഥികൾക്ക് സത്യസന്ധതയും വിനയവും ഉണ്ടായിരിക്കണം. ശരിയായ മാർഗ്ഗത്തിലൂടെയായിരിക്കണം അവരുടെ സഞ്ചാരം. ഉന്നതനായ ഒരാൾക്ക് തന്റെ ഔന്നത്യം നിലനിർത്താൻ ഏറ്റവും എളിമയോടെ ജീവിച്ചേ പറ്റൂ. ഹിന്ദു വിശ്വാസമനുസരിച്ച് വിദ്യാഭ്യാസ കാലഘട്ടം അവസാനിക്കുന്നതുവരെ ഒരു സന്യാസിയുടെ ജീവിതമാണ് വിദ്യാർത്ഥി നയിക്കേണ്ടത്. തികഞ്ഞ അച്ചടക്കം അവർ പാലിക്കണം. വിദ്യാർത്ഥി ജീവിതത്തിൽ വിവാഹം പാടില്ല. ദുർന്നടത്തവും അരുത്. മദ്യപാനം പോലെയുള്ള ദുശീലം ഒരിക്കലും ഉണ്ടായിരിക്കരുത്. മാതൃകാപരമായ ആത്മസംയമനത്തിന്റെ മാർഗ്ഗമാണ് അവൻ പിന്തുടരേണ്ടത്.*

ഹരിജന് - 7-9-1947

# അക്ഷരകുലപതിക്ക് പ്രണാമം

കെ. ബി. രമ – 9995612768

***എം ടി എന്ന അക്ഷരകുലപതി, ജ്ഞാനപീഠമേറിയ മഹാപ്രതിഭ, യാത്രയാകുമ്പോൾ ആ പൊൻ തൂലികയിൽ വിരിഞ്ഞ ഏതാനും കഥകളെയും നോവലുകളെയും ചലച്ചിത്ര ചാരുതുകളെയും സ്പർ ശിച്ചുകൊണ്ട്, ഹൃദയപൂർവ്വം, വിനയപൂർവ്വം, ഒരു സ്നേഹാഞ്ജലി.***

സ്വസ്ഥം സുഷുപ്തിയായ് അക്ഷരകുലപതി
'സ്വർഗ്ഗം തുറക്കുന്ന സമയമായീ'...
നിസ്തുലജ്ഞാനപ്രദീപ്തമാ തൂലിക
നിശ്ചലം നിത്യ സമാധിയായി.

എം ടി എന്നുള്ളൊരാ രണ്ടക്ഷരം വിരൽ
തൊട്ടതെല്ലാം പൂത്ത പൂങ്കാവനം...
വശ്യമാം ഭാവനാസാഗരം,
മുത്തണി മുഗ്ദ്ധമാം
നിളപോലെ വാക്പ്രവാഹം.

തീവ്ര ദുഃഖത്തിന്റെ ചൂളയിൽ ചിന്തകൾ,
'രക്തം പുരണ്ട മൺതരികളാ'യി
മുക്തി തൻ 'വാരണാസി'യ്ക്കകം ചേരുവാൻ
എത്ര 'കടവു'കൾ സാക്ഷിയായി.

'കാല'മാം വിസ്മയം, 'നിർമ്മാല്യ' നൊമ്പരം,
'നാലുകെട്ടിൻ' നേർത്തൊരാ ഗദ്ഗദം
'ഒരു ചെറുപുഞ്ചിരി ', 'ഉത്തരം','സദയ'വും,
ഒരുപോലെ മലയാള 'സുകൃത'മായി.

'ഓളവും തീരവും' 'വെയിലും നിലാവു'മായ്,
ഓതിയ കോമള കൗതുകങ്ങൾ..
'ഒരു വടക്കൻ വീരഗാഥ' തൻ ചേലുകൾ,
'ഓപ്പോൾ' തുടയ്ക്കുന്ന നീർമിഴികൾ.

'മഞ്ഞി'ന്റെ മഞ്ജിമയ്ക്കൊപ്പം തിളങ്ങുന്ന
'പഞ്ചാഗ്നി' തൻ കെടാ തീജ്വാലകൾ.
മോഹങ്ങളിൽ, മോഹഭംഗങ്ങളിൽ, വിധി
കോറുന്ന മായാ 'നഖക്ഷതങ്ങൾ'

'ആരണ്യക'ത്തിന്റെ പൂങ്കുയിൽപ്പാട്ടുകൾ
വീര 'പഴശ്ശി' തൻ നേർക്കാഴ്ചകൾ,
'പരിണയ' സ്മാർത്ത വിചാരങ്ങൾ,
ഒരു 'പെരും തച്ചനാം' അച്ഛന്റെ കൈപ്പിഴകൾ.

കണ്ടൂ 'വളർത്തുമൃഗങ്ങ'ളായ് ജന്മങ്ങൾ
തമ്പിൽ കുരുങ്ങുന്ന സങ്കടങ്ങൾ...
കണ്ടു 'രണ്ടാമൂഴ' ഭീമനിൽ ആത്മാവു
വിണ്ടു കീറീടുന്ന രോദനങ്ങൾ.

'ബന്ധന'മൊക്കെയഴിഞ്ഞു നിസ്സംഗനായ്
നന്ദനൻ യാത്രയ്ക്കൊരുങ്ങിടുമ്പോൾ
അന്ത്യമാം ചുംബനം നൽകുന്ന കൈരളി
നെഞ്ചകം വിങ്ങിക്കരഞ്ഞിടുന്നു.

നീങ്ങും 'വിലാപയാത്ര'യ്ക്കൊപ്പമാർദ്രമായ്,
തേങ്ങും മനസ്സുകൾ മന്ത്രിയ്ക്കയായ്,
ഏതി 'രുട്ടിന്റെ ആത്മാവിലും, അഭയ'മായ്
കഥകളുടെ നിധിയുമായ് വരിക വീണ്ടും.

******

കായത്തിൽ പറ്റീടുന്ന പങ്കങ്ങളശേഷവും
തോയത്തിൽ സ്നാനം ചെയ്താൽ
പോയിടുമതെന്നി
യേയുള്ളകത്തുളവാകും ദോഷങ്ങൾ പോകുന്നീല
ഉള്ളു നന്നാകാൻ രാഗദ്വേഷാദി പോയീടണം.

വ്യാസൻ



ഓം

**ജ്യോതിഷാചാര്യൻ: ജി. കെ. മേനോൻ**

**1200 – ഇടവമാസ ഫലം**

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

**Ernakulam Karayogam : ☎ 0484 - 2361160 8848036518, 9645683491**

(മേടക്കൂർ അശ്വതി ഭരണി കാർത്തിക ആദ്യ പാദം) സർക്കാരിൽ നിന്നും സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നവർക്ക് കാലം അനുകൂലമാകും. തറവാട് സ്വത്ത് ഭാഗം ചെയ്യാനോ വിൽക്കാനോ ഉദ്ദേശിക്കുന്നവർക്ക് അതിനുള്ള തടസ്സങ്ങൾ നീങ്ങി കിട്ടും. . മെയ് 15 ജൂൺ 9 10, 11 തിയതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ ആ ദിവസങ്ങളിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടത് നല്ലതാണ്. ശിവക്ഷേത്ര ദർശ്ശനവും പഞ്ചാക്ഷരി മന്ത്രജപം നടത്തുന്നതും നല്ലതാണ്



( ഇടവക്കൂർ കാർത്തിക അവസാന മൂന്ന് പാദം രോഹിണി മകയിരം ആദ്യപകുതി) പൊതുവേ അനുകൂലമായ സമയമാണ് സാമ്പത്തികമായി മെച്ചപ്പെടും. ദീർഘകാലമായിട്ട് കിട്ടാതിരിക്കുന്ന അർഹതപ്പെട്ട പണം തിരികെ ലഭിക്കും വിദ്യാർത്ഥികൾക്ക് ഉന്നത വിജയം നേടുവാൻ സാധിക്കും. മെയ് 16, 17 തിയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങൾ ആയതിനാൽ ആ ദിവസങ്ങളിൽ ഒഴിവാക്കാൻ പറ്റാത്തപുതിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയോടെ ഇടപെടാവൂ. പഞ്ചാക്ഷരി മന്ത്രജപവും ശിവക്ഷേത്ര ദർശ്ശനവും നടത്തുക.



(മിഥുനക്കൂർ മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം) കുടുബാംഗങ്ങളുമായുള്ള പ്രശ്നങ്ങൾക്ക് പരിഹാരമാകും മാനസിക സംഘർഷങ്ങൾക്ക് പരിഹാരമുണ്ടാവും. വിദ്യാലാഭവും വാഹന ലാഭവും പ്രതീക്ഷിക്കാം. വസ്തു സംബന്ധമായ തർക്കങ്ങളിൽ മധ്യസ്ഥത വഹിക്കേണ്ടി വരും. മെയ് 19. 20 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. വ്യാഴാഴ്ച ദിവസങ്ങളിൽ ശ്രീകൃഷ്ണ ക്ഷേത്ര ദർശനവും വിഷ്ണു സഹസ്ര നാമജപവും നടത്തുക,



(കർക്കിടക്കൂർ പുണർതം അവസാന പാദം പൂയം ആയില്യം) സാമ്പത്തിക അഭിവൃദ്ധി ഉണ്ടാകും കർമ്മരംഗത്ത് ഉയർച്ചയും അംഗീകാരവും ലഭിക്കും. അർഹതപ്പെട്ട ധനം തടസ്സം കൂടാതെ കൈവശം വന്ന് ചേരും പുതുതായി വാഹനം വീട് തുടങ്ങിയവ വാങ്ങിക്കുവാൻ ഉദ്ദേശിക്കുന്നവർക്ക് അതിന് അവസരം ഉണ്ടാകും മെയ് 21, 22 ദിവസങ്ങൾ പൊതുവേ അനുകൂലമല്ലാത്തതിനാൽ പുതു സംരംഭാരഭത്തിന് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം ഗണപതി ക്ഷേത്രദർശനവും മന്ത്രജപവും ചെയ്യുന്നത് നല്ലതാണ്.



(ചിങ്ങക്കൂർ മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം ) സാമ്പത്തികപരമായ പ്രതിസന്ധിക്ക് പരിഹാരമാകും, ഭാഗ്യ പരിക്ഷണങ്ങൾ വിജയത്തിലെത്തും. തൊഴിൽ രംഗത്ത് അംഗീകാരം ലഭിക്കും കർമ്മരംഗത്ത് പ്രവൃത്തിക്ക് അനുസരിച്ചുള്ള പ്രതിഫലം ലഭിക്കുവാൻ പ്രയാസമായിരിക്കും. മെയ് 23, 24 തിയതികൾ അഷ്ടമ രാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ദേവീ ഗണപതി പ്രീതികരങ്ങളായ മന്ത്രജപങ്ങൾ നടത്തുന്നതും ക്ഷേത്രത്തിൽ ദർശ്ശനം നടത്തുന്നതും നല്ലതാണ്.



(കന്നിക്കൂർ ഉത്രം അവസാന മൂന്നാം പാദം അത്തം ചിത്തിര ആദ്യ പകുതി) ആഗ്രഹിച്ചിരുന്ന പല പ്രവർത്തികളും നിറവേറ്റാൻ സാധിക്കും കർമ്മ രംഗത്ത് ഉണ്ടായിരുന്ന തടസ്സങ്ങൾ നീങ്ങി അനുകൂല ഫലങ്ങൾ ലഭിക്കും, അപ്രതീക്ഷിത ഭാഗ്യങ്ങൾ ഉണ്ടാവും, ദാമ്പത്യ കലഹത്തിന് പരിഹാരമാകും. അലർജി സംബന്ധമായ ഉദരരോഗത്തിന് സാധ്യത ഉള്ളതിതാൽ ഭക്ഷണ കാര്യത്തിൽ ശ്രദ്ധിക്കണം. മെയ് 25, 26 ദിവസങ്ങൾ അനുകൂലമല്ല. ദേവീ ക്ഷേത്ര ദർശ്ശനവും ദേവീ പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും നടത്തുക.



തുലാക്കൂർ ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന് പാദം.) വിദ്യാർത്ഥികൾക്ക്. വിദ്യാഭ്യാസ വിഷയങ്ങളിൽ ഭാഗ്യാനുഭവങ്ങൾ ഉണ്ടാകാം. കർമ്മരംഗത്ത് കലഹങ്ങൾക്ക് സാധ്യത ഉണ്ട്. നേത്രരോഗവും ഉദരരോഗവും ഉള്ളവർ രോഗം മൂർഛരിക്കാതിരിക്കാൻ ശ്രദ്ധിക്കണം. മെയ് 27, 28 തിയതികൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. വൈഷ്ണവ ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.



(വൃശ്ചികക്കൂർ വിശാഖം അവസാന പാദം. അനിഴം തൃക്കേട്ട ) വിദ്യാർത്ഥികൾക്ക് അനുകൂല ഫലങ്ങൾ പ്രതീക്ഷിക്കാം.സാമ്പത്തിക പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ ആശ്വാസമാകും. കർമ്മരംഗത്ത് ഗുണകരമല്ലാത്ത ചില പ്രശ്നങ്ങൾ ആരംഭിക്കാൻ സാധ്യത. ദാമ്പത്യ കലഹത്തിനും അകന്ന് കഴിയുന്നതിനും സാധ്യത ഉള്ളതിനാൽ. കരുതലോടെ പങ്കാളികളുമായി ഇടപഴകണം. മെയ് 29, 30 .ദിവസങ്ങൾ അഷ്ടമ രാശിക്കൂർ നക്ഷത്രങ്ങളായതിനാൽ പുതു സംരംഭങ്ങൾക്ക് സ്വീകരിക്കരുത്.ശ്രീകൃഷ്ണക്ഷേത്ര ദർശ്ശനവും ഭാഗ്യസൂക്താർച്ചനകളും ഭഗവത് പ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നത് നല്ലതാണ്.



(ധനു മൂലം പൂരാടം ഉത്രാടം ആദ്യ പാദം. ) തൊഴിൽ പരമായും ദാമ്പത്യപരമായും ഉള്ള പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ ഉണ്ടാവും. അപ്രതിക്ഷിത ഭാഗ്യദോഷങ്ങൾക്ക് സാധ്യത ഉണ്ട്. എല്ലാ മേഖലയിലും ശത്രുക്കൾ വർദ്ധിക്കുമെങ്കിലും ഈശ്വരാനുഗ്രഹം കൊണ്ട് ശത്രു വിജയം നേടും. സന്താനങ്ങളെ കുറിച്ചുള്ള ചിന്തകളും വസ്തു സംബന്ധമായ പ്രശ്നങ്ങളും മനസ്സിനെ അലട്ടും മെയ് 30 ജൂൺ 1 അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ പുതുതായി ആരംഭിക്കുന്ന നല്ല കാര്യങ്ങൾക്ക് സ്വീകരിക്കാതിര്ക്കുന്നതാണ് ഉത്തമം. സർപ്പ പ്രീതികരമായ വഴി പാടുകൾ നടത്തുക



(മകരം ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യ. പകുതി) പൊതുവെ മാസം അനുകൂലമായിരിക്കില്ല. ബന്ധുക്കളുമായുള്ള അഭിപ്രായ വ്യത്യാസം വർദ്ധിക്കും പുതിയ വാഹനം വാങ്ങിക്കുന്നതിനെ കുറിച്ചും ഗൃഹനിർമ്മാണത്തിനെ കുറിച്ചുമുള്ള ചിന്തകൾ പരിശ്രമത്തിലേക്ക് എത്തും. ജൂൺ 2, 3 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. ചൊവ്വാ വെള്ളി ദിവസങ്ങളിൽ ദേവീക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



(കുംഭം അവിട്ടം അവസാന പകുതി ചതയം പൂരുരുരുട്ടാതി ആദ്യ മൂന്ന് പാദം) പ്രവൃത്തി രംഗത്ത് ഉണ്ടായ തടസ്സങ്ങൾ നീങ്ങും ബുദ്ധിപരമായും സാമർത്ഥ്യത്തോടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നത് ഫലത്തിലെത്തും. ബന്ധുക്കളുമായി അകൽച്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കണം. ജൂൺ 5, 6 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ദേവിക്കും, സർപ്പത്തിനും പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുകയും ക്ഷേത്ര ദർശ്ശനം നടത്തുകയും ചെയ്യുന്നത് നല്ലതാണ്.



(മീനം പൂരുരുട്ടാതി അവസാന പാദം ഉത്രട്ടാതി രേവതി ) പങ്കാളികൾ മുഖാന്തിരവും കുടുംബത്തിൽ നിന്നും ധനലാഭം പ്രതീക്ഷിക്കാം.കർമ്മരംഗത്ത് കഠിന പ്രയത്നം വേണ്ടി വരും ധനം വാക്ക് എന്നിവ മൂലം ദാമ്പത്യ കലഹം ഉണ്ടാകാതിരിക്കുവാൻ ബുദ്ധിപൂർവ്വം പരിശ്രമിക്കേണ്ടി വരും. ശിരോരോഗ സാധ്യത കരുതിയിരിക്കുക. ജൂൺ 8,9 ദിവസങ്ങൾ അത്ര ഗുണകരമല്ലാത്തതിനാൽ പുതിയ സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. സർപ്പപ്രീതി ഗണപതി ക്ഷേത്ര ദർശനം എന്നിവ നടത്തി ദുരിത ശാന്തി വരുത്തുക



***ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!***

# MANGALYAM MATRIMONIAL

for the better half of your life....

## വരനെ ആവശ്യമുണ്ട്

Nair Girl, 28yrs/154cm, Chothi, MDS MAXILOFACIAL SURGON, Hairo - craft Mob:9446135259, 9440978380

Email:venugpl78@gmail.com
Date of Birth: 26-3-1997(3.21pm)
Sishta Dasa:

| | | | |
|---|---|---|---|
| രബു ശു മ ശി | | | മാ |
| | ഗ്രഹനില & അംശകം | | ല |
| ഗു | | | കു |
| | | ച | സ |

Left of chart: ബു ല സ; കു
Right of chart: ഗു; ശി; ശു
Below chart: ച മാ; മ; ര

Contact Address:
MR.VENUGOPAL M G
VISHNUPADHAM
THURUTHISSERY
MEKKAD
PIN - 683589

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 29yrs/182cm,Atham, PGDM (IIM,Trichi), Trafigura International Trading Corporation Pvt Ltd, Mob:8007040140

Email:nandunagpurwcl@gmail.com
Date of Birth: 23-10-1995(9.55am)
Sishta Dasa:

Above chart: ല; ശുശി; മ; ബു

| | | | |
|---|---|---|---|
| | ശി | | |
| മ മാ | ഗ്രഹനില | | |
| | & അംശകം | | |
| | കു ലഗു | ര സശു | ച ബു |

Left of chart: ഗു മാ
Right of chart: ച; കു
Below chart: ര; സ

Contact Address:
MR.NANDKUMAR NAIR
NANDANAM
PANDALAM P. O
PATHANAMTHITTA - 689501


**THOTTEKKATT DIWAN'S MEMORIAL A/C HALLS**

1. TDM HALL GANGA
2. TDM HALL PERIYAR (DINING HALL)
3. TDM HALL KAVERY
4. TDM HALL SOORYA (DINING HALL)
5. TDM HALL YAMUNA
6. TDM HALL NILA (DINING HALL)
7. TDM HALL PAMBA
8. TDM HALL NARMADA
9. TDM HALL SARASWATHY (DINING HALL)
10. TDM HALL GODAVARY (CONFERENCE HALL)
11. TDM HALL KRISHNA (EXHIBITION HALL)
12. TDM HALL SARAYU

For Details Contact: 0484 2361160, 9447171160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com

www.karayogammangalyam.com
എന്ന വെബ്സൈറ്റ് വഴി
എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ,
ഉത്തമ പങ്കാളിയെ കണ്ടെത്തു.



www.karayogammangalyam.com
എന്ന വെബ്സൈറ്റ് വഴി എറണാകുളം കരയോഗം
മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ, ഉത്തമ പങ്കാളിയെ കണ്ടെത്തു.



കൂടുതൽ വിവരങ്ങൾക്ക്:- Ph: 0484 2361160 (Extn.115),



**പൂജ്യശ്രീ സ്വാമി ആനന്ദവനം ഭാരതി മഹാരാജിന്റെ ആദ്യപ്രഭാഷണം 2025 ഏപ്രിൽ 17-ാം തീയതി എറണാകുളം കരയോഗം ടിഡിഎം. ഹാളിൽ നടന്നു**



***എറണാകുളം കരയോഗം പി.എസ്. ഗോപി നാഥൻനായർ 17-ാമത് പരിസ്ഥിതി അവാർഡ് 2025 ഏപ്രിൽ 22 ഭൗമദിനത്തിൽ ശ്രീ. മുരുകേശൻ ടി.പിയ്ക്ക് ടി.ഡി.എം. ഹാളിൽ വച്ച് വൈപ്പിൻ എം. എൽ.എ. ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ സമ്മാനിച്ചു.***



***വൈശാഖമാസത്തോടനുബന്ധിച്ച് എറണാകുളം കരയോഗം ടി.ഡി.എം. ഹാളിൽ വച്ച് 2025 ഏപ്രിൽ 28 ന് നടത്തിയ ഭഗവത് ഗീതാപാരായണം***




**എറണാകുളം കരയോഗത്തിന്റെ ഒരു വർഷം നീണ്ടുനിൽക്കുന്ന ശതാബ്ദി ആഘോഷങ്ങളുമായി സഹകരിച്ച് ബീം ഒരുക്കുന്ന നാടകോത്സവം മെയ് 30, 31, ജൂൺ 01 തീയതികളിൽ ടിഡിഎം. ഹാളിൽ**

**DATE OF PUBLICATION: 10-05-2025**

**RNI NO. KERMAL/2008/23515**
**REGISTERED NEWSPAPER**

**REGISTERED NO. KL/EKM/761/2025-27**
**LICENSE NO. KL/CR/EKM/WPP-3/2025-27**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 17 | MAY- 2025 | Issue No. 05

## എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പ്

**'എറണാകുളത്തപ്പന്റെ കഥ ചുരുളഴിയുന്നു'**

അവതരണം - അനുരാധ ഹാരിഷ് - എറണാകുളത്തപ്പന്റെ ഭക്ത
2025 മെയ് 17 ശനിയാഴ്ച വൈകുന്നേരം 5.00 മണി മുതൽ
6.00 മണി വരെ. ടി.ഡി.എം. ഹാളിൽ
ഏവർക്കും സ്വാഗതം



## എറണാകുളം കരയോഗം സാംസ്ക്കാരിക വിഭാഗം

**അകായിലെ സംഗീതം**

**യുഗ്മഗാനങ്ങൾ**

2025 മെയ് 18 ഞായറാഴ്ച വൈകുന്നേരം 4.00 മണിക്ക് ടി.ഡി.എം. ഹാളിൽ
ഏവർക്കും സ്വാഗതം



## എറണാകുളം കരയോഗം സാഹിതി യോഗം

വിഷയം:

**രാജലക്ഷ്മി - സ്ത്രീ മനസ്സിന്റെ കഥാകാരി**

അവതരണം- ശ്രീ. ഹരിഹര നന്ദനൻ
2025 മെയ് 25 ഞായറാഴ്ച രാവിലെ 10.30.ടി.ഡി.എം. ഹാളിൽ
ഏവർക്കും സ്വാഗതം

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi - 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan Nair. Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.